# പഞ്ചായത്ത് രാജ്

പുസ്തകം 53 ◆ ലക്കം 01 പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം ഏപ്രിൽ 2013

ഭരണഭാഷ മാതൃഭാഷ

## ഏപ്രിൽ 24 അനുസ്മരണം

പഞ്ചായത്തുകൾക്ക് ഭരണഘടനാ പദവി ലഭ്യമാക്കിയ ദിനം






2013
ഏപ്രിൽ 23,24
കോഴിക്കോട്

## സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷവും സ്വരാജ് ട്രോഫി വിതരണവും



## തദ്ദേശ ഭരണ പദ്ധതികൾ കാര്യക്ഷമം സുതാര്യം

ഡോ. എം.കെ. മുനീർ

‘നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ’



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**





പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 ഗ്രാമപഞ്ചായത്തുകളെ കൂടുതൽ സേവനോന്മുഖമാക്കും
ഡോ. എം. കെ. മുനീർ






8 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ 28–ാം സംസ്ഥാന പൊതുയോഗം
സൂപ്പി നരിക്കാട്ടേരി



11 2013–14 ലെ സംസ്ഥാന ബഡ്ജറ്റ് പഞ്ചായത്തുകളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ
എം.വി തോമസ്



12 ഗ്രാമ സഭ പ്രാദേശിക ജനകീയ ഭരണതലം ഭാഗം 3
പി. റ്റി. മാത്യു



15 വസ്തു നികുതിയും ഭേദഗതി നിയമവും ചട്ടങ്ങളും പിന്നെ 2013 ഏപ്രിൽ ഒന്നും
ജോൺ.എസ്. ജയിംസ്

18 പാരിസ്ഥിതിക അവബോധം ഗ്രാമ തലങ്ങളിൽ
പി. കെ രാജഗോപാൽ, അഷ്ടമുടി



21 നാം അറിയേണ്ട ലോകം

22 നിർമ്മാണ പ്രവർത്തനങ്ങളും സദ്ഭരണവും
കെ.സി. സുബ്രഹ്മണ്യൻ



25 വിവരാവകാശ നിയമത്തിന് മുമ്പ് അറിയാനുള്ള അവകാശം നിയമപരമാക്കിയ കേരള പഞ്ചായത്ത് രാജ് നിയമം
കെ.ജി ഹരിതം

26 ഇ–ഗവേണൻസ് വാർത്തകൾ

28 സംശയങ്ങളും മറുപടികളും
ഉദയഭാനു കണ്ടേത്ത്



30 ആഹാരത്തിനും ആദായത്തിനും കൂൺ
റാഫി. എസ്

31 ഗ്രാമപഞ്ചായത്തുകൾക്കുള്ള സംസ്ഥാന ബജറ്റ് വിഹിതം – ഒരു പഠനം
ഡോ. സി. പ്രദീപ്

34,38 ശ്രുതി തരംഗം സമാനതകളില്ലാത്ത ജീവകാരുണ്യം
കെ.എ.മുജീബ്, വയനാട്



35 മഹാനഗരിയുടെ സ്പന്ദനമായി മെട്രോ ട്രെയിൻ സർവ്വീസ്
റോയ് ചാക്കോ ഇളമണ്ണൂർ



39 ബാലവേല കേരളം നേരിടുന്ന പുതിയ വെല്ലുവിളികൾ
അജിത്ത് വെണ്ണിയൂർ





ഏപ്രിൽ 23,24 2013

# സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷവും സ്വരാജ് ട്രോഫി വിതരണവും

പഞ്ചായത്തുകൾക്ക് ഭരണഘടനാ പദവി നൽകിയ 73-ാം ഭേദഗതി പ്രാബല്യത്തിൽ വന്ന ഏപ്രിൽ 24-ാം തീയതിയെ സ്മരിച്ചു കൊണ്ട് കേരളത്തിൽ സംസ്ഥാന തല പഞ്ചായത്തു ദിനാഘോഷം 2013 ഏപ്രിൽ 23,24 തീയതികളിൽ കോഴിക്കോട് ഗുജറാത്തി ഹാളിൽ (ബൽവന്തറായ് മേത്ത നഗർ) വച്ച് വിവധ പരിപാടികളോടെ നടത്തപ്പെടുകയാണ്. 2012 മുതലാണ് ഏപ്രിൽ 24ന് പഞ്ചായത്തു ദിനാഘോഷം ആരംഭിച്ചത്. അതിനു മുമ്പ് പഞ്ചായത്ത് രാജിന്റെ ഉപജ്ഞാതാവ് എന്നറിയപ്പെട്ടിരുന്ന ബൽവന്ത്റായ് മേത്തയുടെ ജന്മദിനമായ ഫെബ്രുവരി 19നെ സ്മരിച്ചു കൊണ്ടായിരുന്നു പഞ്ചായത്തു ദിനാഘോഷം നടത്തിയിരുന്നത്.

മുഖ്യമന്ത്രി, നിയമ സഭാ സ്പീക്കർ, കേന്ദ്ര സംസ്ഥാന മന്ത്രിമാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥ പ്രമുഖർ തുടങ്ങിയവർ പങ്കെടുക്കുന്ന ആഘോഷ പരിപാടിയിൽ വിവധ സെഷനുകളിലായി സെമിനാറും, സംവാദവും സംഘടിപ്പിച്ചിട്ടുണ്ട്. സമ്മളനത്തിനോടനുബന്ധിച്ച് എക്സിബിഷനും കലാപരിപാടികളും ഉണ്ടായിരിക്കും. സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരും സെക്രട്ടറിമാരുമാണ് സമ്മേളന പ്രതിനിധികളായി എത്തിച്ചേരുന്നത്. പഞ്ചായത്തു ദിനാഘോഷ നടത്തിപ്പിനായി ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി.റ്റി. മാത്യു ചെയർമാനായും, കോഴിക്കോട് പഞ്ചായത്തു ഡെപ്പ്യൂട്ടി ഡയറക്ടർ എൻ. സുരേന്ദ്രൻ ജനറൽ കൺവീനറുമായി സ്വാഗത സംഘം പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തു ദിനാഘോഷ പരിപാടിയിൽ വച്ച് 2011-12 വർഷത്തെ മികച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള സ്വരാജ് ട്രോഫികളും മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച പ്രവർത്തനം കാഴ്ച വെച്ച ഗാമപഞ്ചയാത്തുകൾക്കുള്ള മഹാത്മാ പുരസ്കാരങ്ങളും വിതരണം ചെയ്യുന്നു.



## സ്വരാജ് ട്രോഫി

1995-96 വർഷം മുതൽ മികച്ച ഗ്രാമപഞ്ചായത്തുകളെ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും തെരെഞ്ഞെടുത്ത് ട്രോഫിയും ക്യാഷ് അവാർഡും സാക്ഷ്യ പത്രവും നല്കി ആദരിച്ചു വരുന്നു. എന്നാൽ 1996-97 മുതൽ മഹാത്മജി വിഭാവനം ചെയ്ത ഗ്രാമസ്വരാജിനെ അനുസ്മരിച്ചു കൊണ്ട് ട്രോഫിക്ക് സ്വരാജ് ട്രോഫി എന്നു നാമകരണം ചെയ്തു. 1999-2000 മുതൽ മുനിസിപ്പാലിറ്റികൾക്കും 2000-01 മുതൽ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയ്ക്കും സ്വരാജ് ട്രോഫി ഏർപ്പെടുത്തുകയുണ്ടായി.



ബൽവന്ത്റായ് മേത്ത

സംസ്ഥാനതലത്തിൽ മികച്ച ഗ്രാമപഞ്ചായത്തിന് സ്വരാജ് ട്രോഫിയും 25 ലക്ഷം രൂപ പ്രത്യേക പദ്ധതി സഹായധനമായും ലഭിക്കും. ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് സ്വരാജ് ട്രോഫിയും പദ്ധതി സഹായധനമായി 10 ലക്ഷം രൂപ വീതവും ലഭിക്കും. രണ്ടാം സ്ഥാനം നേടുന്ന പഞ്ചായത്തുകൾക്ക് സാക്ഷ്യപത്രവും കൂടാതെ പ്രത്യേക പദ്ധതി സഹായധനമായി 5 ലക്ഷം രൂപ വീതവും ലഭിക്കുന്നതാണ്. ഒന്നാം സ്ഥാനം നേടുന്ന മുനിസിപ്പാലിറ്റിക്കും ബ്ലോക്ക്പഞ്ചായത്തിനും സ്വരാജ് ട്രോഫിയും പദ്ധതി സഹായധനമായി 25 ലക്ഷം രൂപ വീതവും രണ്ടാം സ്ഥാനം നേടുന്ന സ്ഥാപനങ്ങൾക്ക് 15 ലക്ഷം രൂപ വീതവും മൂന്നാം സ്ഥാനം നേടുന്ന സ്ഥാപനങ്ങൾക്ക് 10 ലക്ഷം രൂപ വീതവും പദ്ധതി സഹായധനമായി ലഭിക്കുന്നതാണ്. മികച്ച മുനിസിപ്പൽ കോർപ്പറേഷനും ജില്ലാ പഞ്ചായത്തിനും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും നല്കിയാണ് ആദരിക്കുന്നത്.

## മഹാത്മാ പുരസ്കാരം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനും ഒരു പ്രോത്സഹാനമെന്ന നിലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാന തലത്തിൽ ഏർപ്പെടുത്തിയ അവാർഡാണ് മഹാത്മാപുരസ്കാരം. 2012 മുതൽ ഏർപ്പെടുത്തിയ പ്രസ്തുത അവാർഡ് സംസ്ഥാന തലത്തിൽ 1-ഉം, 2-ഉം, 3-ഉം സ്ഥാനങ്ങൾക്കും ജില്ലാതലത്തിൽ 1-ഉം, 2-ഉം സ്ഥാനങ്ങൾക്കും നൽകുന്നു. ■

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഏപ്രിൽ 2013
പുസ്തകം 53
ലക്കം 01
വാർഷിക വരിസംഖ്യ: ₹ 120
www.lsgkerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ
**വി.എസ്. സെന്തിൽ**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**എ. ഫിറോസ്**
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**എ. ഹാഷിം**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**എസ്. ലളിതാംബിക**, ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
**എസ്. ലളിതാംബിക**, ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**എ. ഹാഷിം**
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.





# ഗ്രാമ പഞ്ചായത്തുകൾ ചരിത്രം സൃഷ്ടിക്കുന്നു

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷം പിന്നിട്ടു രണ്ടാംവർഷ പദ്ധതി നിർവ്വഹണ ഘട്ടത്തിലേയ്ക്കു കടന്നിരിക്കുകയാണ് നമ്മുടെ ഗ്രാമപഞ്ചായത്തുകൾ. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി നടപ്പിലാക്കിയ പന്ത്രണ്ടാം പദ്ധതിയുടെ പ്രാരംഭ വർഷത്തിലെ ആസൂത്രണ പ്രക്രിയ - മുൻപദ്ധതി പ്രവർത്തനങ്ങളേക്കാൾ തികച്ചും വ്യത്യസ്ഥത പുലർത്തിയിരുന്നു. ആസൂത്രണത്തിലും നിർവ്വഹണത്തിലും സുതാര്യത ഉറപ്പുവരുത്താൻ കഴിഞ്ഞു എന്നുള്ളതു നേട്ടമായി കാണാം.

2012-13 സാമ്പത്തിക വർഷം പിന്നിട്ടപ്പോൾ കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം ശരാശരി 73 ശതമാനമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. ആദ്യവർഷ പദ്ധതി ആയതിനാലും, പദ്ധതി ആസൂത്രണ പ്രക്രിയയിൽ രീതിക്രമങ്ങൾ നടപ്പാക്കിയതിനാലും പുതിയ തരത്തിലേയ്ക്കു ആക്കിയതിനാലും പല ഗ്രാമ പഞ്ചായത്തുകളുടേയും പദ്ധതി പ്രവർത്തനം തുടക്കത്തിൽ മന്ദഗതിയിലായിരുന്നു. പക്ഷെ പിന്നീട് എല്ലാ തദ്ദേശ സ്ഥാപനങ്ങളും വളരെ വേഗത്തിൽ തന്നെ പുതിയ രീതി അവലംബിച്ചുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി. അതിന്റെ ഫലമായി തന്നെയാണ് 73% പദ്ധതി പണം ചെലവഴിക്കാൻ നമുക്കു സാധിച്ചത്.

പക്ഷെ ചുരുക്കം ചില ഗ്രാമപഞ്ചായത്തുകൾ പദ്ധതി നിർവ്വഹണത്തിൽ അലംഭാവം കാണിച്ചിട്ടുണ്ട്. അവരുടെ ചെലവ് 60% ശതമാനത്തിലും താഴെയാണ്. ഇതു വളരെ ഗൗരവത്തോടെ കാണേണ്ട വിഷയമാണ്. എന്നാൽ പതിനഞ്ചിലധികം ഗ്രാമപഞ്ചായത്തുകൾ 100 ശതമാനവും ചെലവഴിച്ച് അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചു. തികച്ചും അഭിനന്ദനാർഹരാണ് ഈ ഗ്രാമപഞ്ചായത്തുകൾ. ഇതിൽനിന്നും നമുക്കു മനസ്സിലാകുന്നത് ഭരണസമിതിയും ജീവനക്കാരും നിർവ്വഹണോദ്യോഗസ്ഥരും കൂട്ടായി ശ്രമിച്ചാൽ പദ്ധതി ചെലവ് നൂറ് ശതമാനമാക്കാൻ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും സാധിക്കും എന്നുള്ളതു തന്നെയാണ്. അതോടൊപ്പം രണ്ടാംവർഷ (2013-14) ത്തിലെ പദ്ധതികൾ ഏപ്രിൽ ഒന്നാം തീയതി തന്നെ ആരംഭിച്ച് ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ് സംസ്ഥാനത്തെ എട്ടോളം ഗ്രാമപഞ്ചായത്തുകൾ. ഈ രീതി എല്ലാ ഗ്രാമപഞ്ചായത്തുകളും മാതൃകയാക്കേണ്ടതാണ്. ഇനിയും രണ്ടാംവർഷ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാത്ത ഗ്രാമ പഞ്ചായത്തുകൾ മേയ് 31-നകം ആയത് പൂർത്തീകരിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങളും നിർദ്ദേശങ്ങളും നൽകിക്കഴിഞ്ഞിട്ടുമുണ്ട്.

അധികാര വികേന്ദ്രീകരണം തുടങ്ങി 16 വർഷമായി സാമ്പത്തിക വർഷം തുടങ്ങുമ്പോൾ തന്നെ പദ്ധതിയും തുടങ്ങണമെന്ന് ലക്ഷ്യമിട്ടിരുന്നു. എങ്കിലും എത്ര ശ്രമിച്ചാലും ഡിസംബറാകാതെ പദ്ധതി തുടങ്ങാനാവില്ല എന്നതായിരുന്നു സ്ഥിതി. എന്നാൽ ഏപ്രിൽ ഒന്നിനുതന്നെ പദ്ധതി തുടങ്ങാനാവുന്നത് കേരളത്തിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് വളരെയധികം അഭിമാനിക്കാൻ വക നൽകുന്ന പ്രവർത്തിയായി കാണുന്നു. അധികാര വികേന്ദ്രീകരണത്തിലൂടെ വികസന പ്രക്രിയയിൽ മാതൃകയായ നമ്മുടെ സംസ്ഥാനം സാമ്പത്തിക വർഷം ആദ്യ ദിനത്തിൽതന്നെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ച് വീണ്ടും മാതൃക സൃഷ്ടിച്ചിരിക്കയാണ്.

ഇനിയും രണ്ടാംവർഷ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ അവ നടപ്പിലാക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്നും രണ്ടാം വർഷ പദ്ധതി പൂർത്തീകരിക്കുന്നതിനു സാമ്പത്തിക വർഷം അവസാനംവരെ കാത്തിരിക്കാതെ 100 ശതമാനം പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രമിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ആയതിനുവേണ്ടി കൂട്ടായി പരിശ്രമിക്കാം.

# തദ്ദേശ ഭരണ പദ്ധതികൾ
# കാര്യക്ഷമം സുതാര്യം



**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങൾക്ക് ഡിജിറ്റൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിൽ ഇൻഫർമേഷൻ കേരള മിഷൻ വൻ വിജയമായി. ഐ.കെ.എം വികസിപ്പിച്ച് നടപ്പാക്കിയ സാംഖ്യാ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗിലൂടെ പഞ്ചായത്ത് കണക്കുകളിൽ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞു.**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി തുടക്കമിട്ട പഞ്ചവത്സര പദ്ധതിയുടെ പ്രഥമവർഷം കാര്യക്ഷമമായി പൂർത്തിയാക്കാൻ കഴിഞ്ഞു. നൂറ് ശതമാനം സുതാര്യത ഉറപ്പാക്കിക്കൊണ്ടാണ് അഭിമാനകരമായ ഈ നേട്ടം കൈവരിച്ചത്. സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ, ഉദ്യാഗസ്ഥർ, ഐ.കെ.എം ജീവനക്കാർ, പഞ്ചായത്ത് വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങി എല്ലാവരെയും ഞാൻ ഈ വിജയത്തിൽഹാർദ്ദമായി അഭിനന്ദിക്കുന്നു.

പഞ്ചവത്സര പദ്ധതി ഈ ഗവൺമെന്റിന്റെ സുദൃഢമായ ഒരു കാൽവയ്പായിരുന്നു. ആദ്യ രണ്ട്‌വർഷത്തെ പ്രോജക്ടുകൾക്ക് ഒരുമിച്ച് അംഗീകാരം നൽകുക വഴി രണ്ടാം വർഷത്തെ പ്രോജക്റ്റിന് ഏപ്രിലിൽ തന്നെ തുടക്കം കുറിക്കാൻ കഴിയുന്നു. ഇതോടെ പദ്ധതി രൂപീകരണത്തിലെയും നടത്തിപ്പിലെയും കാലതാമസം പൂർണ്ണമായും ഒഴിവാകുകയാണ്. ഫണ്ട് ലാപ്സാകുന്നില്ല എന്ന് മാത്രമല്ല പദ്ധതിയുടെ നിർവ്വഹണം പൂർണ്ണമാകുകയും ചെയ്യുന്നു. 'ടാഗ്' നിർത്തലാക്കിയതിലൂടെ കാലതാമസം ഒഴിവായി. പദ്ധതിയുടെ ഓൺലെൻ എൻട്രിയുടെ അംഗീകാരം മേലുദ്യോഗസ്ഥർക്ക് എപ്പോൾ എവിടെ വച്ചും നൽകാം. സമ്പൂർണ്ണ വിവരം ഓൺലൈനിൽ ലഭ്യമായതിനാൽ സുതാര്യതയും മോണിറ്ററിംഗും സൂക്ഷ്മമാകുന്നു. രൂപീകരണം മുതൽ നിർവ്വഹണം വരെ സോഫ്റ്റ്‌വെയർ അധിഷ്ഠിതമായതിനാൽ തെറ്റുകൾ ഒഴിവാക്കി കണക്കുകൾ കൃത്യമാക്കാം. ഇതുകൊണ്ടുതന്നെ തുടർ വർഷങ്ങളിൽ ആശയക്കുഴപ്പം ഉണ്ടാവില്ല. 1,80,000 പ്രോജക്റ്റുകൾ റെക്കോർഡ് വേഗത്തിൽ എൻട്രിനടത്തി അംഗീകാരം നേടി. ഇവയുടെ മൊത്തം അടങ്കൽ 8000 കോടി രൂപയിലധികം വരും. നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2012-13 മാർച്ച് 31 വരെ ഗ്രാമ പഞ്ചായത്തുകൾ 73.15%, ബ്ലോക്ക് പഞ്ചായത്തുകൾ 82%, ജില്ലാ പഞ്ചായത്തുകൾ 71% എന്നീ ക്രമത്തിൽ പ്ലാൻ ഫണ്ട് വിനിയോഗിച്ചു. ചെമ്പിലോട്, വൈത്തിരി, നൊച്ചാട്, പൂമംഗലം, കവിയൂർ, ആര്യാട്, കരൂർ, കടപ്ലാമറ്റം, മുത്തോലി,



**പഞ്ചവത്സര പദ്ധതി ഈ ഗവൺമെന്റിന്റെ സുദൃഢമായ ഒരു കാൽ വയ്പായിരുന്നു. ആദ്യ രണ്ട്‌വർഷത്തെ പ്രോജക്ടുകൾക്ക് ഒരുമിച്ച് അംഗീകാരം നൽകുക വഴി രണ്ടാം വർഷത്തെ പ്രോജക്റ്റിന് ഏപ്രിലിൽതന്നെ തുടക്കം കുറിക്കാൻ കഴിയുന്നു. ഇതോടെ പദ്ധതി രൂപീകരണത്തിലെയും നടത്തിപ്പിലെയും കാലതാമസം പൂർണ്ണമായും ഒഴിവാകുകയാണ്.**

കല്ലറ (കോട്ടയം), ചോറ്റാനിക്കര, മണീട്, എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തുകൾ 100 ശതമാനം പദ്ധതിത്തുക ചെലവാക്കി. 85 പഞ്ചായത്തുകൾ 90നും 100നും മധ്യേ ശതമാനം തുക വിനിയോഗിച്ചു. 63 പഞ്ചായത്തുകൾ 60% ൽ താഴെ തുക മാത്രമേ ചെലവഴിച്ചുള്ളൂ. തൃശൂർ ജില്ലാ പഞ്ചായത്ത് 97.5% തുക ചെലവഴിച്ച് ഒന്നാം സ്ഥാനത്തെത്തി.

തിരുവനന്തപുരം നഗരസഭ 80% തുക ചെലവിട്ടു. കൊച്ചി 70%ൽ അധികം ചെലവഴിച്ചു. തൃശ്ശൂർ, കൊല്ലം, കോഴിക്കോട് നഗരസഭകൾ 60 ശതമാനത്തിൽ താഴെ തുക മാത്രമാണ് വിനിയോഗിച്ചത്. മലപ്പുറം മുനിസിപ്പാലിറ്റി 100 ശതമാനം തുക ചെലവിട്ട് മുന്നിലെത്തി. 99 ശതമാനം തുക വിനിയോഗത്തോടെ ഏലൂർ തൊട്ടു പിന്നിലുണ്ട്. പതിനൊന്ന് മുനിസിപ്പാലിറ്റികൾ 90 ശതമാനത്തിലധികവും 20 എണ്ണം 60% ൽ താഴെയുമാണ് തുക ചെലവാക്കിയത്.

2013–14 വർഷത്തേക്കുള്ള പതിനായിരത്തിലധികം പദ്ധതികൾ സുലേഖ സോഫ്റ്റ് വെയറിൽ എൻട്രി നടത്തിക്കഴിഞ്ഞു. പത്തോളം പഞ്ചായത്തുകളിൽ നിർവ്വഹണം ആരംഭിക്കുകയും ചെയ്തു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങൾക്ക് ഡിജിറ്റൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിൽ ഇൻഫർമേഷൻ കേരള മിഷൻ വൻ വിജയമായി. ഐ.കെ.എം വികസിപ്പിച്ച് നടപ്പാക്കിയ സാംഖ്യാ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗിലൂടെ പഞ്ചായത്ത് കണക്കുകളിൽ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞു. പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ വിജയത്തിന് പൂരകമാം വണ്ണം സോഫ്റ്റ്‌വെയർ അധിഷ്ഠിത സേവനം നൽകുന്ന ഐ.കെ.എമ്മും പദ്ധതി വിജയത്തിന് നിർലോഭ പിന്തുണ നൽകിയ കാര്യം ശ്രദ്ധേയമാണ്. ■















# കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ 28–ാം ജനറൽ ബോഡി 2013 ഫെബ്രുവരി 18 ന് തിരുവനന്തപുരത്തെ അഹമ്മദ് കുരിക്കൾ പഞ്ചായത്ത് ഭവനിൽ വച്ച് നടന്നു. രാവിലെ 10 മണിക്ക് അസോസിയേഷൻ പ്രസിഡന്റ് പി.റ്റി. മാത്യു പതാക ഉയർത്തിയതോടെ സമ്മേളനം ആരംഭിച്ചു. തുടർന്ന് അസോസിയേഷൻ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിന്റെ ഉദ്ഘാടന യോഗത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം അഡ്വ. ഹക്കിം അനുശോചനപ്രമേയം അവതരിപ്പിച്ചു. അന്തരിച്ച മുൻ പ്രധാനമന്ത്രി ഐ.കെ.ഗുജ്റാൾ, കേരള ഗവർണർ ഒ.എച്ച്.ഫാറൂക്ക്, മന്ത്രി ടി.എം. ജേക്കബ് ഗ്രാമപഞ്ചായത്തു പ്രസിഡന്റുമാരായിരുന്ന പി.കെ. അലിയാർ (ഈരാറ്റുപേട്ട) കെ.എച്ച് ഹംസ(ശ്രീമൂലനഗരം) രാധാകൃഷ്ണപിള്ള (തഴവ) പത്മിനി സോമശേഖരൻ (വാമനപുരം) കെ.പി.എ.അസീസ് (രാമനാട്ടുകര) മോണിക്കാലാസർ (വിയപുരം) എൻ.സി. ജോർജ്ജ് (മരിയാപുരം) മുൻ ജനപ്രതിനിധികൾ, കല, സാഹിത്യ, സാംസ്കാരിക, രാഷ്ട്രീയ, സാമൂഹ്യ രംഗങ്ങളിലെ ശ്രദ്ധേയ വ്യക്തിത്വങ്ങൾ തുടങ്ങി അനേകം പേർ ഈ കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞു. അവരുടെ എല്ലാവരുടേയും പേരിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി നടത്തിയ സ്വാഗതപ്രസംഗത്തിൽ നിന്ന്– 2011–ൽ ഈ കമ്മിറ്റി അധികാരത്തിൽ വരുമ്പോൾ ഉന്നയിക്കപ്പെട്ട ബഹുഭൂരിപക്ഷം പ്രശ്നങ്ങളും പരിഹരിക്കാൻ കഴിഞ്ഞു, കുറേയേറെ പരിഹരിക്കാനും ഉണ്ട്. സ്റ്റാഫ് പാറ്റേണിൽ നമ്മൾ ആവശ്യപ്പെട്ട അത്രയും മാറ്റം വന്നില്ലെങ്കിലും, ഒരു അസിസ്റ്റന്റ് സെക്രട്ടറി, ഒരു ലോവർ ഡിവിഷൻ ക്ലാർക്ക്, വിട്ടുകിട്ടിയ ഉദ്യോഗസ്ഥനെ പൂർണമായും പഞ്ചായത്തിനായി ലഭിക്കുക എന്നീ മാറ്റങ്ങൾ പ്രശംസനീയം തന്നെ. പഞ്ചായത്തുകളുടെ ഗ്രേഡ് സംവിധാനം മാറ്റി, പഞ്ചായത്ത് സെക്രട്ടറിമാരെ ഗസറ്റഡ് ഓഫീസർമാരായി പ്രഖ്യാപിച്ചതും പദ്ധതി ആസൂത്രണപ്രക്രിയ ലഘൂകരിച്ചതും പഞ്ചായത്തുകൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകിയതും, ഓൺലൈൻ സംവിധാനം പ്രാവർത്തികമാക്കിയതും നമ്മുടെ പ്രവർത്തന നേട്ടമായി കാണണം. നമ്മൾ തയ്യാറാക്കി നൽകിയ കരട് സമീപനരേഖയെ അതേപടി ഉൾക്കൊണ്ടുകൊണ്ടാണ് ഗൈഡ്ലൈനിന് സർക്കാർ രൂപംനൽകിയത് എന്നതും അഭിമാനാർഹമാണ്. ഹോണറേറിയത്തിലെ വർദ്ധനവും, സിറ്റിംഗ് ഫീസ് ഇരട്ടിയാക്കിയതും ശ്രദ്ധേയമാണ്. നികുതി പരിഷ്കരണത്തിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തിയതും, താൽക്കാലിക എൻജിനിയർമാരെ വയ്ക്കാൻ അനുമതി നൽകിയതും എടുത്തുപറയേണ്ടതാണ്. ഇത്തരത്തിൽ നമ്മുടെ ആവശ്യങ്ങൾ അറിഞ്ഞ്, ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന സർക്കാരിനെയും വകുപ്പ് മന്ത്രിയെയും മുക്തകണ്ഠം നാം അഭിനന്ദിക്കണം.



# 28-ാം സംസ്ഥാന പൊതുയോഗം







പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചത് പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പ് മന്ത്രി **ഡോ. എം.കെ. മുനീർ** ആണ്. അദ്ദേഹത്തിന്റെ ഉദ്ഘാടന പ്രസംഗത്തിൽ നിന്ന്: 2012-13 കാലത്ത് ആസൂത്രണരംഗത്തെ മികവ് പരിശോധിച്ചാൽ അത് തെളിയിക്കുന്നത് പഞ്ചായത്തുകൾ സ്വയംപര്യാപ്തത കൈവരിച്ചു എന്നാണ്. ആശങ്കയോടെ ചില പഞ്ചായത്തുകൾ മടിച്ചു നിൽക്കുന്നതിൽ അർത്ഥമില്ല. അടുത്ത സാമ്പത്തികവർഷം നിലവിലുള്ളതിനേക്കാൾ 25% തുക കൂടുതൽ ലഭിക്കുകയാണ്. അതനുസരിച്ച് നാം ഉയരണം. ഗ്രാമപഞ്ചായത്തുകൾ സർക്കാരിന്റെ പ്രതിരൂപങ്ങളായി മാറുകയാണ്. ചില പഞ്ചായത്തുകൾ അസൂയാവഹമായ പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്. സി.എ.ജി. റിപ്പോർട്ട് അനുസരിച്ച് പ്രോജക്ടിന്റെ/പദ്ധതിയുടെ 30% മാത്രമേ തദ്ദേശഭരണസ്ഥാപനങ്ങൾ ചെലവഴിക്കുന്നുള്ളു. വരുംവർഷം ഏപ്രിൽ മുതൽ നമുക്ക് നിർവഹണത്തിന് അവസരം ലഭിക്കും. അപ്പോൾ ഈ ആക്ഷേപത്തിൽ നിന്നും മുക്തരാവാൻ ഉതകുന്ന തരത്തിൽ കരുതലോടെയുള്ള നിർവഹണം ഉണ്ടാവണം. വരുന്ന വർഷം ബജറ്റിനോടൊപ്പം പ്ലാനും അവതരിപ്പിക്കാൻ നമുക്ക് കഴിയണം. തുടക്കത്തിൽ ചില അസ്വസ്ഥതകൾ ഉണ്ടായി എങ്കിലും വളരെ വേഗത്തിൽ പഞ്ചായത്തുകൾ കമ്പ്യൂട്ടർ ഉപയോഗിച്ച് ഓൺലൈൻ വഴി കാര്യങ്ങൾ ചെയ്യാനുള്ള പ്രാപ്തിയിലേക്ക് എത്തിയത് കേരള ചരിത്രത്തിലെ ഒരു പുത്തൻ അദ്ധ്യായമാണ്. നിങ്ങളുടെ ആവശ്യാനുസരണം സ്റ്റാഫ് പാറ്റേണിൽ വലിയ ഒരു മാറ്റം വരുത്താൻ കഴിഞ്ഞു- ഇതിന്റെ ഭാഗമായി തുടക്കമെന്ന നിലയിൽ 1854 ഓളം തസ്തികകൾ സൃഷ്ടിച്ചു. ഇതിൽ 864 അസിസ്റ്റന്റ് സെക്രട്ടറിമാരുടെ തസ്തികകൾ വരുകയാണ്. എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടെ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ തയ്യാറാക്കാൻ സർക്കാർ നയപ്രഖ്യാപനത്തിൽ തന്നെ സൂചിപ്പിക്കപ്പെട്ടിട്ടുള്ളതാണ്. പഞ്ചായത്ത് ജനപ്രതിനിധികളുടെ പെൻഷൻ സംബന്ധിച്ച് ക്യാബിനറ്റിന്റെ ചർച്ചയ്ക്ക് വച്ചിരിക്കയാണ്. കേരളത്തിൽ നൂറിലേറെ പഞ്ചായത്തുകൾ മൈനസ് പഞ്ചായത്തുകളാണ്. അവരെ താൽക്കാലികമായി സഹായിക്കാനും, സ്വയംപര്യാപ്തതയിൽ എത്തിക്കാനും പ്രത്യേക പരിപാടികൾ വേൾഡ് ബാങ്കുമായി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ പുതുക്കിയ വെബ്സൈറ്റിന്റെയും ഇ-പത്രത്തിന്റെയും (നാട്ടുകാഴ്ച) പ്രകാശനകർമ്മം നിർവഹിച്ചുകൊണ്ട് ഗ്രാമവികസന-ആസൂത്രണ വകുപ്പ് മന്ത്രി **കെ.സി. ജോസഫ്** സംസാരിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകളെപ്പോലെ പഞ്ചായത്തുകൾക്കും പഞ്ചവത്സരപദ്ധതി ഉണ്ടാവണം. തൊഴിലുറപ്പ് പദ്ധതി വഴി വരൾച്ചയെ നേരിടാൻ, കുടിവെള്ള സംരക്ഷണം സാദ്ധ്യമാക്കാൻ നമുക്ക് കഴിയണം. അഴിമതിക്ക് എതിരെ പോരാടുന്നതിൽ, പദ്ധതി നിർവഹണത്തിൽ ഒക്കെ മെച്ചപ്പെട്ട പ്രവർത്തനവും സഹകരണവും ഉണ്ടാവണം എന്ന് പഞ്ചായത്ത് ജനപ്രതിനിധികളോട് അദ്ദേഹം ആവശ്യപ്പെട്ടു.












25 വർഷക്കാലം പഞ്ചായത്ത് പ്രസിഡന്റുമാരായിരുന്ന മോയിൻകുട്ടി മൗലവി (മലപ്പുറം ജില്ലയിലെ പുളിക്കൽ പഞ്ചായത്ത്), പി.വി. സെയ്ദ് (കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി പഞ്ചായത്ത്) എന്നിവരെ പ്രതിപക്ഷനേതാവ് **വി.എസ്. അച്ചുതാനന്ദൻ** പൊന്നാടയും മൊമന്റോയും നൽകി ആദരിച്ചു. പഞ്ചായത്തുകൾക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കാനായി സർക്കാർ സ്വീകരിച്ച നടപടി ശ്ലാഘനീയമാണ്. ഭക്ഷ്യോത്പാദനം, മാലിന്യസംസ്കരണം, ജലസംരക്ഷണം എന്നിവയിൽ പഞ്ചായത്തുകൾ പ്രത്യേകം ശ്രദ്ധിക്കണം. ജനങ്ങൾക്ക് കൂടുതൽ സൗകര്യവും മെച്ചപ്പെട്ട ജീവിതവും എന്ന അധികാര വികേന്ദ്രീകരണത്തിന്റെ സത്ത തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചു.

പഞ്ചായത്ത് ഡയറക്ടർ എസ്. ലളിതാംബിക ഐ.എ.എസ്, ഐ.കെ.എം. ഡയറക്ടർ ഡോ. എം. ഷംസുദീൻ, കില ഡയറക്ടർ ഡോ. പി.പി. ബാലൻ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. നമ്മുടെ അയൽ സംസ്ഥാനമായ കർണാടകയിലും, പിന്നെ പഞ്ചാബിലും പഞ്ചായത്തിന് കൈമാറിയ ഉദ്യോഗസ്ഥർക്ക് ശമ്പളം നൽകുന്നത് പഞ്ചായത്തുകൾ വഴിയാണ്. ഇത് ദ്വിമാന നിയന്ത്രണം ഒഴിവാക്കാൻ വളരെ സഹായകമാണെന്ന് അവിടത്തെ അനുഭവങ്ങൾ തെളിയിക്കുന്നു. ഹിമാചൽ പ്രദേശിൽ ഉള്ളതുപോലെ ജുഡീഷ്യൽ അധികാരവും, ഗുജറാത്തിൽ ഉള്ളതുപോലെ റവന്യൂ ഉദ്യോഗസ്ഥരുടെ മേലുള്ള നിയന്ത്രണവും നമ്മുടെ പഞ്ചായത്തുകൾക്കും ലഭിക്കേണ്ടതുണ്ട്. പല രാജ്യങ്ങളിലും നിലനിൽക്കുന്നതുപോലെ പോലീസിന്റെ മേലുള്ള അധികാരവും ഉത്തരവാദിത്വവും കൂടി നമുക്ക് ലഭിക്കേണ്ടതുണ്ട്. കൂടാതെ ഗൈഡ്‌ലൈൻ ഇല്ലാത്ത അവസ്ഥയിലേക്ക് ഉയരാനും നമുക്ക് കഴിയണം. അപ്പോഴാണ് നാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായി മാറുന്നത്.

ഉദ്ഘാടന സെഷനുശേഷം നടന്ന പൊതുസമ്മേളനത്തിന്റെ സ്വാഗതം അസോസിയേഷൻ വൈസ്പ്രസിഡന്റ് അഡ്വ. പന്തളം പ്രതാപൻ നിർവഹിച്ചു. തുടർന്ന് ജനറൽ സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിക്കുകയും ഓരോ ജില്ലയിൽ നിന്നും ഓരോ പ്രതിനിധികൾ വീതം ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുകയും ചെയ്തു. ചർച്ചയിൽ ഉയർന്നു വന്ന സംശയങ്ങൾക്ക് പ്രസിഡന്റ് മറുപടി പറഞ്ഞു. സെക്രട്ടറി നസീർ നന്ദി രേഖപ്പെടുത്തി.

**ജലകർമ്മസേന ഉദ്ഘാടനം** ജലവിഭവ വകുപ്പും സി.സി.ഡി.യു.വും കേരളഗ്രാമ പഞ്ചായത്ത് അസോസിയേഷനും സംയുക്തമായി ജലസംരക്ഷണത്തിന് ഏറ്റെടുത്ത പരിപാടിയുടെ തുടക്കമെന്ന നിലയിൽ 'ജലകർമ്മസേന'യുടെ ഔദ്യോഗിക ഉദ്ഘാടനകർമ്മം നിർവഹിച്ചത് കേരള മുഖ്യമന്ത്രി **ഉമ്മൻചാണ്ടി** ആയിരുന്നു. വരൾച്ചയും അതുമൂലമുണ്ടാകുന്ന കെടുതികളും നമ്മുടെ നിയന്ത്രണങ്ങൾക്കും അപ്പുറമാണ്. എന്നാൽ കെടുതിയുടെ കാഠിന്യം കുറയ്ക്കാൻ കരുതലോടെയുള്ള നമ്മുടെ ഇടപെടൽ കൊണ്ട് സാധിക്കും. ജനങ്ങളോട് ഉത്തരവാദിത്വമുള്ള ജനപ്രതിനിധികൾ എന്ന നിലയ്ക്ക് കൈകോർത്തുപിടിച്ച് നമുക്ക് ഒറ്റക്കെട്ടായി ഇത്തരം പ്രതിസന്ധികളെ നേരിടാം. ജനങ്ങൾക്ക് പഞ്ചായത്തുകളെക്കുറിച്ചും സർക്കാരിനെക്കുറിച്ചും 15 വർഷങ്ങൾക്കുമുമ്പ് ഉണ്ടായിരുന്നതിനേക്കാൾ ഏറെ പ്രതീക്ഷയാണ് ഇപ്പോഴുള്ളത്. അതനുസരിച്ച് നമുക്ക് ഉയർന്ന് പ്രവർത്തിക്കാൻ കഴിഞ്ഞില്ലെങ്കിൽ നമ്മൾ പിന്തള്ളപ്പെടുമെന്ന് മുഖ്യമന്ത്രി തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു.

പ്രസ്തുത യോഗത്തിന് സ്വാഗതം അർപ്പിച്ചത് അസോസിയേഷൻ പ്രസിഡന്റ് പി.റ്റി. മാത്യു ആണ്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ മണ്ണ്, ജല, പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം എടുത്തുപറഞ്ഞു. യോഗ അദ്ധ്യക്ഷൻ ജലവിഭവ വകുപ്പ് മന്ത്രി **പി.ജെ. ജോസഫ്**:- കേരളത്തിൽ 25% മഴ കുറഞ്ഞിട്ടുണ്ട്. നമുക്ക് ലഭിക്കുന്ന മഴ പരമാവധി സംരക്ഷിച്ചുവയ്ക്കാൻ നമുക്ക് കഴിയണം. ഈ പ്രവർത്തനത്തിൽ പഞ്ചായത്തുകൾക്ക് നിർണായകമായ റോളാണുള്ളത്. വിവര വിതരണ വിദ്യാഭ്യാസ സാമഗ്രികളുടെ വിതരണം ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. രാജമാണിക്യം ഐ.എ.എസ്. നിർവഹിച്ചു, അത് ഏറ്റുവാങ്ങിയത് വിളക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ജോസാണ്. പദ്ധതി വിശദീകരണം നടത്തിയത് സി.സി.ഡി.യു. ഡയറക്ടർ സുഭാഷ്ചന്ദ്രബോസായിരുന്നു. നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. തുടർന്ന് ആശംസകൾ അർപ്പിച്ചുകൊണ്ട് സൂപ്പി നരിക്കാട്ടേരി സംസാരിച്ചു. സി.സി.ഡി.യു.വിന്റെ അക്കൗണ്ട്സ് ഓഫീസർ സ്മിതാദേവി കൃതജ്ഞത അർപ്പിച്ചു.

*റിപ്പോർട്ട് തയ്യാറാക്കിയത്*
***സൂപ്പി നരിക്കാട്ടേരി***
*ജനറൽ സെക്രട്ടറി*
*കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ*

എം.വി.തോമസ്



# 2013-14 ലെ സംസ്ഥാന ബഡ്ജറ്റ് പഞ്ചായത്തുകളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ

ഗാന്ധിജി വിഭാവനം ചെയ്ത പഞ്ചായത്ത് രാജ് വിജയകരമായി നടപ്പാക്കുന്നതിൽ മുന്നിട്ടു നില്കുന്ന ഒരു സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തെ പഞ്ചായത്തുകൾ ഏറ്റെടുത്തിരിക്കുന്ന പ്രധാന ദൗത്യം ഗ്രാമതലത്തിലുള്ള ആസൂത്രണവും വികസനവുമാണ്. ഇത് കാര്യക്ഷമമായി നടപ്പാക്കുന്നതിന് ത്രിതല പഞ്ചായത്ത് സംവിധാനം ഏറെ ഉപകരിക്കുന്നു. ഈ വസ്തുതകൾ പരിഗണിച്ചുകൊണ്ടാണ് ധന മന്ത്രി കെ.എം.മാണി 2013–14 വർഷത്തേക്കുള്ള ബഡ്ജറ്റിൽ പഞ്ചായത്തുകളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചിരിക്കുന്നത്. എല്ലാവർക്കും ഭക്ഷണം എല്ലാവർക്കും ആരോഗ്യം, എല്ലാവർക്കും ജീവിത ഭദ്രത എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് തന്റെ ഈ പതിനൊന്നാമത്തെ ബഡ്ജറ്റിൽ അവതരിപ്പിച്ചിട്ടുള്ള പരിപാടികളിലും സവിശേഷ പദ്ധതികളിലും പഞ്ചായത്തുകൾക്കും അവിടങ്ങളിൽ വസിക്കുന്ന ഗ്രാമീണ ജനതയ്ക്കും നല്കിയിരിക്കുന്ന മുൻതൂക്കം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

ധനമന്ത്രിപ്രഖ്യാപിച്ചിട്ടുള്ള കർഷകരക്ഷാ പരിപാടികളുടെ പ്രയോജനം ലഭിക്കുന്നവരിൽ ബഹുഭൂരിപക്ഷവും ഗ്രാമീണ കർഷകരായിരിക്കും. ചെറുകിട കർഷകരുടെ പലിശ ബാധ്യത എഴുതിതള്ളൽ; ചെറുകിടകർഷകർക്ക് പലിശ രഹിത വായ്പ ഉറപ്പാക്കൽ, കാർഷിക വായ്പാതിരിച്ചടവിന് റിസ്ക് ഇൻഷറൻസ്, കാർഷികാദായ നികുതിയിൽ നിന്ന് വ്യക്തികളെ ഒഴിവാക്കൽ എന്നീ സമാശ്വാസ നടപടികൾ ഗ്രാമീണ കർഷകർക്ക് ഏറെ ഗുണം ചെയ്യുന്നവയാണ്. സംയോജിത കൃഷിത്തോട്ട പദ്ധതി പ്രകാരം പുതിയ ചെറുകിട കൃഷിത്തോട്ടങ്ങൾ സജ്ജീകരിക്കുന്ന സംരംഭകർക്ക് പ്രോത്സാഹനമെന്ന

*ശേഷം 33–ാം പേജിൽ*

**പഞ്ചായത്തുകളിൽ നിലവിലുള്ള ശ്മശാനങ്ങൾ നവീകരിച്ച് വാതക ഇന്ധനത്തിലേക്ക് മാറ്റുന്നതിനുള്ള ഒരു പദ്ധതി നടപ്പാക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി വാഗ്ദാനം ചെയ്യുന്നു. ഇതിന്റെ ഭാഗമായി ഓരോ പഞ്ചായത്തിലും ശ്മശാനം നിർമ്മിക്കുന്നതിനുള്ള ഗ്രാന്റ് 20 ലക്ഷം രൂപയായി വർധിപ്പിച്ചു.**

പി.റ്റി. മാത്യു

# ഗ്രാമസഭ
## പ്രാദേശിക ജനകീയ ഭരണതലം

ഭാഗം - III

ഓരോരുത്തർക്കുമുള്ള ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർവചിക്കാനും, അത് നിർവഹിക്കാനുള്ള അവസരം നൽകാനും ഉതകുന്ന നേതൃത്വരംഗത്തേക്കാണ് തദ്ദേശഭരണസ്ഥാപനങ്ങളും ഭരണാധികാരികളും മാറേണ്ടത്; അപ്പോഴാണ് ശരിയായ ജനപങ്കാളിത്തം സാർത്ഥകമാകുക.



### ഗ്രാമസഭ മെച്ചപ്പെടുത്താൻ ശ്രമിക്കുമ്പോൾ നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

- ഗ്രാമസഭാ സംഘാടനത്തിന് കൃത്യമായ ആസൂത്രണം എങ്ങനെ നടത്തണം?
- കൂടുതൽ ആളുകളെ പങ്കെടുപ്പിച്ചാൽ അവരെ കാര്യങ്ങൾ ബോധ്യപ്പെടുത്താനും അവരുടെ അഭിപ്രായങ്ങൾ കൃത്യമായി അറിയാനും എന്തു സംവിധാനമാണ് ഉണ്ടാക്കേണ്ടത്?
- തീരുമാനമെടുക്കുന്ന പ്രക്രിയയിലും നിർവഹണത്തിലും പൊതുജനത്തെ എങ്ങനെ പങ്കാളിയാക്കാം?
- ഉദ്യോഗസ്ഥർ, ഭരണകർത്താക്കൾ, സംഘടനാ സംവിധാനങ്ങൾ, വോട്ടർമാർ എന്നിവരുടെ മനോഭാവത്തിൽ എങ്ങനെ ഗുണപരമായ മാറ്റം വരുത്താം?
- ഗ്രാമസഭയിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും നിർദ്ദേശങ്ങൾ, ആവശ്യങ്ങൾ എന്നിവ പൂർത്തീകരിക്കാനും ഏതൊക്കെ തലത്തിൽ, എന്തു സംവിധാന



ത്തിനാണ് രൂപം നൽകേണ്ടത്? അതിനായി ആർക്കൊക്കെ എന്തൊക്കെ പങ്കാണ് വഹിക്കാനുള്ളത്?

- ആവശ്യമായ സന്നദ്ധപ്രവർത്തകരെ എങ്ങനെ ഈ പ്രക്രിയയിലേക്ക് കൊണ്ടുവരാം? അവരെ എങ്ങനെ നിലനിർത്താം?
- നാട്ടിലെ ശരിയായ പ്രശ്നങ്ങൾ തിരിച്ചറിയാൻ എന്തു സംവിധാനമാണ് വേണ്ടത്?
- ഇത്തരത്തിൽ പ്രശ്നങ്ങളും കാരണങ്ങളും തിരിച്ചറിയാൻ ആളുകളുടെ പങ്കാളിത്തം എങ്ങനെ ഉണ്ടാക്കാം? പ്രശ്നങ്ങളും അവയുടെ ശരിയായ കാരണങ്ങളും ജനത്തെ ബോധ്യപ്പെടുത്താനും കൂട്ടായി പരിഹാരം കാണാനും ഉതകുന്ന എന്തു സംവിധാനമാണുള്ളത്?
- കാര്യങ്ങൾ എങ്ങനെ പരമാവധി സുതാര്യമാക്കാം?അതുവഴി എങ്ങനെ വോട്ടർമാരുടെ തെറ്റിദ്ധാരണ ഒഴിവാക്കാം?
- വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ള നാട്ടുകാരെ എങ്ങനെ ഈ സംവിധാനവുമായി കൂട്ടിയിണക്കാം? സംഘടനകൾ, സ്ഥാപനങ്ങൾ, അക്കാദമിക് സ്ഥാപനങ്ങൾ എന്നിവയ്ക്ക് എന്തു പങ്കാണ് നിർവഹിക്കാനുള്ളത്?അവരെ എങ്ങനെ ഫലപ്രദമായി ഇതുമായി കൂട്ടിയിണക്കാം?
- നിയമത്തെയും മുകൾതലത്തിൽ നിന്നുമുള്ള നിയന്ത്രണങ്ങളെയും ഇടപെടലുകളെയും സമയപരിധികളെയും നിർദ്ദേശങ്ങളെയുമൊക്കെ ഈ സംവിധാനങ്ങളെ ബാധിക്കാത്ത വിധത്തിൽ എങ്ങനെ കൂട്ടിയിണക്കി മുന്നേറാം?
- ഗ്രാമസഭയ്ക്ക് താഴെയുള്ള അയൽക്കൂട്ടങ്ങൾക്ക് രൂപം നൽകിയാൽ ത്തന്നെ അവർക്ക് എന്ത് ഉത്തരവാദിത്വമാണ് നൽകേണ്ടത്? ഈ പ്രക്രിയയുടെ ഒരു കണ്ണിയായി ഇവയെ എങ്ങനെ മാറ്റാം?
- പല പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം എന്ത് എന്തെന്ന് അറിയാൻ വയ്യ, അഥവാ തിരിച്ചറിഞ്ഞാൽ ത്തന്നെ അത് വളരെക്കാലം നിലനിൽക്കുന്ന ഒരു പ്രക്രിയയിൽക്കൂടി മാത്രമേ സാധ്യമാകൂ എന്നുണ്ടെങ്കിൽ അത് ജനത്തെ ബോധ്യപ്പെടുത്തി എങ്ങനെ ഇടപെടാൻ കഴിയും?
- ഗ്രാമസഭ വാർഡ് അടിസ്ഥാനത്തിൽ ആയതിനാൽ ശരിയായ/ശാസ്ത്രീയമായ രീതിയിൽ ഫണ്ട് എങ്ങനെ വിനിയോഗിക്കാം?
- ഓരോ ഗ്രാമസഭയിൽ നിന്നും വരുന്ന നിർദ്ദേശങ്ങൾ, ആവശ്യങ്ങൾ, പ്രശ്നങ്ങൾ എന്നിവ എങ്ങനെ ക്രോഡീകരിച്ച് പഞ്ചായത്തുതലത്തിൽ കൊണ്ടുവരാം? എങ്ങനെ മുൻഗണനാക്രമം നിശ്ചയിക്കാം? ഇതിന്റെ അടിസ്ഥാനത്തിൽ എങ്ങനെ വികസന കാഴ്ചപ്പാട് രേഖ ഉണ്ടാക്കാം? ഇവയുടെയൊക്കെ അടിസ്ഥാനത്തിൽ ഒരു യഥാർത്ഥ ബഡ്ജറ്റ് എങ്ങനെ ഉണ്ടാക്കാം?
- കൈമാറിക്കിട്ടിയ സ്ഥാപനങ്ങളെയും വർക്കിംഗ് ഗ്രൂപ്പിനേയും സ്റ്റേക്ക്ഹോൾഡേഴ്സ് മീറ്റിംഗിനെയും എങ്ങനെ ഫലപ്രദമായി പ്രവർത്തിപ്പിക്കാം? പരസ്പരം ബന്ധിപ്പിക്കാം? ഗ്രാമസഭയിൽ എങ്ങനെ ഉപയോഗിക്കാം? പദ്ധതി മെച്ചപ്പെടുത്താൻ എങ്ങനെ ഉപയോഗിക്കാം?
- ഓരോ മെമ്പർക്കും അവർ പ്രതിനിധാനം ചെയ്യുന്ന പാർട്ടിയെ കാര്യങ്ങൾ ബോധ്യപ്പെടുത്തിയും നിർദ്ദേശങ്ങൾ വാങ്ങിയും ഈ സംവിധാനങ്ങളുമായി കൂട്ടിയിണക്കി എങ്ങനെ മുന്നോട്ടു പോകാം?

ഇത്തരത്തിൽ നീളുന്നു മുന്നിലുള്ള പ്രശ്നങ്ങൾ. ഇവയിൽ നിന്നും മനസ്സിലാകുന്നത് ഗ്രാമസഭ എന്ന ഒരു സംവിധാനത്തെ മാത്രമായി നന്നാക്കുക സാധ്യമല്ലെന്നാണ്. കാരണം ഇവ മറ്റെല്ലാ സംവിധാനങ്ങളുമായും ബന്ധപ്പെട്ടു കിടക്കുന്നു.

നിയമത്തെയും മുകൾതലത്തിൽ നിന്നുമുള്ള നിയന്ത്രണങ്ങളെയും ഇടപെടലുകളെയും സമയപരിധികളെയും നിർദ്ദേശങ്ങളെയുമൊക്കെ ഈ സംവിധാനങ്ങളെ ബാധിക്കാത്ത വിധത്തിൽ എങ്ങനെ കൂട്ടിയിണക്കി മുന്നേറാം?



അതിനാൽ പഞ്ചായത്തിന്റെ സേവനവ്യവസ്ഥകളുടേയും നടപടിക്രമങ്ങളുടേയും കാര്യശേഷിയും കൂട്ടായ്മയും കാഴ്ചപ്പാടും സമീപനവും ജനത്തിന്റെ മനോഭാവവും ഉദ്യോഗസ്ഥരുടെ സമീപനവും ഒക്കെ മാറണം. ഓരോരുത്തർക്കുമുള്ള ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർവചിക്കാനും, അത് നിർവഹിക്കാനുള്ള അവസരം നൽകാനും ഉതകുന്ന നേതൃത്വരംഗത്തേക്കാണ് തദ്ദേശഭരണസ്ഥാപനങ്ങളും ഭരണാധികാരികളും മാറേണ്ടത്; അപ്പോഴാണ് ശരിയായ ജനപങ്കാളിത്തം സാർത്ഥകമാകുക. അത്തരത്തിൽ ഭരണസംവിധാനത്തെ മൊത്തത്തിൽ മാറ്റിയെടുക്കാൻ ജനപ്രതിനിധികൾ എന്ന നിലയിൽ നമ്മുടെ കരുത്തായ പൊതുജനത്തെ കൂടെ നിർത്താൻ, ചിലപ്പോൾ മുന്നിൽ നിർത്താൻ, ഗ്രാമസഭകൾ നമുക്ക് സഹായകമാകും, ശക്തിയാകും.

**ഗ്രാമസഭയുടെ സാധ്യതകൾ**

**എ. പഞ്ചായത്തിന്റെ ഭരണനിർവഹണത്തെ സഹായിക്കുക**

- ഭരണസമിതിയെ തീരുമാനമെടുക്കുന്ന പ്രക്രിയയിൽ സഹായിക്കുക
- വിഭവസമാഹരണത്തിനു സഹായിക്കുക
- പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുക
- നിയമം നടപ്പിലാക്കാൻ
- പദ്ധതികൾ നടപ്പിലാക്കാൻ സഹായിക്കുക
- പ്രാദേശിക നിയമങ്ങൾ രൂപവത്കരിക്കാൻ സഹായിക്കുക
- ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് നൽകുക
- ഗുണഭോക്തൃപ്രദേശം തെരഞ്ഞെടുക്കാൻ സഹായിക്കുക.....തുടങ്ങിയവ

**ബി. ആസൂത്രണത്തിൽ സഹായിക്കുക**

- പ്രശ്നങ്ങൾ, വികസന പരിപാടികൾ എന്നിവ ലിസ്റ്റ് ചെയ്യാനും മുൻഗണന നിശ്ചയിക്കാനും സഹായിക്കുക
- വേണ്ട വിവരങ്ങൾ ശേഖരിക്കാൻ സഹായിക്കുക
- പരിഹരിക്കാൻ വേണ്ടി അനുഭവങ്ങൾ പങ്കുവയ്ക്കുക, സഹായിക്കുക
- പ്രശ്നപരിഹാരത്തിനു വേണ്ട പങ്ക് നിശ്ചയിക്കാൻ സഹായിക്കുക. പരിഹരിക്കാൻ/നിർവഹിക്കാൻ ഇടപെടുക..... തുടങ്ങിയവ

**സി. തർക്കങ്ങൾ പരിഹരിക്കുക**

- വ്യക്തിപരവും സാമൂഹികവുമായ പരാതികൾ അവതരിപ്പിക്കുക, കൂട്ടായി ചർച്ച ചെയ്ത് പരിഹരിക്കുക
- ജാഗ്രതാസമിതിയിൽ വരുന്ന, സ്ത്രീകൾക്കും, പെൺകുട്ടികൾക്കും എതിരെ ഉണ്ടാകുന്ന പൊതുപ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുക
- ആ പ്രദേശത്ത് ഉണ്ടാകുന്ന പൊതുപ്രശ്നങ്ങൾ ചർച്ച ചെയ്യുക, പരിഹരിക്കുക
- നാടിന്റെ നന്മയ്ക്കും നിലവിലുള്ള നിയമങ്ങൾ സുഗമമാക്കാനുമായി പ്രവർത്തന ചട്ടങ്ങൾ ഉണ്ടാക്കുക. അത് പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.... തുടങ്ങിയവ

**ഡി. വിലയിരുത്തൽ**

- അധികാര സ്ഥാപനങ്ങൾ, അധികാരികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ പ്രവർത്തനം വിലയിരുത്തുക
- പൊതു പണത്തിന്റെ വിനിയോഗം, ഫലപ്രാപ്തി തുടങ്ങിയവ വിലയിരുത്തുക
- വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക
- പൗരാവകാശ രേഖപ്രകാരം നിർവഹണം ഫലവത്താണോ എന്നു പരിശോധിക്കുക
- സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുക...തുടങ്ങിയവ
- പൊതുപണം ലഭിക്കുന്ന ഗുണഭോക്താക്കളുടെ വിനിയോഗം, മറ്റ് നിർമ്മാണ പ്രവൃത്തികൾ, തുടർപ്രവർത്തനം എന്നിവ വിലയിരുത്തുക

**ഇ. പൊതുവായവ**

- സ്ത്രീകളുടേയും കുട്ടികളുടേയും അവകാശങ്ങൾ തിരിച്ചറിഞ്ഞ് അവരുടെ പ്രവർത്തനങ്ങൾക്ക് ശക്തിയും പിന്തുണയും നൽകാനും ഒരു വ്യക്തി എന്ന നിലയിൽ അവർക്ക് ജീവിക്കാനാവശ്യമായ അവസരമൊരുക്കാനും വേണ്ട പ്രവർത്തനങ്ങൾ ഗ്രാമസഭയുടെ മുഖ്യ അജണ്ടയായി മാറണം.
- പിന്നോക്ക വിഭാഗങ്ങളെ സഹായിക്കാനും സമൂഹത്തിന്റെ മുൻനിരയിലേക്കു കൊണ്ടു വരാനും സംരക്ഷിക്കുവാനും ഉതകുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കുക ഗ്രാമസഭയുടെ വിഷയമാവണം.
- കലാ-സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക
- വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചവരെ ആദരിക്കുക
- വിവിധ മേഖലകളിൽ വൈദഗ്ധ്യം നേടിയവരുടെ കഴിവുകൾ പ്രദർശിപ്പിക്കാൻ അവസരം ഒരുക്കുക
- വിവിധ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക
- വിവിധ സബ്കമ്മിറ്റികൾക്കും സംഘടനാ സംവിധാനങ്ങൾക്കും മേൽപ്പറഞ്ഞ കാര്യങ്ങൾക്കായി രൂപം നൽകുക
- വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ളവരെ കണ്ടെത്തി കൂട്ടിയിണക്കുക
- കുടുംബശ്രീ പ്രവർത്തനങ്ങളെ സഹായിക്കുക, അവരുടെ ഉൽപ്പന്നങ്ങൾ വിൽക്കാനുള്ള വിപണിസംവിധാനം ഒരുക്കുക
- വിദ്യാഭ്യാസ സ്ഥാപനങ്ങളെ സഹായിക്കുക
- സന്നദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

തുടങ്ങി ധാരാളം കാര്യങ്ങൾ നിർവഹിക്കാൻ കഴിയും. ■

(തുടരും)



ജോൺ എസ്. ജയിംസ്

# വസ്തു നികുതി ഭേദഗതി നിയമവും ചട്ടങ്ങളും പിന്നെ 2013 ഏപ്രിൽ ഒന്നും



2012 നവംബറിൽ വിളബരം ചെയ്യപ്പെട്ട കേരള പഞ്ചായത്ത്/ മുനിസിപ്പൽ നിയമ ഭേദഗതി ഓർഡിനൻസുകളുടെ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ട 2013-ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ഭേദഗതി ചട്ടങ്ങളും 2013-ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതി ചട്ടങ്ങളും 2013 ഏപ്രിൽ ഒന്നാം തീയതി പ്രാബല്യത്തിൽ വന്നു കഴിഞ്ഞു. ഈ ചട്ടങ്ങൾ പ്രകാരമുള്ള ഒരു കെട്ടിടത്തിന്റെ വസ്തു നികുതി തിട്ടപ്പെടുത്തുമ്പോൾ വസ്തു നികുതി നിർണ്ണയിക്കൽ പ്രക്രിയയുടെ സമീപകാല ചരിത്രത്തിലേക്ക് ഒന്നു കണ്ണോടിക്കുന്നത് പ്രസക്തവും പ്രയോജനകരവും ആണെന്ന് തോന്നുന്നു.

കഴിഞ്ഞ രണ്ടു പതിറ്റാണ്ടോളമായി കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള, വസ്തു നികുതി നിർണ്ണയവും പിരിവും, നിയമവ്യവസ്ഥകളുടെ അപര്യാപ്തത കൊണ്ടും അവ്യക്തതകൊണ്ടും, തൃപ്തികരമായോ, ക്രമാനുഗതമായോ നടന്നിരുന്നില്ല. ഇക്കാരണത്താൽ തന്നെ കാലാകാലങ്ങളിൽ നികുതി പുനർനിർണ്ണയം നടത്തുന്ന പതിവും ഇല്ലാതായി.

വസ്തു നികുതി തിട്ടപ്പെടുത്തേണ്ടത് വാർഷികാടിസ്ഥാനത്തിലാണ്; വാർഷിക നികുതി കണക്കാക്കേണ്ടത് വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലും. ഇക്കാര്യത്തിൽ ആർക്കും സംശയം ഉണ്ടായിരുന്നില്ല. എന്നാൽ വാർഷിക വരുമാനം അഥവാ വാർഷിക മൂല്യം കണക്കാക്കേണ്ടത് എപ്രകാരമെന്ന് നിയമമോ ചട്ടങ്ങളോ വ്യക്തമാക്കിയിരുന്നില്ല. അതിനാൽ വാർഷിക മൂല്യം സാധാരണയായി വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ തീരുമാനിക്കുകയും അതിന്റെ ഒരു അംശം നികുതിയായി കണക്കാക്കുകയും ചെയ്തു പോന്നു. എന്നാൽ ഈ രീതി വ്യാപകമായ അഴിമതിയ്ക്കു വഴിയൊരുക്കുന്നുവെന്ന് പരക്കെ

**കഴിഞ്ഞ രണ്ടു പതിറ്റാണ്ടോളമായി കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള, വസ്തു നികുതി നിർണ്ണയവും പിരിവും, നിയമവ്യവസ്ഥകളുടെ അപര്യാപ്തത കൊണ്ടും അവ്യക്തതകൊണ്ടും, തൃപ്തികരമായോ, ക്രമാനുഗതമായോ നടന്നിരുന്നില്ല. ഇക്കാരണത്താൽ തന്നെ കാലാകാലങ്ങളിൽ നികുതി പുനർനിർണ്ണയം നടത്തുന്ന പതിവും ഇല്ലാതായി.**

ആക്ഷേപമുണ്ടായി. പകരം ഇത് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആകണമെന്ന് ധനകാര്യ കമ്മീഷൻ അഭിപ്രായപെട്ടു.ഇക്കാര്യത്തിൽ ശാസ്ത്രീയവും സാങ്കേതികവുമായ ഗവേഷണങ്ങളും പഠനങ്ങളും നടത്തിയ ശേഷമാണ് 2009-ലെ നിയമ ഭേദഗതികളും 2011ലെ വസ്തു നികുതി ചട്ടങ്ങളും പുറത്തു വന്നത്. വാർഷിക മൂല്യം അഥവാ വാർഷിക വാടക തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി കൃത്യമായി കണക്കാക്കാമെന്നും മരാമത്ത് വകുപ്പ് അങ്ങനെയാണ് സ്വകാര്യ കെട്ടിടങ്ങൾ സർക്കാരാവശ്യത്തിന് വാടകയ്ക്കെടുക്കുമ്പോൾ വാടക നിർണ്ണയിക്കുന്നതെന്നും ഉള്ള വസ്തുതകൾ നിലനിൽക്കെ, വാർഷിക മൂല്യം എന്ന ആശയത്തെ പാടെ അവഗണിച്ചു കൊണ്ട്, യാതൊരു മൂല്യത്തെയും കണക്കിലെടുക്കാതെ വിവധയിനം കെട്ടിടങ്ങൾക്ക് അല്ലെങ്കിൽ തറയ്ക്ക് പലതരം നിരക്ക് നിശ്ചയിക്കുന്ന രീതിയാണ് 2009 ലെ നിയമഭേദഗതിയിലൂടെ കൊണ്ടുവന്നത് സർക്കാർ നികുതി നിരക്ക് കണ്ണുമടച്ച് നിശ്ചയിച്ചാൽ ജനം അത് അംഗീകരിക്കാൻ ബാദ്ധ്യസ്ഥരാണ് എന്ന ഒരു സാർവ്വലൗകീക അനുമാനത്തിന്റെ പേരിലാണ് തറവിസ്തീർണ്ണത്തിന്റെ നിരക്കുകൾ നിശ്ചയിച്ചതും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി നിർണ്ണയം നടപ്പിലായതും.



ഏതായാലും ഒന്നുമില്ലാത്ത അച്ചിക്ക് അരപ്പണത്തിന്റെ പൊന്ന് എന്ന ന്യായേന ഈ വസ്തു നികുതി നിർണ്ണയ രീതി അംഗീകരിക്കേണ്ടി വന്നു. എങ്കിലും ഈ നിയമത്തിൽ ചില ഗവേഷണങ്ങളുടെ ഫലമായി കുത്തിച്ചെലുത്തിയ അപക്വമായ നടപടി ക്രമങ്ങളും മാനദണ്ഡങ്ങളും, വ്യവസ്ഥകളും കെട്ടിട ഉടമകൾക്ക് ദ്രോഹപരമായി തോന്നുകയും വ്യാപകമായ പരാതികൾ ഉയർന്നു വരികയും ചെയ്തു. നികുതി ദായകരെ നികുതി നിർണ്ണയിക്കാൻ അനുവദിക്കുന്നുവെന്ന പേരിൽ നാൽപത്തഞ്ചോളം കോളങ്ങളുള്ള റിട്ടേൺ തയ്യാറാക്കിയതും ഇത് ഫയൽ ചെയ്യാൻ വൈകുന്നതിനും, ഫയൽ ചെയ്യാതിരിക്കുന്നതിനും, തെറ്റായി ഫയൽ ചെയ്യുന്നതിനും നികുതി ദായകരെ വേട്ടയാടി പിഴയിടുന്ന വ്യവസ്ഥകൾ അസഹനീയമായി. ഫലത്തിൽ ചട്ടങ്ങൾ വന്ന് വർഷമൊന്നു കഴിഞ്ഞിട്ടും ആരും റിട്ടേൺ ഫയൽ ചെയ്യാതാകുകയും സർക്കാർ സമയ പരിധി നീട്ടി കൊടുത്തുകൊണ്ടിരിക്കുകയും ചെയ്തു. ഉദ്യോഗസ്ഥരാകട്ടെ നികുതി നിർണ്ണയം എന്ന പണിയിൽ നിന്നും ഒഴിവായി എന്നു കണ്ട് വെറുതേയിരുന്നു. നികുതി നിർണ്ണയ മേഖലയിൽ അരാജകത്വമാണ് ഈ പരിഷ്കാരങ്ങൾ വരുത്തി വച്ചത്.

2011-ലെ ചട്ടങ്ങളിൽ ചട്ടം 6 അനുസരിച്ച്, ഒരിക്കൽ നിശ്ചയിച്ച അടിസ്ഥാന വസ്തു നികുതിയിൽ ഇത്തിരി ഇളവുകളും ഒത്തിരി വർദ്ധനവുകളും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വകയായി വരുത്താൻ വ്യവസ്ഥ ചെയ്തിരുന്നു. ഇത് നികുതി ദായകർക്ക് അസ്വീകാര്യവും നികുതി പിരിക്കാനുള്ള അധികാരത്തിന്റെ അതിപ്രസരവും ആയിരുന്നു. 2013-ലെ ചട്ടങ്ങളനുസരിച്ച് ചട്ടം 6നു കീഴിലുള്ള മൂന്നു പട്ടികകൾ എടുത്തു കളയുകയും മറ്റുള്ളവ പരിമിതപ്പെടുത്തുകയും ചെയ്തു. വാടകയ്ക്ക് കൊടുത്ത വീടിന് 50% വർദ്ധന, റോഡ് ആ വഴി പോയാൽ 30% വർദ്ധന എന്നിങ്ങനെ 140% വർദ്ധനവാണ് പട്ടികകൾ വഴി അടിസ്ഥാന വസ്തു നികുതിയിൽ വരുത്തിയിരുന്നത്.

ഈ സാഹചര്യത്തിലാണ് 2012 ജനുവരി മാസത്തിൽ തന്നെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും, വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിലും പ്രശ്നം വിശദമായി ചർച്ച ചെയ്തതും 2012 ജൂലൈ മാസത്തോടെ പ്രശ്നത്തിൽ സർക്കാർ ചില തീരുമാനങ്ങൾ എടുത്തതും വസ്തു നികുതി പരിഷ്കരണത്തിനായി നികുതി നിയമത്തിന് ഭേദഗതികളും അതനുസരിച്ച് ചട്ടങ്ങളുമുണ്ടാക്കാൻ സർക്കാർ അധികാര വികേന്ദ്രീകരണ കൺസൾട്ടേറ്റീവ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയതും. കമ്മറ്റിയുടെ നിർദ്ദേശ പ്രകാരം 2012-ൽ ഓർഡിനൻസുകളും 2013-ൽ വസ്തു നികുതി ഭേദഗതി ചട്ടങ്ങളും ഉണ്ടായി. ചട്ടങ്ങൾക്ക് 2013 ഏപ്രിൽ ഒന്നുമുതൽ പ്രാബല്യവും ഉണ്ടായി.

ഓർഡിനൻസുകളുടെയും ചട്ടങ്ങളുടെയും ഗുണഫലങ്ങൾ, ചുരുക്കത്തിൽ തഴെ പറയുന്നവയാണ്:-

1. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഉള്ള വസ്തുനികുതി നിർണ്ണയം ഒരു ഒറ്റത്തവണ (ഒൺടൈം) പ്രക്രിയയായി ഒതുക്കി.

2. ഒരിക്കൽ വസ്തുനികുതി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ അഞ്ചുവർഷം കൂടുമ്പോൾ പുനർനിർണ്ണയം ഒരു ടേബിൾ റിവിഷനാക്കി. ഇതിന് ഇളവുകളോ വർദ്ധനവുകളോ ബാധകമല്ലാതെയും ആക്കി.

3. പുനർ നിർണ്ണയത്തിൽ 25% നികുതി വർദ്ധനവ് സാർവത്രികമാക്കി. ഇത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ വഴിയൊരുക്കി.

**2011-ലെ ചട്ടങ്ങളിൽ ചട്ടം 6 അനുസരിച്ച്, ഒരിക്കൽ നിശ്ചയിച്ച അടിസ്ഥാന വസ്തു നികുതിയിൽ ഇത്തിരി ഇളവുകളും ഒത്തിരി വർദ്ധനവുകളും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വകയായി വരുത്താൻ വ്യവസ്ഥ ചെയ്തിരുന്നു. ഇത് നികുതി ദായകർക്ക് അസ്വീകാര്യവും നികുതി പിരിക്കാനുള്ള അധികാരത്തിന്റെ അതിപ്രസരവും ആയിരുന്നു.**



4. പുതിയ കെട്ടിടങ്ങളുടെ കാര്യത്തിൽ വസ്തു നികുതി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുമ്പോഴും അഞ്ചു വർഷം കൂടുമ്പോൾ 25% വർദ്ധനവ് ഉറപ്പു വരുത്തി.

5. കെട്ടിട ഉടമ റിട്ടേൺ ഫയൽ ചെയ്യുന്നത് നിർബന്ധിതമല്ലാതാക്കി. പിഴ ഈടാക്കാനുള്ള വ്യവസ്ഥകൾ എല്ലാം എടുത്തു കളഞ്ഞു.

6. റിട്ടേണിലെ കോളങ്ങൾ 45-ൽ നിന്നും 17 ആയി കുറച്ചു. അടിസ്ഥാന വിവരങ്ങൾ മാത്രം നിലനിറുത്തി. റിട്ടേൺ കെട്ടിട ഉടമ ഫയൽ ചെയ്താലും ഇല്ലെങ്കിലും നികുതി നിർണ്ണയം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സ്റ്റാറ്റ്യൂട്ടറി ചുമതലയാക്കി.

7. അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ചു കഴിഞ്ഞ കെട്ടിടങ്ങളുടെ കാര്യത്തിൽ ചട്ടം 6-ലെ പട്ടികകളനുസരിച്ചുള്ള ഇളവുകളും വർദ്ധനവുകളും തുലോം പരിമിതപ്പെടുത്തി. പട്ടിക 3,7,9 ഇവ പാടെ എടുത്തുകളഞ്ഞു. വാടക കെട്ടിടത്തിനുള്ള 50% വർദ്ധനവ് ഇതിലൂടെ ഇല്ലാതാക്കി. നിയമാനുസൃതം അടിസ്ഥാന വസ്തു നികുതി നിശ്ചയിച്ചു കഴിഞ്ഞിട്ട് അതിന്മേൽ ചട്ടങ്ങളുടെ നിഴലിൽ സ്ഥാപനങ്ങൾ ഇത്തിരി ഇളവും ഒത്തിരി വർദ്ധനവുകളും വരുത്തുന്നത് നിയമ വാഴ്ചയുടെ നിഷേധമാണ് എന്നു കണ്ടിട്ടാണ് സർക്കാർ ഇവ വെട്ടിച്ചുരുക്കിയത്.

8. റിട്ടേണിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക നികുതി തിട്ടപ്പെടുത്തൽ എടുത്തു കളഞ്ഞു. നികുതി നിർണ്ണയത്തിനുള്ള സ്ഥാപനത്തിന്റെ അധികാരത്തിൽ വെള്ളം ചേർക്കുന്ന വ്യവസ്ഥ ആയതിനാലാണ് ഇതെടുത്തു കളഞ്ഞത്.

2013-ലെ നികുതി പരിഷ്കാരങ്ങളിൽ എടുത്തു പറയാവുന്ന മാറ്റം അഞ്ചു വർഷം കൂടുമ്പോൾ അനായാസമായി നികുതി പുനർ നിർണ്ണയം, 25% വർദ്ധിപ്പിച്ച് വരുത്തുവാൻ വ്യവസ്ഥ ചെയ്തു എന്നുള്ളതാണ്. നികുതി പുതുക്കൽ സ്വയമേവ ഇനി നടന്നു കൊള്ളും.

2011-ലെ ഭേദഗതി ചട്ടങ്ങളനുസരിച്ചും 2013-ലെ ഭേദഗതി ചട്ടങ്ങളനുസരിച്ചും, മുന്നൂറു ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ളതും അഞ്ചുമീറ്ററിൽ കൂടുതൽ വീതിയിൽ വഴി സൗകര്യമുള്ളതും ഗ്രാനൈറ്റ് തറനിർമ്മിതിയുള്ളതുമായ വാടകയ്ക്കു കൊടുത്ത ഒരു വാസഗൃഹത്തിന്റെ വസ്തു നികുതി നിശ്ചയിച്ചത് താഴെ പട്ടിക 'ഏ' യിലും പട്ടിക 'ബി' യിലും കൊടുത്തിരിക്കുന്നത് കണ്ട് താരതമ്യം ചെയ്യുക.

| | പട്ടിക 'ഏ'-2013-ലെ ചട്ടങ്ങൾ | പട്ടിക 'ബി'- 2011-ലെ ചട്ടങ്ങൾ |
|---|---|---|
| 1. | അടിസ്ഥാന വസ്തു നികുതി 300 X15=4500 രൂപ | 300 X15=4500 രൂപ |
| 2. | ചട്ടപ്രകാരം വരുത്തിയ വർദ്ധനവ് =35% | 140% |
| 3. | ആകെ നികുതി =6075 രൂപ | 10,800 രൂപ |
| 4. | സെസ്സ്, സേവന നികുതി ഉൾപ്പെടെ മൊത്തം വാർഷിക നികുതി =6986 രൂപ | 12420 രൂപ |
| 5. | അഞ്ചു വർഷം കഴിയുമ്പോൾ 25% വർദ്ധനവോടെ പുതുക്കിയ നികുതി =8,730 രൂപ | 15,325 രൂപ |

ഇത് ജനപക്ഷ നികുതി പരിഷ്കാരം; ഭാവിയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് മെച്ചപ്പെട്ട തനത്വരുമാനം ഉറപ്പാക്കുന്നത്.

**വാൽക്കഷ്ണം**

ആശാൻ - കണ്ണൻ ചിരട്ട, കുളം, നദി, കടൽ എന്നിവിടങ്ങളിൽ നിന്ന് സൂര്യൻ നീരാവിയായി വെള്ളമെടുത്ത് ഭൂമിയിലാകെ മഴയായി നൽകുന്നു. നികുതിയും ഇതുപോലെ തിരികെ ലഭിക്കുന്ന മഴ തന്നെയാണ്

ശിഷ്യൻ - ഒരുതരം 'പിടിച്ചുപറി' ആകാശത്തിരുന്നാൽ മതിയായിരുന്നു.

ആശാൻ - അതിനാണല്ലോ നികുതി നിർണ്ണയം നിയമാനുസൃതമായിരിക്കണമെന്ന് ഭരണ ഘടന അനുഛേദം 265 വ്യവസ്ഥ ചെയ്തിരിക്കുന്നത്. ■

*ലേഖകൻ സെക്രട്ടറിയേറ്റ് ലോ ഡിപ്പാർട്ട്മെന്റിൽ നിന്നും അഡിഷണൽ സെക്രട്ടറിയായി വിരമിച്ചതാണ്.*

പി.കെ. രാജഗോപാൽ, അഷ്ടമുടി

# പാരിസ്ഥിതിക അവബോധം ഗ്രാമ തലങ്ങളിൽ

പരിസ്ഥിതി സംരക്ഷണം (Environmental Protection) എന്നത് ഒരു മനുഷ്യന്റെ മൗലിക കടമയാണ് (Fundamental Duty). നാം ജീവിക്കുന്ന ചുറ്റുപാട് വൃത്തിയായി സൂക്ഷിക്കുന്നു എന്നത് മലയാളികളുടെ നന്മയായി ലോകം മുഴുവൻ അംഗീകരിച്ചു കഴിഞ്ഞു. എന്നാൽ മലയാളികളിൽ പഴയ പോലെയുള്ള ഒരു പാരസ്ഥിതിക ബോധം ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നുവേണം കരുതാൻ. അലക്ഷ്യമായി മാലിന്യങ്ങൾ വലിച്ചെറിയുന്ന ശീലം മലയാളികളിൽ ഏറിവരുന്നു എന്ന സമകാലീക സംഭവങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു. എന്തിനും പ്ലാസ്റ്റിക് വസ്തുക്കളെ ആശ്രയിക്കുന്ന മലയാളികൾ പരിസ്ഥിതിയെ മറന്നു പ്രവർത്തിക്കുന്നത് ഗുരുതരമായ അനാസ്ഥയാണ്. വിപണികളിൽ തുണി, പേപ്പർ ബാഗുകൾ പ്രചാരത്തിൽ കൊണ്ടുവരാൻ നാം ശ്രദ്ധിക്കണം.




നിരവധി പാരസ്ഥിതിക പ്രശ്നങ്ങളാണ് നാം ഇന്ന് അഭിമുഖീകരിക്കുന്നത്. ആഗോള താപനവും (Global Warming) കാലാവസ്ഥാ വ്യതിയാനവും (Climate change) ലോക ജനതയുടെ നിലനില്പിനു തന്നെ ഭീഷണി ഉയർത്തികഴിഞ്ഞു. വായു, ജലം, മണ്ണ് മലിനീകരണം സൃഷ്ടിക്കുന്ന പാരിസ്ഥിതിക മനുഷ്യാവകാശ (Human Rights) പ്രശ്നങ്ങൾ വേറെയും. ഇന്ത്യയെപ്പോലെ വിവിധ ഭാഷകൾ സംസാരിക്കുന്ന ജനത അധിവസിക്കുന്ന ഒരു രാജ്യത്തു പാരിസ്ഥിതിക അവബോധം വളരെ ദുർഘടമായ ഒരു കാര്യമാണ്. ഇതിനായി പ്രാദേശിക തലത്തിൽ ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കാം. ലോക പരിസ്ഥിതി ദിനം

**നമ്മുടെ രാജ്യം ഇന്ന് ഗുരുതരമായ മനുഷ്യാവകാശ പാരിസ്ഥിതിക പ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. മനുഷ്യൻ പരിസ്ഥിതിയെ മറന്നുകൊണ്ട് ചെയ്യുന്ന പ്രവർത്തനങ്ങൾ അവനുതന്നെ ഭീഷണിയായി മാറിക്കഴിഞ്ഞു. മുൻവർഷങ്ങളെ അപേക്ഷിച്ച് നമ്മുടെ നാട് വരൾച്ചയെ നേരിട്ടു കൊണ്ടിരിക്കുന്നു.**



മുതൽ ലോക മനുഷ്യാവകാശ ദിനം വരെ നീണ്ടുനില്കുന്ന ബോധവൽകരണ പരിപാടികൾക്ക് ഗ്രാമതല സർക്കാരുകൾ തുടക്കം കുറിക്കാം. ഇതിനായി സ്കൂൾ കോളേജ് കുട്ടികളെയും യുവജന സാംസ്കാരിക സംഘടനകളെയും ഉപയോഗിക്കാം. ഗ്രാമതലത്തിൽ നടക്കുന്ന പാരിസ്ഥിതിക ചൂഷണങ്ങൾ തടയാൻ ജാഗ്രത സമിതികൾ രൂപീകരിക്കാം.

നമ്മുടെ ഗ്രാമങ്ങൾ വികസനത്തിന്റെ പാതയിലാണ്. ഒരു കാലത്ത് പാടങ്ങളും കുളങ്ങളും അരുവികളും കാവുകളും കാടുകളും മലകളും കുന്നുകളും ഒക്കെ ഗ്രാമങ്ങൾക്ക് ശാലീന സൗന്ദര്യം നൽകിയിരുന്നു. എന്നാൽ ഇന്ന് ആ സ്ഥാനം വൻ കെട്ടിടങ്ങൾ കയ്യടക്കി. നഗരവല്കരണം ഗ്രാമങ്ങളെ ആകെ ബാധിച്ചിരിക്കുന്നു. അതോടെ പാരിസ്ഥിതിക വിഷയങ്ങൾക്ക് തുടക്കമായി. ക്രമേണ ഗ്രാമീണർ പരിസ്ഥിതിയിൽ നിന്നും അകലാൻ തുടങ്ങി. മാലിന്യങ്ങൾ ഗ്രാമങ്ങളിൽ കുന്നുകൂടാൻ തുടങ്ങി. നമ്മുടെ ജലസ്രോതസ്സുകളായ നദികളും കായലുകളും മാലിന്യം കൊണ്ട് മൂടാൻ തുടങ്ങി. മണൽ വാരലും ചെളിയെടുപ്പും അശാസ്ത്രീയ മത്സ്യബന്ധന രീതികളും ജലാശയങ്ങളുടെ ആയുസ്സിനെ തന്നെ ബാധിക്കാൻ തുടങ്ങി. കായലോര ഗ്രാമങ്ങളിൽ അധിവസിക്കുന്നവർക്ക് കുടിക്കുവാൻ പോലും വെള്ളം കിട്ടാതെയായി. കുടിവെള്ളത്തിനായി ഗ്രാമീണർ നെട്ടോട്ടം ഓടുന്നത് നാം കാണുന്നു. പല പ്രദേശങ്ങളിലും കുടിവെള്ളത്തിനായി കലഹങ്ങളും സംഘട്ടനവും സ്ഥിരം സംഭവമായി മാറിക്കഴിഞ്ഞു. ജലക്ഷാമം പരിസ്ഥിതിയുടെ അസന്തുലിതാവസ്ഥയുടെ സൃഷ്ടി ആണ്. പ്രകൃതിയെ അതിരുകടന്നു ചൂഷണം ചെയ്യുന്ന മനുഷ്യൻ വരുത്തി വയ്ക്കുന്ന വിനയാണ് ഈ ജലക്ഷാമം.

അമിത കീടനാശിനികളുടെ ഉപയോഗവും രാസവള പ്രയോഗങ്ങളും സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വേറെയും. നിരോധിത കീടനാശിനിയായ എൻഡോസൾഫാന്റെ ഉപയോഗം ജനിതക വൈകല്യങ്ങൾ സൃഷ്ടിക്കുമെന്ന കാര്യം നാം കണ്ടതാണ്. മരങ്ങൾ നമ്മുടെ വരമാണ് എന്ന സത്യം ഉൾക്കൊണ്ട് കൂടുതൽ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുവാൻ നാം തയ്യാറാകണം. ഇതിനായി വനംവകുപ്പ് കാര്യമായ സഹായം നൽകുന്നുമുണ്ട്. ആരാധനാലയങ്ങളോട് ചേർന്ന് കിടക്കുന്ന



ഭൂമികളിൽ, വ്യാപകമായി വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുവാൻ നാം തയ്യാറാവണം. ക്ഷേത്രങ്ങളോട് ചേർന്ന് കാവുകൾ ഇതിനായി ഉപയോഗിക്കാം. മാത്രമല്ല വിദ്യാലയങ്ങളിൽ കുട്ടികൾ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുവാൻ തയ്യാറാകണം. വഴിയോര പാതകളിൽ ഇരുവശങ്ങളിൽ തണൽമരങ്ങൾ വച്ചു പിടിപ്പിച്ചാൽ നന്നായിരിക്കും. പലപ്പോഴും റോഡരികിൽ നാട്ടുകാർ വച്ച് പിടിപ്പിക്കുന്ന മരങ്ങൾ കന്നുകാലികൾ തിന്നു നശിപ്പിക്കുന്ന രീതി കാണുന്നുണ്ട്. മരങ്ങൾ സംരക്ഷിക്കാൻ നാം തയ്യാറാകണം. പലപ്പോഴും മരങ്ങൾ വളരാൻ തടസ്സം നില്കുന്നത് കറണ്ട് ലൈനുകളാണ്. ഇവ ഭൂമിക്കടിയിൽ കൂടിയാക്കിയാൽ മരങ്ങൾക്ക് വളരാൻ അവസരം കിട്ടുമായിരുന്നു. ഗ്രാമങ്ങൾ ഹരിതാഭമാകാൻ നാം കൂട്ടായി യത്നിക്കണം.

നമ്മുടെ രാജ്യം ഇന്ന് ഗുരുതരമായ മനുഷ്യാവകാശ പാരിസ്ഥിതിക പ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. മനുഷ്യൻ പരിസ്ഥിതിയെ മറന്നുകൊണ്ട് ചെയ്യുന്ന പ്രവർത്തനങ്ങൾ അവനു തന്നെ ഭീഷണിയായി മാറിക്കഴിഞ്ഞു. മുൻവർഷങ്ങളെ അപേക്ഷിച്ച് നമ്മുടെ നാട് വരൾച്ചയെ നേരിട്ടു കൊണ്ടിരിക്കുന്നു. ആഗോളതാപനം (Global Warming) കാലാവസ്ഥ വ്യതിയാനം (Climate change) എന്നീ പാരിസ്ഥിതിക വെല്ലുവിളികൾ നമ്മുടെ കണക്കുകൂട്ടലുകൾ ആകെ തെറ്റിച്ചു കൊണ്ടിരിക്കുന്നു. ഖരമാലിന്യങ്ങളും, ഗാർഹിക മാലിന്യങ്ങളും വ്യവസായമാലിന്യങ്ങളും ഈ-മാലിന്യങ്ങളും (E-Waste) ഒക്കെ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയെ തന്നെ തകിടം മറിച്ചുകഴിഞ്ഞു. ഇന്ന് നമ്മുടെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും നഗരസഭകളും മാലിന്യങ്ങൾ കൊണ്ട് പൊറുതിമുട്ടി കഴിഞ്ഞു. ശരിയായ മാലിന്യ സംസ്കരണം എന്നത് ഒരു മിഥ്യയും. മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്ന രീതി നാം ഉപേക്ഷിക്കണം. നമ്മുടെ ജലസ്രോതസ്സുകൾ മലിനമാകാതെ ഭദ്രമായി നാം സംരക്ഷിക്കണം. പുണ്യനദികളായ പമ്പയും പെരിയാറും, ഭാരതപ്പുഴയും ഒക്കെ മലിനമാകാതെ സംരക്ഷിക്കണം. ശുദ്ധജല തടാകമായ ശാസ്താംകോട്ട കായലും അഷ്ടമുടിയും വേമ്പനാടും ചാലിയാറും, ചുള്ളിയാറും കല്ലടയാറും മലിനമായി കഴിഞ്ഞു. പകർച്ച വ്യാധികളും ക്യാൻസർ പോലുള്ള മാരക രോഗങ്ങളും മനുഷ്യ ജീവന് ഭീഷണി ആയി മാറികഴിഞ്ഞു. കേരളീയ സമൂഹത്തിന്റെ പൊതുവായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നത് ഒരു യാഥാർത്ഥ്യം ആണ്.

**അമിത കീടനാശിനികളുടെ ഉപയോഗവും രാസവള പ്രയോഗങ്ങളും സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വേറെയും. നിരോധിത കീടനാശിനിയായ എൻഡോ സൾഫാന്റെ ഉപയോഗം ജനിതക വൈകല്യങ്ങൾ സൃഷ്ടിക്കുമെന്ന കാര്യം നാം കണ്ടതാണ്. മരങ്ങൾ നമ്മുടെ വരമാണ് എന്ന സത്യം ഉൾക്കൊണ്ട് കൂടുതൽ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുവാൻ നാം തയ്യാറാകണം.**

മനുഷ്യന്റെ ജീവിക്കുവാനുള്ള അവകാശത്തിന്റെ ലംഘനമാണ് പാരിസ്ഥിതിക വിഷയങ്ങൾ മൂലം ഉണ്ടാകുന്നതു പരിസ്ഥിതിയോടു കൂടുതൽ ഇഴുകി കഴിയുവാൻ നമുക്കാകണം. എന്നാൽ മാത്രമേ നാം ഇന്ന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാകൂ. പാരിസ്ഥിതിക അവബോധം ഗ്രാമീണരിൽ ഉണ്ടാക്കാൻ വേണ്ട നടപടികൾ ഗ്രാമതല സർക്കാരുകൾ സ്വീകരിക്കണം. പരിസ്ഥിതി സംരക്ഷണത്തിനായി ഗ്രാമ തലങ്ങളിൽ എക്കോ ക്ലബ്ബുകൾ സ്ഥാപിക്കാം. ലോക പിരിസ്ഥിതി ദിനം സെമിനാറുകൾ സംഘടിപ്പിച്ചു ബോധവല്കരണം സംഘടിപ്പിക്കാം. കൂടാതെ കലാജാഥകൾ, നാടകങ്ങൾ തുടങ്ങിയവയിലൂടെ ബോധവല്കരണം നടത്താം. നദികളും പുഴകളും പാടങ്ങളും കുളങ്ങളും കാടുകളും കാവുകളും സംരക്ഷിക്കാൻ കൂട്ടായി തീരുമാനിക്കാം. ഗ്രാമസഭകൾ തുറസ്സായ സ്ഥലങ്ങളിൽ മരത്തിൻ ചുവട്ടിൽ കൂടാം. പരിസ്ഥിതി സംരക്ഷിക്കാൻ കീടനാശിനികളും രാസവളങ്ങളും മാറ്റി ജൈവ വളങ്ങളും ജൈവ കീടനാശിനികളും പ്രോത്സാഹിപ്പിക്കാം. മണലും ചെളിയും വാരുന്നത് നിർത്താൻ കൂട്ടായി തീരുമാനിക്കാം. പ്രകൃതി മനോഹര ഗ്രാമങ്ങൾ നമുക്ക് തിരികെ കൊണ്ടുവരാം. പരിസ്ഥിതി സംരക്ഷണം മനുഷ്യാവകാശത്തിനു എന്ന മുദ്രാവാക്യം നമുക്ക് ഉയർത്തി കാട്ടാം. ഇന്ന് നമ്മുടെ ജനാധിപത്യം കാത്തു സൂക്ഷിക്കുന്ന രാഷ്ട്രീയ കക്ഷികൾ തന്നെ പരിസ്ഥിതിയിൽ അധിഷ്ടിതമായ നിലപാടുകൾ സ്വീകരിക്കുന്നു എന്നതും ശ്രദ്ധേയമാണ്. ഈ സമൂഹത്തിൽ അധിവസിക്കുന്ന ഓരോ മനുഷ്യനും പരിസ്ഥിതി സംരക്ഷണത്തിനായി മുന്നോട്ടു വരേണ്ടിയിരിക്കുന്നു. മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കാൻ നാം പഠിക്കേണ്ടിയിരിക്കുന്നു. ബയോ ഗ്യാസ് പ്ലാന്റു കൾ പ്രോത്സാഹിപ്പിക്കാൻ ഗ്രാമ തല സർക്കാരുകൾ ശ്രമിക്കണം. മാലിന്യവിമുക്ത ഹരിതാഭമായ മനോഹര ഗ്രാമങ്ങൾക്കായി നമുക്ക് കൂട്ടായി ശ്രമിക്കാം. ■

*ലേഖകൻ ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദുകോളേജിൽ പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽ അസി. പ്രൊഫസറാണ്*



# നാം അറിയേണ്ട ലോകം



## പ്രതിമാസ ശമ്പളം 25 കോടി രൂപ !

ശമ്പളത്തുക കേട്ടപ്പോൾ അത്ഭുതം തോന്നുന്നുണ്ടോ? അത്ഭുതപെടേണ്ട, യാഥാർത്ഥ്യം തന്നെ. ബ്രിട്ടണിലെ എലിസബത്ത് രാജ്ഞിയുടെ 2013–14 സാമ്പത്തിക വർഷത്തെ ശമ്പളമാണ് ശരാശരി പ്രതിമാസം 25 കോടി രൂപയോളം വരുന്നത്. 3.61 കോടി പൗണ്ടാണ് വാർഷിക ശമ്പളം (296 കോടി രൂപയ്ക്കു തുല്യം) മായി വരുന്നത്. രാജകുടുംബത്തിന്റെ അധീനതയിലുണ്ടായിരുന്ന സ്വത്തിന്റെ (ക്രൗൺ എസ്റ്റേറ്റ്) വാർഷിക ലാഭത്തിന്റെ 15% ആണ് രാജ്ഞി ശമ്പളമായി സ്വീകരിക്കുന്നത്. രാജ്ഞിയുടെ യാത്രകൾ, മുന്നൂറോളം സ്റ്റാഫിന്റെ ശമ്പളം, കൊട്ടാരത്തിന്റെ അറ്റകുറ്റ പണികൾ തുടങ്ങിയവയ്ക്കെല്ലാം ഈ പണമാണുപയോഗിക്കുന്നത്.

## ഓസ്കർ അവാർഡ് – ചരിത്രം

ലോസ് ആഞ്ചലസ് ആസ്ഥാനമായുള്ള അക്കാദമി ഓഫ് മോഷൻ പിക്ചർ ആർട്സ് ആന്റ് സയൻസ് എന്ന ആറായിരത്തോളം വോട്ടവകാശമുള്ള അംഗങ്ങളുള്ള ഒരു സ്വതന്ത്ര സംഘടന നൽകി വരുന്നതാണ് ഓസ്കർ അവാർഡ്. ഓരോ വർഷത്തിലെയും മികച്ച ചലചിത്രത്തിനും അണിയറയ്ക്ക് മുന്നിലും പിന്നിലും പ്രവർത്തിച്ച പ്രതിഭാധനർക്കും ഈ അവാർഡ് നല്കി വരുന്നു. ആദ്യ ഓസ്കർ അവാർഡ് സമ്മാനിക്കുന്നത് 1929ലാണ്. ഓസ്കർ പുരസ്കാരങ്ങൾ കൈമാറുന്നതും പൊതു വിപണിയിൽ ലേലത്തിനോ വിൽപ്പനയ്ക്കോ വയ്ക്കുന്നതും നിയമം മൂലം നിരോധിച്ചിരിക്കുന്നു. ഓസ്കർ പുരസ്കാരത്തിന് അയക്കുന്ന ചലചിത്രങ്ങൾ കുറഞ്ഞത് 40 മിനിറ്റെങ്കിലും ദൈർഘ്യമുള്ളതായിരിക്കണം. സാധാരണ ഫെബ്രുവരി അവസാനമോ മാർച്ച് ആദ്യ വാരത്തിലോ ആണ് ലോകം ഉറ്റുനോക്കുന്ന ഈ ചലചിത്ര പുരസ്കാരം സമ്മാനിക്കുന്നത്.

## ഓസോൺ പാളി

സാധാരണ ഓക്സിജനിൽ നിന്നും വ്യത്യസ്ഥമായി മൂന്ന് തന്മാത്രകളടങ്ങുന്ന ഓക്സിജന്റെ രൂപമാണ് ഓസോൺ. വിനാശകാരിയായ അൾട്രാ വയലറ്റ് രശ്മികളിൽ നിന്ന് ഭൂമിയെ സംരക്ഷിക്കുന്നത് ഓസോൺ പാളിയുടെ സാന്നിധ്യമാണ്. ഭൂമിയുടെ താപനിലയെ ക്രമീകരിക്കുന്നതിൽ ഓസോൺ പാളി സുപ്രധാന പങ്ക് വഹിക്കുന്നു. ഭൗമോപരിതലത്തിനുമുകളിലായി 20 കി:മീറ്ററിനും 35 കി:മീറ്ററിനും ഇടയിലാണ് ഓസോൺ പാളി കാണപ്പെടുന്നത്. ഓസോണിന്റെ അളവിൽ കുറവു വരുന്നതായി ശാസ്ത്രജ്ഞർ കണ്ടെത്തിയിട്ടുണ്ട്. അന്റാർട്ടിക്കയ്ക്കുമുകളിൽ ഒരു ഓസോൺ സുഷിരം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഈ സുഷിരം വലുതാകുന്നതു തടയാനുള്ള തീവ്ര ശ്രമത്തിലാണ് ലോക രാഷ്ട്രങ്ങൾ.

## ആരാണ് മാർട്ടിൻ കൂപ്പർ?

ആശയ വിനിമയ രംഗത്ത് വിപ്ലവം സൃഷ്ടിച്ച മൊബൈൽ ഫോണിന്റെ പിതാവാണ് മാർട്ടിൻ കൂപ്പർ. 1973 ഏപ്രിൽ മൂന്നിനാണ് ആദ്യമായി മൊബൈൽ ഫോണിലൂടെ ആശയ വിനിമയം നടത്തിയത്. മോട്ടറോള കമ്പനിയിലെ സീനിയർ എഞ്ചിനിയറായിരുന്ന മാർട്ടിൻ കൂപ്പർ മറ്റൊരു ടെലികോം കമ്പനിയിലെ എതിരാളിയെ വിളിച്ച് "യഥാർത്ഥ സെല്ലുലാർ ഫോണിൽ നിന്നാണ് ഞാൻ സംസാരിക്കുന്നത്" എന്ന് വിജയശ്രീലാളിതനായി അറിയിച്ചായിരുന്നു ആദ്യ സംഭാഷണം. മൊബൈൽ ഫോൺ എത്തിയിട്ട് 40 വർഷം പിന്നിട്ടിരിക്കുന്നു.

– പഞ്ചായത്ത് ന്യൂസ് സർവ്വീസ്

കെ.സി. സുബ്രഹ്മണ്യൻ



# നിർമ്മാണ പ്രവർത്തനങ്ങളും സദ്ഭരണവും



**അധികാര വികേന്ദ്രീകരണം കേരളത്തിൽ**

ഇന്ത്യൻ ഭരണ ഘടനയുടെ 73,74 ഭേദഗതിയെതുടർന്ന് കേരളം ജനാധിപത്യ അധികാരവികേന്ദ്രീകരണത്തിന് മാതൃകാപരമായ നാന്ദികുറിച്ചു. 1994-ൽ പാസാക്കിയ പഞ്ചായത്ത് രാജ്/നഗര പാലിക നിയമങ്ങൾ പ്രകാരം 95ലായിരുന്നു ആദ്യമായി കേരളത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ജനാധിപത്യ അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ (ഒമ്പതാം പഞ്ചവത്സര പദ്ധതി മുതൽ) ആരംഭിച്ചത്.

അധികാരവികേന്ദ്രീകരണത്തിന്റെ മുഖ്യദർശനം കാര്യക്ഷമവും ജനക്ഷേമകരവുമായ പ്രാദേശിക ഭരണം ഉറപ്പുവരുത്തുകയാണ്. അധികാര വികേന്ദ്രീകരണത്തിലൂടെ മാത്രമേ പ്രദേശിക സർക്കാറുകളുടെ ശാക്തീകരണവും സാമൂഹിക നീതിയിലധിഷ്ഠിതമായ പ്രദേശിക ഭരണവും സാധ്യമാകുകയുള്ളു. ദുർബലരും അശരണരുമായ ജന വിഭാഗങ്ങളുടെ അവകാശസംരക്ഷണവും ശാക്തീകരണവും ഉറപ്പുവരുത്താൻ വികേന്ദ്രീകൃത ഭരണ സംവിധാനത്തിന് കഴിയും.

**കേന്ദ്രീകൃത ഭരണവ്യവസ്ഥയുടെ പോരായ്മകൾ:-**

- പ്രദേശിക ആവശ്യങ്ങളും പ്രശ്നങ്ങളും വിഭവ സാധ്യതകളും അവഗണിക്കൽ
- അമിതകേന്ദ്രീകരണം
- ജനപങ്കാളിത്തമില്ലായ്മ
- സുതാര്യതയില്ലായ്മ
- ഡിപ്പാർട്ടുമെന്റലിസം
- ഉദ്യോഗസ്ഥ മേധാവിത്വം
- കാര്യക്ഷമതയില്ലായ്മ
- അഴിമതിയും വിഭവചോർച്ചയും
- സമഗ്ര സമീപനമില്ലായ്മ
- സംയോജന സാധ്യതകൾ പരിഗണിക്കാതിരിക്കൽ
- ഉത്തരവാദിത്വമില്ലായ്മ.

**ജനാധിപത്യ അധികാരവികേന്ദ്രീകരണം – തത്വങ്ങൾ:-**

- അധികാരം ജനങ്ങൾക്ക്
- പങ്കാളിത്ത ജനാധിപത്യം
- പ്രതികരണാത്മക ഭരണം
- അറിയാനുള്ള അവകാശം
- സുതാര്യത
- ഉത്തരവാദിത്വം
- കീഴ് തലമുൻഗണന
- പരസ്പര പുരകത
- സംയോജനം
- നിയമവ്യവസ്ഥയ്ക്ക് വിധേയം.

**ഭരണവും സദ്ഭരണവും:-**

മാനുഷികവും സാമൂഹികവും പാരിസ്ഥിതികവുമായ പുരോഗതി പ്രതിഫലിക്കുന്നതാണ് സദ്ഭരണത്തിന്റെ കാഴ്ചപ്പാട്. തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയക്ക് ഒപ്പം തന്നെ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്ന പ്രക്രിയയുമാണ് ഭരണം. അത് സദ്ഭരണമാകുന്നത്, സുതാര്യവും, ഉത്തരവാദിത്തപൂർണ്ണവും, പക്ഷപാത രഹിതവുമായ രീതിയിൽ യഥാസമയം നിർവ്വഹണം നടക്കുമ്പോഴാണ്.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ പ്രദേശിക വികസന പ്രവർത്തനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ നല്ലൊരു പങ്ക് (ഏകദേശം 65% തുക) മരാമത്ത് പണികൾ ഉൾപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു. ആയതിനാൽ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൽ സദ്ഭരണം സാധ്യമാകണമെങ്കിൽ, നിർമ്മാണ പ്രവർത്തനങ്ങൾ സുതാര്യവും അഴിമതിരഹിതവും ആയിരിക്കണം.

**നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:-**

- ഗ്രാമസഭ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ മാത്രമേ ഏറ്റെടുക്കാവൂ.
- ആവശ്യമുള്ള നിർമ്മാണ പ്രവർത്തനങ്ങളേ ഏറ്റെടുക്കാവൂ.
- പ്രവർത്തന ഉദ്ദേശ്യം നടപ്പിലാക്കുന്നതിന് അനുബന്ധ സൗകര്യങ്ങളായ – വൈദ്യുതി, വെള്ളം, വഴി, ഗുണഭോക്താക്കൾ, സ്ഥലം എന്നിവ ഉണ്ടായിരിക്കണം
- വികസന പ്രവൃത്തി നടപ്പിലാക്കുമ്പോൾ പ്രദേശികമായി സാമ്പത്തിക വികസനം ഉണ്ടാകണം.

**സുതാര്യ സമീപനം:- മുന്നൊരുക്കങ്ങൾ:-**

- ഏതു പ്രവൃത്തി ഏറ്റെടുക്കുമ്പോഴും അത് നടപ്പിലാക്കുന്നതിനു വേണ്ടി ചില മുന്നൊരുക്കങ്ങൾ സ്വയം ഭരണ സ്ഥാപനങ്ങളിൽ നടത്തേണ്ടതുണ്ട്.
- തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ അതിർത്തിയിൽ വരുന്ന എല്ലാ റോഡുകളുടെയും ഒരു കണക്ടിവിറ്റി ഭൂപടം ഉണ്ടായിരിക്കണം.
- പവർലൈൻ ഭൂപടം, കുടിവെള്ള ഭൂപടം എന്നിവയും ഉണ്ടായിരിക്കണം.
- ഏത് പ്രവൃത്തിയും വിഭാവനം ചെയ്യും മുമ്പ് സ്ഥലം സന്ദർശിച്ച് ഇൻവസ്റ്റിഗേഷൻ നടത്തണം.
- വിശദമായ എസ്റ്റിമേറ്റ് ഉണ്ടാവണം.
- പ്രദേശികമായി കിട്ടാവുന്ന വിഭവസമാഹരണം കണ്ടെത്തണം.
- ഏതൊരു പൗരനും മനസ്സിലാക്കുന്നതിനു വേണ്ടി, എസ്റ്റിമേറ്റ്, ലേബർ, മെറ്റീരിയൽ സ്റ്റേറ്റ്മെന്റ് എന്നിവ മലയാളത്തിലാക്കണം.

**നിർമ്മാണ രീതികളും ജനപങ്കാളിത്തവും:-**

പതിനഞ്ച് ലക്ഷം രൂപ വരെ അടങ്കലുള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കാം. അതിലൂടെ ജനപങ്കാളിത്തം ഉറപ്പിക്കാം. അംഗീകൃത ഏജൻസികളായ പി.ടി.എ, പാടശേഖരസമിതി, ആശുപത്രി വികസനസമിതി, കേരവികസന സമിതി തുടങ്ങിയവയിലൂടെ അടങ്കൽ തുകക്ക് പരിധിയില്ലാതെ പദ്ധതികൾ നടപ്പിലാക്കാം. തനതു മേഖലയിലെ വൈദഗ്ധ്യം കൊണ്ട് പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസികൾ മുഖേന പദ്ധതികൾ സംഘടിപ്പിക്കാം സർക്കാർ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റായി പദ്ധതികൾ നടപ്പിലാക്കാം ടെണ്ടർ സമ്പ്രദായം വഴിയും പദ്ധതി നടപ്പിലാക്കാം.

**നിർവ്വഹണം**

- കാര്യമായ ടെണ്ടർ നടപടി ക്രമങ്ങൾ നിർമ്മാണ സ്ഥലത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട വിവരങ്ങൾ പരസ്യപ്പെടുത്തണം.
- പ്രവൃത്തി നടക്കുന്ന സ്ഥലത്തെ പ്രാദേശിക ജനങ്ങളായ ഗുണഭോക്താക്കളെ വിളിച്ചു ചേർത്ത് നടത്തുന്ന ഗുണഭോക്തൃ കമ്മിറ്റിയുടെ രൂപീകരണം.
- നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തി എന്തെന്ന് കമ്മിറ്റിയംഗങ്ങൾക്ക് വിശദീകരിച്ചു കൊടുക്കണം.

**ഏതു നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോഴും, അത് പരിസ്ഥിതി, ഭൂമി, വെള്ളം, അന്തരീക്ഷം, ജനജീവിതം, യാത്രാസൗകര്യങ്ങൾ എന്നിവയ്ക്ക് ദോഷകരമായി തീരരുത്. പ്രകൃതിക്കനുസരിച്ച് നിർമ്മാണ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.**





**തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ പ്രദേശിക വികസന പ്രവർത്തനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ നല്ലൊരു പങ്ക് (ഏകദേശം 65% തുക) മരാമത്ത് പണികൾ ഉൾപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു. ആയതിനാൽ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൽ സദ്ഭരണം സാധ്യമാകണമെങ്കിൽ, നിർമ്മാണ പ്രവർത്തനങ്ങൾ സുതാര്യവും അഴിമതിരഹിതവും ആയിരിക്കണം.**

- നിർമ്മാണത്തിന്റെ ഓരോഘട്ടത്തിലും കമ്മിറ്റിയംഗങ്ങളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തണം.

**മോണിറ്ററിംഗ്:-**

- പ്രവൃത്തിയുടെ തുടക്കം മുതൽഒടുക്കം വരെയുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ്.
- പ്രദേശിക ഗുണഭോക്തൃ കമ്മിറ്റിയുടെ മോണിറ്ററിംഗ്.
- ഉദ്യോഗസ്ഥരുടെ കാര്യക്ഷമമായ ശ്രദ്ധയും സഹകരണവും.
- ജനപ്രതിനിധികളുടെ പ്രവൃത്തി സ്ഥലം സന്ദർശിക്കൽ, പ്രശ്നങ്ങൾ പരിഹരിക്കൽ, ഗുണമേൻമ ഉറപ്പുവരുത്തൽ തുടങ്ങിയ ഇടപെടലുകൾ.
- സമയബന്ധിതമായ സോഷ്യൽ ഓഡിറ്റിംഗ്.

**അവലോകനം**

- ഒരു പ്രവൃത്തി പൂർത്തീകരിച്ചാൽ, ആ പ്രവൃത്തിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിച്ചോ എന്നതിനെകുറിച്ച് മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടും തുടർന്ന് സംരക്ഷണ സമിതിയുടെ റിപ്പോർട്ടും, നിർവ്വഹണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടും, സ്ഥാപന മേധാവികളുടെ അഭിപ്രായവവും, പെർഫോമൻസ് റിപ്പോർട്ടും വാങ്ങി ഭരണസമിതി അവലോകനം ചെയ്യേണ്ടതാണ്.

**ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ ഒഴിവാക്കുക:-**

- അശാസ്ത്രീയവും വസ്തുതാപരവുമല്ലാത്ത എസ്റ്റിമേറ്റ് ഒഴിവാക്കണം.
- മുന്നൊരുക്ക നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തണം.
- ഗുണനിലവാരമുള്ള മെറ്റീരിയൽസ്, പരിചയസമ്പന്നരായ വിദഗ്ധ തൊഴിലാളികൾ, സാങ്കേതിക മേൻമയുള്ള യന്ത്രങ്ങൾ എന്നിവയുടെ അഭാവം നികത്തണം.
- ഉദ്യോഗസ്ഥ-ജനപ്രതിനിധി കൂട്ടായ്മ ദൃഢപ്പെടുത്തണം.

**നിർമ്മാണ പ്രവർത്തനങ്ങളും പരിസ്ഥിതി സംരക്ഷണവും:-**

- ഏതു നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോഴും, അത് പരിസ്ഥിതി, ഭൂമി, വെള്ളം, അന്തരീക്ഷം, ജനജീവിതം, യാത്രാ സൗകര്യങ്ങൾ എന്നിവയ്ക്ക് ദോഷകരമായി തീരരുത്. പ്രകൃതിക്കനുസരിച്ച് നിർമ്മാണ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്. അതിന് പ്രോത്സാഹനവും നൽകണം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും നിലനിൽക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ കണ്ടെത്തി പഞ്ചായത്ത്-ബ്ലോക്ക്-ജില്ലാ-സംസ്ഥാന തലങ്ങളിൽ പരിഹരിക്കേണ്ടവ തിരിച്ചറിഞ്ഞ്, കർമ്മ പരിപാടികൾ തയ്യാറാക്കണം. മാലിന്യ സംസ്ക്കരണം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം കണ്ടെത്തണം. കൂടാതെ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കണം. ■

*ലേഖകൻ ഒറ്റപ്പാലം ബ്ലോക്കിൽ*
*അസി. എക്സിക്യൂട്ടീവ് എൻജിനീയറാണ്.*



കെ.ജി. ഹരിതം

# വിവരാവകാശ നിയമത്തിന് മുമ്പ് അറിയാനുള്ള അവകാശം നിയമപരമാക്കിയ കേരളപഞ്ചായത്ത്‌രാജ് നിയമം



ഭരണം സുതാര്യവും കാര്യക്ഷമവും അഴിമതി രഹിതവും ഉത്തരവാദിത്വമുള്ളതും ആക്കി മാറ്റുന്നതിനും ജനാധിപത്യ പ്രവർത്തനത്തിൽ പ്രബുദ്ധരായ പൗരസമൂഹത്തെ രൂപപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ട് കേന്ദ്ര സർക്കാർ രൂപം നൽകിയ സുപ്രധാന നിയമമാണ് 'വിവരാവകാശ നിയമം-2005'. ഈ നിയമപ്രകാരം പൗരന്റെ അറിയാനുള്ള അവകാശം നിയമപരമാക്കപ്പെട്ടു. ഇതിലൂടെ ഒരു പബ്ലിക് അതോറിറ്റിക്ക് കരസ്ഥമാക്കാവുന്ന രേഖകൾ, പ്രമാണങ്ങൾ, മെമ്മോകൾ, ഇ-മെയിലുകൾ, അഭിപ്രായങ്ങൾ, ഉപദേശങ്ങൾ, പ്രസ്സ് റിലീസുകൾ, സർക്കുലറുകൾ, ഉത്തരവുകൾ, ലോഗ് ബുക്കുകൾ, കരാറുകൾ, റിപ്പോർട്ടുകൾ, പേപ്പറുകൾ, സാമ്പിളുകൾ, മാതൃകകൾ തുടങ്ങി ഏതു രൂപത്തിലുള്ള വസ്തുതകളും, ഇലക്ട്രോണിക് രൂപത്തിലുള്ള വസ്തുതകളും ലഭിക്കുന്നതിന് ഏതൊരു പൗരനും അവകാശമുണ്ട്. വിവരാവകാശ നിയമം നിലവിൽ വന്നത് 21-06-2005-ൽ ആണ്. എന്നാൽ സുപ്രധാനമായ ഈ നിയമം നിലവിൽ വരുന്നതിന് മുമ്പ് 1998-ൽ കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ അറിയാനുള്ള അവകാശം നിയമപരമാക്കപ്പെട്ടു. 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 254-ാം വകുപ്പു നൽകുന്ന അധികാരങ്ങൾ ഉപയോഗിച്ച് പുറപ്പെടുവിച്ച 1998 ലെ കേരള പഞ്ചായത്ത് രാജ് (റിക്കാർഡുകളുടെ സൂക്ഷിപ്പും പകർപ്പും നൽകലും) ചട്ടങ്ങൾ അറിയാനുള്ള പൗരന്റെ അവകാശം നിയമപരമാക്കി.

സർക്കാരോ, സർക്കാർ അധികാരപ്പെടുത്തിയ ഏതെങ്കിലും അധികാരിയോ രഹസ്യസ്വഭാവമുള്ളതെന്ന് തിരിച്ചിട്ടുള്ള ഏതെങ്കിലും കാര്യത്തെ സംബന്ധിച്ചുള്ള റിക്കാർഡുകളോ അപ്രകാരം ഉള്ള ഒരു കാര്യം സംബന്ധിച്ച വിവരങ്ങൾഉൾകൊള്ളുന്ന റെക്കോർഡുകളോ ഒഴിച്ചുള്ള, പഞ്ചായത്തിന്റെ ഏതൊരു റിക്കാർഡുകളും പരസ്യരേഖ ആയിരിക്കുന്നതും ആവശ്യത്തിന് പ്രസ്തുത റിക്കാർഡിന്റെയോ അല്ലെങ്കിൽ അതിന്റെ പ്രസക്ത ഭാഗത്തിന്റേയോ പകർപ്പ് ലഭിക്കുന്നതിനോ പ്രസക്ത ഭാഗങ്ങൾ പകർത്തി എടുക്കുന്നതിനോ ഏതൊരു ആൾക്കും അവകാശമുണ്ടായിരിക്കുന്നതാണെന്ന് പ്രസ്തുത നിയമം അനുശാസിക്കുന്നു. സർക്കാരിന്റെ വകുപ്പുകൾ ഓദ്യോഗിക ആവശ്യത്തിനായി പഞ്ചായത്തിലെ ഏതെങ്കിലും പ്രമാണത്തിന്റേയോ നടപടിക്രമങ്ങളുടേയോ മറ്റേതെങ്കിലും തരത്തിലുള്ള റിക്കാർഡുകളുടേയോ പ്രസക്ത ഭാഗങ്ങളുടെ പകർപ്പുകൾ രേഖാമൂലം ആവശ്യപ്പെടുന്ന സംഗതിയിൽ യാതൊരു ഫീസും ഈടാക്കാതെ പകർപ്പ് തയ്യാറാക്കി നൽകാൻ ഈ നിയമം അനുശാസിക്കുന്നു. ഈ നിയമനുസരിച്ച് സമർപ്പിക്കുന്ന അപേക്ഷ, ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും കാരണങ്ങളാൽ നിരസിക്കുന്നുവെങ്കിൽ പകർപ്പ് ഫീസ് രേഖാമൂലം തിരികെ നൽകണമെന്നും നിയമം വ്യവസ്ഥ ചെയ്യുന്നു. രേഖകൾ ലഭ്യമല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കികൊണ്ടുള്ള ഒരു സർട്ടിഫിക്കറ്റ് സെക്രട്ടറിയോ, ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ അപേക്ഷകന് നൽകണം. അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം അപേക്ഷയിൻമേൽ തീർപ്പുകൽപ്പിക്കേണ്ടതാണ് എന്ന നിബന്ധന എടുത്തു പറയേണ്ടതാണ്. പകർപ്പ് ശരിയാണെന്നുള്ളതിന്റെ തെളിവിനായി സെക്രട്ടറി അല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അതിൽ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തേണ്ടതും പഞ്ചായത്തിന്റെ അല്ലെങ്കിൽ ബന്ധപ്പെട്ട ആഫീസിന്റെ മുദ്ര അതിൽ പതിക്കേണ്ടതുമാണ്. റിക്കാർഡുകൾ നേരിൽ കണ്ട് പകർത്തിയെടുക്കുവാൻ അപേക്ഷിച്ചിട്ടുള്ള സംഗതിയിൽ അക്കാര്യത്തിനായി അപേക്ഷകൻ ആഫീസിൽ ഹാജരാകേണ്ട തീയതി അപേക്ഷകനെ അറിയിക്കേണ്ടതും റിക്കാർഡ് പകർത്തിയെടുക്കുവാൻ അനുവദിക്കേണ്ടതുമാണ്. അപേക്ഷ നിരസിക്കപ്പെട്ട സംഗതി സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും അതിന്മേൽ അദ്ദേഹത്തിന്റെ തീർപ്പ് അന്തിമമായിരിക്കുന്നതുമാണ്.

എന്നാൽ സുപ്രധാനമായ ഈ നിയമം എന്തുകൊണ്ടോ വേണ്ടത്ര ചർച്ച ചെയ്യപ്പെടുകയോ പ്രാധാന്യം നൽകപ്പെടുകയോ ചെയ്തില്ല. മാത്രവുമല്ല ഈ നിയമത്തിന്റെ ചുവടുപിടിച്ച് കേരളത്തിലെ എല്ലാ വിവിധവകുപ്പുകൾക്കും അറിയാനുള്ള അവകാശം നിയമപരമാക്കാനും നമ്മൾ ശുഷ്കാന്തികാണിച്ചില്ല. എങ്കിൽ അത് കേരളത്തിന് മറ്റൊരു മാതൃക ആകുമായിരുന്നു. ■

# ഇ-ഗവേണൻസ് വാർത്തകൾ
## E- Governance News

ഇൻഫർമേഷൻ കേരളാ മിഷന്റെ പ്രവർത്തനത്തിന്റെ ഫലമായി തദ്ദേശ ഭരണസ്ഥാപനങ്ങളിൽ നിന്നും പൊതു ജനങ്ങൾക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾ വെബ് സർവീസിലേക്ക് മാറിക്കഴിഞ്ഞു. ജനനമരണവിവാഹ രജിസ്ട്രേഷൻ, പദ്ധതി വിവരങ്ങൾ, വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, വസ്തുനികുതി ഇ-പേയ്മെന്റ്, സർക്കാർ ഉത്തരവുകൾ, ഫയൽ നിജസ്ഥിതി വിവരങ്ങൾ, ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിവരങ്ങൾ, ടെണ്ടർ വിവരങ്ങൾ, തുടങ്ങിയവ ഇപ്പോൾ വെബ്സൈറ്റ് വഴി ലഭ്യമാകുന്നുണ്ട്. സോഫ്റ്റ്വെയറുകൾ സ്വന്തമായി തയ്യാറാക്കി വിന്യസിച്ച്, സാങ്കേതിക സഹായം നൽകി, പ്രവർത്തിപ്പിച്ച് മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ഹാർഡ്വെയർ വിന്യാസം, ഇലക്ട്രിഫിക്കേഷൻ, നെറ്റ്വർക്കിംഗ് എന്നിവ പൂർത്തിയാക്കിയാണ് ഈ നേട്ടം കൈവരിക്കാൻ സാധിച്ചത്. മുഴുവൻ തദ്ദേശ ഭരണസ്ഥാപനങ്ങളേയും, സർക്കാർ അധീനതയിലുള്ള ഒരു സ്ഥാപനം വികസിപ്പിച്ച സോഫ്റ്റ്വെയറിൽ കോർത്തിണക്കി പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം കേരളം മാത്രമാണ്. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിൽ ഇൻഫർമേഷൻ കേരളാ മിഷന് ഉള്ളതുപോലെതന്നെ നിർണ്ണായകമായ പങ്ക് സംസ്ഥാന സർക്കാരിനും തദ്ദേശഭരണസ്ഥാപനങ്ങൾക്കും ഉണ്ട്. ഈ സാമ്പത്തിക വർഷത്തിൽ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ പദ്ധതി നടപ്പാക്കുന്നതോടൊപ്പം, കടലാസ്-രഹിത (പേപ്പർലെസ്സ്) ഓഫീസായി ക്രമീകരിക്കുക എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

- സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളും അവരുടെ 2012-13 വാർഷിക പദ്ധതി പ്രോജക്ടുകൾ വെബ് അധിഷ്ഠിത സുലേഖ ആപ്ലിക്കേഷനിലൂടെ ഓൺലൈനായി തയ്യാറാക്കുകയും,182771 ലക്ഷം പ്രോജക്ടുകൾ ഇത്തരത്തിൽ തയ്യാറാക്കി അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്. സാംഖ്യയുമായി സംയോജിപ്പിച്ച് ഓരോ പ്രോജക്ടിന്റെയും ചെലവ് തത്സമയം തന്നെ വെബ്സൈറ്റിൽ രേഖപ്പെടുത്തുന്നതിനും ഓരോ പ്രോജക്ടിന്റെയും ചെലവ് പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നു.
- 2013-14 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനായി പ്രോജക്ടുകൾ ഓൺലൈനായി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി സംസ്ഥാനത്തെ 141 എം.എൽ.എ മാർക്ക് സുലേഖ വെബ്സൈറ്റിൽ പ്രവേശിക്കുന്നതിനുള്ള യൂസർ നെയിമും പാസ്‌വേഡും ലഭ്യമാക്കിയിട്ടുണ്ട്.
- ഇടമലക്കുടി, അഞ്ചുതെങ്ങ് എന്നീ ഗ്രാമപഞ്ചായത്തുകളിൽ കൂടി സേവന സിവിൽ രജിസ്ട്രേഷൻ ഓൺലൈൻ സംവിധാനം നിലവിൽ വന്നതോടെ ഇന്ത്യയിൽ സിവിൽ രജിസ്ട്രേഷൻ സംവിധാനം പൂർണ്ണമായും ഇലക്ട്രോണിക്കായി നിർവ്വഹിക്കുന്ന ഏക സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു.
- 1970 മുതൽ സംസ്ഥാനത്ത് കൈയെഴുത്തായി നിർവ്വഹിച്ചിട്ടുള്ള ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടറൈസേഷൻ 2013 ജൂൺ മാസത്തോടെ പൂർത്തിയാകുന്നതാണ്. നൂറിലധികം രജിസ്ട്രേഷൻ യൂണിറ്റുകളിലെ 1970 മുതലുള്ള സിവിൽ രജിസ്ട്രേഷൻ വിവരങ്ങളും അഞ്ഞൂറിലധികം രജിസ്ട്രേഷൻ യൂണിറ്റുകളിലെ 2000 മുതലുള്ള സിവിൽ രജിസ്ട്രേഷൻ വിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്.
- www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ പൊതു വിവാഹ രജിസ്ട്രേഷനു വേണ്ടിയുള്ള അപേക്ഷാ ഫോറം സമർപ്പിക്കുന്നതിനും, വിവാഹം കഴിഞ്ഞ് മണിക്കൂറുകൾക്കകം തദ്ദേശ ഭരണ സ്ഥാപനത്തിൽ നേരിട്ട് ഹാജരായി രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നതിനുമുള്ള ഇ-ഫയലിംഗ് സംവിധാനം കേരളത്തിലെ ഏകദേശം എല്ലാ രജിസ്ട്രേഷൻ യൂണിറ്റിലും നിലവിലുണ്ട്.
- ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ലോകത്തിൽ എവിടെ നിന്നും ഇ-മെയിൽ ഐഡിയും മൊബൈൽ നമ്പറുമുള്ള ഏതൊരാൾക്കും ക്രെഡിറ്റ് കാർഡ്/ഡെബിറ്റ് കാർഡ്/നെറ്റ് ബാങ്കിംഗ് എന്നിവ ഉപയോഗിച്ച് പണം അടച്ച് രസീത് കൈപ്പറ്റാവുന്നതാണ്. വസ്തുനികുതി അടയ്ക്കുന്നതിനുള്ള ഇ-പേയ്മെന്റ് സൗകര്യം തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് എന്നീ 3 കോർപ്പറേഷനുകളിലും മൂവാറ്റുപുഴ, ആലുവ, ഒറ്റപ്പാലം, മട്ടന്നൂർ, കാഞ്ഞങ്ങാട്, കാസറഗോഡ്, പെരിന്തൽമണ്ണ എന്നീ 7 മുനിസിപ്പാലിറ്റികളിലും തുമ്പമൺ, കട്ടപ്പന, മഞ്ചേശ്വരം, കുമ്പള, മൊഗ്രാൽ പുത്തൂർ എന്നീ 5 ഗ്രാമപഞ്ചായത്തുകളിലും ലഭ്യമാണ്. തിരുവനന്തപുരം കോർപ്പറേഷനിലെ കെട്ടിട ഉടമസ്ഥർക്ക് 11 പോസ്റ്റോഫീസുകളിലൂടെ നികുതി ഒടുക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്.
- തദ്ദേശ ഭരണസ്ഥാപനങ്ങളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം വഴി ഫയലുകളുടെ നിജസ്ഥിതി പൊതുജനങ്ങൾക്ക് അറിയുന്നതിനുള്ള സൂചിക സോഫ്റ്റ്വെയർ പരിഷ്ക്കരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷയുടെ ഓരോ ഘട്ടത്തിലേയും ഫയൽ നീക്കങ്ങളുടെ പുരോഗതി എസ്.എം.എസ്

സംവിധാനം വഴി തത്സമയം അപേക്ഷന്റെ മൊബൈൽ ഫോണിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനവും, നോൺ ഇലക്ട്രിഫിക്കേഷൻ, നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, ബി.പി.എൽ, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് എന്നിവ തത്സമയം ലഭിക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കി.

- ത്രിതല പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി ഉപയോഗപ്രദമല്ലാത്ത കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും തകരാറുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് അതാത് ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഹാർഡ്‌വെയർ ക്ലിനിക്കുകൾ നടത്തി പ്രവർത്തനക്ഷമമാക്കി.
- ബി.എസ്.എൻ.എല്ലിന്റെ സഹായത്തോടെ എത്ര വിപുലമായ ഡേറ്റയും കൂടുതൽ സുരക്ഷിതത്വത്തോടെ കൈമാറ്റം ചെയ്യാൻ തദ്ദേശഭരണസ്ഥാപനങ്ങളെ തമ്മിൽ ബന്ധിപ്പിക്കാൻ കഴിയുന്ന ഡിജിറ്റൽ സൂപ്പർ ഹൈവേ സ്ഥാപിച്ചു. ഇന്ത്യയിൽ ആദ്യമായാണ് തദ്ദേശഭരണ സ്ഥാപനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇത്തരമൊരു ശൃംഖല സ്ഥാപിതമാവുന്നത്.
- സംസ്ഥാനത്ത് 18 ലക്ഷത്തിൽ പരം ഗുണഭോക്താക്കളുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം പൂർണ്ണമായും ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സേവന സോഫ്ട്‌വെയറിലൂടെയാണ് നിർവ്വഹിക്കപ്പെടുന്നത്. 2013 ഏപ്രിൽ മാസം മുതൽ സംസ്ഥാനത്തെ മുഴുവൻ ഗുണഭോക്താക്കളുടെയും പെൻഷൻ വിതരണം ആധാർ നമ്പറുകളുടെ അടിസ്ഥാനത്തിൽ സേവിംഗ്സ് ബാങ്ക് വഴി നിർവ്വഹിക്കുന്നതിനുള്ള സോഫ്ട്‌വെയർ പരിഷ്ക്കരണം പൂർത്തിയാക്കി.
- പഞ്ചായത്ത് എംപവർമെന്റ് ആന്റ് അക്കൗണ്ട് ബിലിറ്റി ഇൻസെന്റീവ് സ്കീം 2012-13 അവാർഡിനായി ത്രിതല പഞ്ചായത്തുകൾക്ക് അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് വെബ് അധിഷ്ഠിത PEAIS സോഫ്ട് വെയർ വികസിപ്പിച്ച് വിന്യസിച്ചു..
- കേന്ദ്ര സർക്കാർ പഞ്ചായത്തിരാജ് മന്ത്രാലയം നടപ്പാക്കുന്ന ഇ-പഞ്ചായത്ത് പ്രോജക്ടിന്റെ നോഡൽ ഏജൻസിയായി ഇൻഫർമേഷൻ കേരളാ മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ജില്ലാതല പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിക്കുകയും ചെയ്തു. ഇത് സംബന്ധമായ തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- പെരിന്തൽമണ്ണ, ആറ്റിങ്ങൽ മുനിസിപ്പാലിറ്റികളിലും താനാളൂർ ഗ്രാമപഞ്ചായത്തിലും പ്രിമിസെസ് മാപ്പിംഗ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. പെരിന്തൽമണ്ണയിൽ പൂർത്തീകരിച്ച വിവരങ്ങൾ അടങ്ങിയ വെബ്പേജ് തയ്യാറാക്കിയിട്ടുണ്ട്. മലപ്പുറം മുനിസിപ്പാലിറ്റിയുടെ പ്രിമിസ്സസ് മാപ്പിംഗും, സാമൂഹ്യ സാമ്പത്തിക സർവ്വേയും, അതുവഴി ശേഖരിച്ച വിവരങ്ങളുടെ ഡേറ്റാ എൻട്രിയും, മാപ്പുമായുള്ള ഡേറ്റ ലിങ്കിങ്ങും പൂർത്തീകരിച്ചു.

**സാംഖ്യാ ഡബിൾ എൻട്രി ആപ്ലിക്കേഷൻ വിന്യാസം പൂർണ്ണതയിലേയ്ക്ക്**

സംസ്ഥാനത്ത് 1193 തദ്ദേശഭരണ സ്ഥാപനങ്ങളിൽ അക്രൂവൽ അടിസ്ഥാനമാക്കിയുള്ള അക്കൗണ്ടിംഗ് ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ (സാംഖ്യ) നടപ്പാക്കി. ഇടുക്കി ജില്ലയിലെ 16 ഗ്രാമപഞ്ചായത്തുകൾ ഒഴികെയുള്ള മറ്റെല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും സാംഖ്യ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വിന്യസിച്ചു പ്രവർത്തിച്ചു വരുന്നു. എറണാകുളം ജില്ലയും മലപ്പുറം ജില്ലയും നൂറിൽ നൂറ് നേടിഎറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷൻ, ജില്ലാപഞ്ചായത്ത്, 11 മുൻസിപ്പാലിറ്റികൾ , 14 ബ്ലോക്ക് പഞ്ചായത്ത്, 84 ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ സാംഖ്യാ ഡബിൾ എൻട്രി വിന്യസിപ്പിച്ച് പ്രവർത്തനക്ഷമമാക്കിയതോടെ ജില്ലയിലെ 111 തദ്ദേശ സ്ഥാപനങ്ങളിലേയും അക്കൗണ്ടിംഗ്, ഇൻഫർമേഷൻ കേരളാ മിഷൻ വികസിപ്പിച്ച സാംഖ്യാ ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്തിയാണ് ക്രോഡീകരിക്കുന്നത്. 7 മുൻസിപ്പാലിറ്റി, 15 ബ്ലോക്ക് പഞ്ചായത്ത്, 100 ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് ഇൻഫർമേഷൻ കേരളാ മിഷൻ തയ്യാറാക്കി വിന്യസിച്ച സാംഖ്യാ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ വഴി ക്രോഡീകരിക്കപ്പെടുന്നുണ്ട്.

**അജാനൂർ ഗ്രാമപഞ്ചായത്ത് ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ പ്രഖ്യാപനം**

കാസറഗോഡ് ജില്ലയിലെ അജാനൂർ ഗ്രാമപഞ്ചായത്തിന്റെ കമ്പ്യൂട്ടർ വർക്കരണത്തിന്റെ ഭാഗമായി ജനസേവന വിഭാഗം സമ്പൂർണ്ണമായി കമ്പ്യൂട്ടർ വൽകരിക്കുന്നതിന്റെ പ്രഖ്യാപനം പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ മുനീർ 05.04.2013 നു നിർവ്വഹിച്ചു. കാസറഗോഡ് ജില്ലയിലെ വസ്തു നികുതി ഇ-പേയ്മെന്റ് വഴി അടയ്ക്കുന്ന നാലാമത്തെ ഗ്രാമപഞ്ചായത്ത് എന്ന പദവി അജനൂർ ഗ്രാമപഞ്ചായത്തിനു ലഭിച്ചു. മുൻകാല ജനനരജിസ്റ്ററുകളുടെ ഡാറ്റാ എൻട്രി നടത്തിയ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. ജനന സർട്ടിഫിക്കറ്റുകൾ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. കൂടാതെ വിവാഹം രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷ ഓൺലൈൻ വഴി സമർപ്പിക്കാവുന്നതാണ്. ഓഫീസിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ എസ്.എം.എസ് മുഖാന്തിരം അറിയിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തി.



**മലപ്പുറം ജില്ലയിലെ വണ്ടൂർ മണ്ഡലം രണ്ടാം സ്ഥാനം നേടി**

മലപ്പുറം ജില്ലയിലെ വണ്ടൂർ മണ്ഡലം സമ്പൂർണ്ണ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ പൂർത്തിയാക്കിയ രാജ്യത്തെ രണ്ടാമത്തെ മണ്ഡലമെന്ന ബഹുമതി നേടിയതിന്റെ പ്രഖ്യാപനം കേരള ടൂറിസം-പട്ടികജാതി പിന്നോക്ക ക്ഷേമവകുപ്പ് മന്ത്രി എ.പി. അനിൽകുമാർ 16-03-2013 നൂസിയന്ന ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വച്ച് നടത്തി.

ഉദയഭാനു കണ്ടേത്ത്



# പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും

? ബ്ലോക്ക് പഞ്ചായത്തുകളിൽ ഗുണഭോക്താക്കൾക്ക് ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ.)തുക നൽകുന്നത് ചെക്ക് വഴിയാണ്. ഗുണഭോക്താക്കൾ സ്റ്റേജ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നു. ചെക്ക് ലഭിക്കാൻ കാത്തുനില്ക്കുന്നു. ഉടൻതന്നെ ചെക്ക് എഴുതി സെക്രട്ടറിയുടെ ഒപ്പ് വാങ്ങി ഗുണഭോക്താവിന് നൽകുന്നു. പിന്നീട് ഓരോ ചെക്കിനും സാംഖ്യയിൽ പേയ്മെന്റ് ഓർഡറും പേയ്മെന്റും രേഖപ്പെടുത്തേണ്ടിവരുന്നു. ഇതുസംബന്ധിച്ച് രണ്ടു സംശയങ്ങളുണ്ട്.

(1) ഓരോപണം കൊടുക്കലും പ്രസിഡന്റ് അധികൃതമാക്കണമെന്ന തത്വം ഐ.എ.വൈ. ചെക്കുകൾക്ക് ബാധകമാണോ?

(2) ഓരോ ചെക്കിനും സാംഖ്യയിൽ ഓരോ പേയ്മെന്റ് ഓർഡർ രേഖപ്പെടുത്തണമെന്നു നിബന്ധന വളരെ പ്രയാസം സൃഷ്ടിക്കുന്നു. ഒട്ടേറെ പേയ്മെന്റ് ഓർഡറുകളാണ് ഒരു ദിവസം രേഖപ്പെടുത്തേണ്ടിവരുന്നത്. ഇത് ഒഴിവാക്കാൻ എന്താണ് വഴി?

(1) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 156(4) (ഡി) വകുപ്പ് ഓരോപണം കൊടുക്കലും പ്രസിഡന്റ് അധികൃതമാക്കണമെന്ന് അനുശാസിക്കുന്നു. ഐ.എ.വൈ. ഉൾപ്പെടെ ഏതു സ്രോതസ്സിൽ നിന്നുള്ള പണം കൊടുക്കലിനും ഈ നിബന്ധന ബാധകമാണ്.

(2) ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് പണം നൽകുന്നതിന് താഴെപറയുന്ന രീതി അവലംബിച്ചാൽ ചെക്ക് ലഭിക്കുന്നതിനു വേണ്ടിയുള്ള ദീർഘനേരത്തെ കാത്തുനില്പിൽ നിന്ന് ഗുണഭോക്താക്കൾ മോചിതരാവും. ഒട്ടേറെ ചെക്കുകൾ എഴുതിക്കൂട്ടി ഒട്ടേറെ പേയ്മെന്റ് ഓർഡറുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്ന ജോലിക്കൂടുതൽ ജീവനക്കാർക്കും ഒഴിവായിക്കിട്ടും. കൂടാതെ, ബിൽ എഴുതാതെ, സെക്രട്ടറി ബിൽ പാസ്സാക്കാതെ, പണം കൊടുക്കൽ പ്രസിഡന്റ് അധികൃതമാക്കാതെ ഏതെങ്കിലും ബ്ലോക്ക് പഞ്ചായത്തിൽ ചെക്ക് എഴുതുന്നുണ്ടെങ്കിൽ, ആനിയമ ലംഘനവും ഇല്ലാതായിത്തീരും. താഴെ പറയുന്ന നടപടികൾ അവലംബിക്കുക.

i) എല്ലാ ഐ.എ.വൈ. ഗുണ ഭോക്താക്കളോടും ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ NEFTസൗകര്യമുള്ള ബാങ്കിൽ സേവിങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കാൻ ആവശ്യപ്പെടുക.

ii) ഒരു ദിവസം ലഭിക്കുന്ന ഐ.എ.വൈ. സ്റ്റേജ് സർട്ടിഫിക്കറ്റുകൾ മുഴുവൻ ശേഖരിക്കുക. അവയുടെ പേയ്മെന്റ് പിറ്റേ ദിവസം അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുമെന്ന് തീരുമാനിക്കുക; ഇക്കാര്യം പരസ്യപ്പെടുത്തുക.

iii) തലേദിവസം ലഭിച്ച മുഴുവൻ സ്റ്റേജ് സർട്ടിഫിക്കറ്റുകൾക്കും ചേർത്ത് ഒരു പ്രൊസീഡിംഗ്സും അതിന്റെ അടിസ്ഥാനത്തിൽ ഒരു ബില്ലും തയ്യാറാക്കുക.

iv) സാംഖ്യയിൽ പേയ്മെന്റ് ഓർഡർ രേഖപ്പെടുത്തി ബിൽ സെക്രട്ടറിക്ക് സമർപ്പിക്കുക. പേയ്മെന്റ് ഓർഡർ നമ്പർ ബില്ലിന്മേൽ എഴുതുക.

v) അനുവദനീയമാണെങ്കിൽ സെക്രട്ടറി ബിൽ പാസ്സാക്കി പ്രസിഡന്റിന് സമർപ്പിക്കുക.

vi) അനുവദനീയമാണെങ്കിൽ പ്രസിഡന്റ് പണം കൊടുക്കൽ അധികൃതമാക്കി സെക്രട്ടറിക്ക് തിരിച്ചു നൽകുന്നു.

vii) സെക്രട്ടറി സാംഖ്യയിൽ പേയ്മെന്റ് ഓർഡറിനുള്ള അപ്രൂവൽ രേഖപ്പെടുത്തുന്നു. ബിൽ ക്ലാർക്കിന് തിരിച്ചു കൊടുക്കുന്നു.

viii) ഗുണഭോക്താക്കളുടെ പേരും ബാങ്ക് അക്കൗണ്ട് നമ്പരും ഉൾക്കൊള്ളുന്ന ലിസ്റ്റിനോടൊപ്പം ബാങ്കിന് നൽകാനുള്ള ചെക്ക് എഴുതി ക്ലാർക്ക് സെക്രട്ടറിക്കു സമർപ്പിക്കുന്നു.

ix) സെക്രട്ടറി ചെക്ക് ഒപ്പിട്ട് ക്ലാർക്കിനു തിരിച്ചു നൽകുന്നു. ക്ലാർക്ക് സാംഖ്യയിൽ പേയ്മെന്റ് രേഖപ്പെടുത്തുന്നു.

x) ഗുണഭോക്താക്കളുടെ ലിസ്റ്റ് സഹിതം ചെക്ക് ബാങ്കിലേക്ക് കൊടുത്തയക്കുന്നു. ഉടൻതന്നെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ പണം എത്തിച്ചേരുന്നു. സ്റ്റേജ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിന്റെ പിറ്റേന്ന് യാതൊരു കാത്തുനില്പും കൂടാതെ ഗുണഭോക്താക്കൾക്ക് പണം ലഭിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിലെ ക്ലാർക്കിനും സെക്രട്ടറിക്കും പ്രസിഡന്റിനും ജോലിക്കൂടുതൽ ഒഴിവാക്കുന്നു. ബിൽ തയ്യാറാക്കാതെ, പ്രസിഡന്റ് അധികൃതമാക്കാതെ ഐ.എ.വൈ ചെക്കുകൾ മുമ്പ് നൽകിയിരുന്നുവെങ്കിൽ, ആ നിയമ ലംഘനവും ഒഴിവാകുന്നു.

? മഹാത്മാഗാന്ധി തൊഴിലുറപ്പുപദ്ധതിയിൽ ഗുണഭോക്താക്കൾക്കെല്ലാം ബാങ്ക് അക്കൗണ്ടുണ്ട്. പക്ഷേ പല ബാങ്കുകളിലായിട്ടാണ് അക്കൗണ്ട്. ഓരോ ബാങ്കിനും ഒരു ചെക്ക് എന്ന ക്രമത്തിൽ എഴുതുകയും ഓരോ ചെക്കിനും വെവ്വേറെ പേയ്മെന്റ് ഓർഡർ സാംഖ്യയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ ജോലി കൂടുതൽ ഒഴിവാക്കാനുള്ള വഴി നിർദ്ദേശിക്കാമോ

= കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ ദേശസാൽകൃത ബാങ്കിലെ അക്കൗണ്ടിലായിരിക്കും മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയുടെ പണം നിക്ഷേപിച്ചിട്ടുള്ളത്.

ഗുണഭോക്താക്കൾക്ക് ദേശസാൽകൃത ബാങ്കിലോ, NEFT സൗകര്യമുള്ള ഷെഡ്യൂൾഡ് ബാങ്കിലോ, സഹകരണ ബാങ്കിലോ ആയിരിക്കും അക്കൗണ്ട്.

ഒരു ബിൽ സംബന്ധിച്ച് ഒരു ചെക്ക് മാത്രം എഴുതി ബാങ്കിൽ സമർപ്പിക്കുക. ദേശസാൽകൃത ബാങ്കിലോ NEFT സൗകര്യമുള്ള ഷെഡ്യൂൾഡ് ബാങ്കിലോ അക്കൗണ്ട് ഉള്ളവരുടെ പേരും ബാങ്ക് അക്കൗണ്ട് നമ്പരും, ബാങ്കിന്റെ പേരും ഉൾക്കൊള്ളുന്ന ലിസ്റ്റും ഒപ്പം സമർപ്പിക്കുക. NEFT വഴി ഓരോ അക്കൗണ്ടിലും ബാങ്ക് പണം എത്തിച്ചുകൊള്ളും.

സഹകരണ ബാങ്കുകളിൽ NEFT സൗകര്യമില്ല. അതിനാൽ ഓരോ സഹകരണ ബാങ്കിലേക്കും ഒരു ഡിമാൻഡ് ഡ്രാഫ്റ്റ് ദേശസാൽകൃത ബാങ്ക് നൽകും. ഗുണ ഭോക്താക്കളുടെ പേരും അക്കൗണ്ട് നമ്പരും ഉൾപ്പെടുന്ന ലിസ്റ്റ് സഹിതം ഡിമാൻഡ് ഡ്രാഫ്റ്റ് സഹകരണബാങ്കിന് നൽകുക. ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ പണം എത്തിച്ചേരും.

**?** തനതു ഫണ്ടിൽ നിന്നും പണം നൽകേണ്ടിവരുന്ന മരാമത്തുപണികളുടെ കാര്യത്തിൽ റിക്കവറി തുകകൾ സെക്രട്ടറി അടയ്ക്കണമെന്നും കരാറുകാരന് നൽകാനുള്ള തേഡ് പാർട്ടി ചെക്ക് മാത്രം സെക്രട്ടറി നൽകണമെന്നും നിർവഹണ ഉദ്യോഗസ്ഥനായ എഞ്ചിനീയർ ആവശ്യപ്പെടുന്നു. കരാറുകാരന്റെ പേരിൽ തേഡ് പാർട്ടി ചെക്കും എഞ്ചിനിയറുടെ പേരിൽ റിക്കവറി തുകകൾക്കുവേണ്ടി മറ്റൊരു ചെക്കും നൽകണമെന്ന് നിർവഹണ ഉദ്യോഗസ്ഥനായ എഞ്ചിനിയർ മറ്റൊരു സെക്രട്ടറിയോട് ആവശ്യപ്പെട്ടതായും അറിയുന്നു. ഇക്കാര്യത്തിൽ എന്താണ് ശരിയായ രീതി

= തനതുഫണ്ടിൽ നിന്ന് പണം ചെലവഴിക്കുന്ന മരാമത്തുപണികളുടെ കാര്യത്തിൽ ബിൽ തുകയ്ക്കുള്ള ഒരൊറ്റ ചെക്ക് വിപിഎഫ്/ബിപിഎഫ്/ഡിപിഎഫ് അക്കൗണ്ട് Iൽ നിന്ന് നിർവഹണ ഉദ്യോഗസ്ഥനായ എഞ്ചിനിയർക്ക് നൽകിയാൽ മതി. എഞ്ചിനിയർ ചെക്ക് ട്രഷറിയിൽ സമർപ്പിക്കും. ഒപ്പം ഇൻകം ടാക്സ്, വാറ്റ് എന്നിവയ്ക്കുള്ള ചലാനുകളും കരാറുകാരനും നിർമ്മാണതൊഴിലാളിക്ഷേമ നിധിക്കു നൽകാനുള്ള ഡിമാൻഡ് ഡ്രാഫ്റ്റുകളുടെ വിവരവും സമർപ്പിക്കുക. ചലാൻ രസീതുകളും ഡിമാൻഡ് ഡ്രാഫ്റ്റുകളും ട്രഷറി/ബാങ്കിൽ നിന്ന് എഞ്ചിനിയർക്ക് ലഭിക്കും.

**?** അടിയന്തരമായി അലോട്ട്മെന്റ് നൽകേണ്ട പ്രോജക്ടുകൾക്കുള്ള അലോട്ട്മെന്റ് മാന്വൽ ആയി നൽകാമോ?

= പാടില്ല. റിക്വസിഷൻ സാംഖ്യയിൽ രേഖപ്പെടുത്തിയശേഷം സാംഖ്യയിൽ നിന്നുള്ള അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിർവഹണ ഉദ്യോഗസ്ഥർ ട്രഷറിയിൽനിന്നു പണം പിൻവലിക്കാവൂ.

**?** ഇലക്ട്രിസിറ്റിബിൽ അടച്ചപ്പോൾ എടുത്ത സംഖ്യയേക്കാൾ കുറവേ അടയ്ക്കേണ്ടി വന്നുള്ളൂ. ബാക്കിതുക എന്തു ചെയ്യണം?

= ശരിയായ രീതിയിലാണ് ചെയ്തതെങ്കിൽ ഇലക്ട്രിസിറ്റിബിൽ പ്രകാരമുള്ള തുകയ്ക്ക് പേയ്മെന്റ് ഓർഡർ രേഖപ്പെടുത്തിയിരിക്കും. സെൽഫ് ചെക്ക് മുഖേന KSEB യിൽ അടക്കാനുള്ള തുക പിൻവലിക്കുന്നു. KSEB യിൽ പണം സ്വീകരിച്ച് രസീത് തന്നത് കുറഞ്ഞ തുകയ്ക്കാണ്. പേയ്മെന്റ് ഓർഡർ പ്രകാരമുള്ളതിനേക്കാൾ കുറഞ്ഞ തുക പേയ്മെന്റ് ആയി കാണിക്കാൻ സാധ്യമല്ലാത്തതിനാൽ പേയ്മെന്റ് ഓർഡർ കാൻസൽ ചെയ്യണം. KSEB രസീത് തന്ന തുകയ്ക്ക് പേയ്മെന്റ് ഓർഡർ രേഖപ്പെടുത്തണം. ആ തുകതന്നെ പേയ്മെന്റ് തുകയും രേഖപ്പെടുത്തണം. ബാക്കി വന്നതുക കോൺട്രാഎൻട്രി മുഖേന ബാങ്കിൽ തിരിച്ചടയ്ക്കണം.

അപൂർവം ചിലരെങ്കിലും കാഷ് കയ്യിൽവച്ചുകൊണ്ട് കാഷ് ഇൻസ്ട്രമെന്റ് ആയി പേയ്മെന്റ് സാംഖ്യയിൽ രേഖപ്പെടുത്തുന്നുണ്ട്. ഇത് ശരിയല്ല. കാഷ് യഥാസ്ഥാനത്തു നൽകി രസീത് ലഭിച്ച ശേഷമാണ് സാംഖ്യയിൽ പേയ്മെന്റ് രേഖപ്പെടുത്തുന്നത്.

**?** ഫ്രണ്ട് ഓഫീസ് സ്റ്റാഫിന് ട്രെയിനിംഗ് ലഭിച്ചിട്ടില്ല. അവർ എങ്ങനെ പ്രവർത്തിക്കും?

= ഏതെങ്കിലും ഓഫീസുകളിൽ ഏതെങ്കിലും ജീവനക്കാർക്കു മാത്രമായി പരിശീലനം ലഭിക്കാതെയുണ്ടെങ്കിൽ അവർക്ക് മാത്രമായി കിലയിൽ പരിശീലനപരിപാടി ഏർപ്പെടുത്തുന്നത് അപ്രായോഗികമാണ്. എന്നാൽ പുതുതായി വളരെയേറെ ആളുകൾ ഒരു പോസ്റ്റിലേക്ക് വരികയാണെങ്കിൽ (ഉദാ: സംസ്ഥാനമൊട്ടാകെ ഒരു പുതിയ ബാച്ച് അക്കൗണ്ടന്റുമാർ) അവർക്ക് സമഗ്രപരിശീലനം കിലയുടെ ആഭിമുഖ്യത്തിൽ നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമെന്നു തന്നെ നമുക്ക് പ്രതീക്ഷിക്കാം. എന്നാൽ ഓരോ ഓഫീസിലും ഒന്നോ അതിലധികമോ ജീവനക്കാർക്ക് സാംഖ്യയിൽ പരിശീലനം ആവശ്യമുണ്ടെങ്കിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ ഐ.കെ.എം. നിയോഗിച്ചിട്ടുള്ള അക്കൗണ്ടന്റ് കം ഐടി എക്സ്പെർട്ട് പഞ്ചായത്തിൽ തന്നെ പരിശീലനം നൽകുന്നതാണ്. ഇതിനായി ഐ.കെ.എമ്മിന്റെ ജില്ലാ കോഓർഡിനേറ്ററോടോ ജില്ലാ ടെക്നിക്കൽ ഓഫീസറോടോ ആവശ്യപ്പെട്ടാൽ മതി.

**?** നിർവഹണ ഉദ്യോഗസ്ഥർക്ക് ഇഷ്യു ചെയ്ത രസീത് പുസ്തകത്തിലെ രസീത് പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ പഞ്ചായത്തിൽ പണം അടയ്ക്കുമ്പോൾ അത് സാംഖ്യയിൽ കൈകാര്യം ചെയ്യുന്നതെങ്ങനെ

= ഗുണഭോക്തൃതവിഹിതം, ടെണ്ടർ ഫോം വിൽപന എന്നിവയുടെ കാര്യത്തിൽ ഓരോ വ്യക്തിയുടേയും പേര് പഞ്ചായത്തിൽ പ്രസക്തമല്ല. അതിനാൽ നിർവഹണ ഉദ്യോഗസ്ഥർ അടയ്ക്കുന്ന തുകകൾക്ക് ട്രാൻസാക്ഷൻ ടൈപ്പ് അടിസ്ഥാനത്തിൽ സാംഖ്യയിൽ രസീത് നൽകുന്നു. എന്നാൽ ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് തുടങ്ങിയ തുകകൾ പഞ്ചായത്ത് വ്യക്തികൾക്ക് തിരിച്ചു കൊടുക്കേണ്ടവയാണ്. അതിനാൽ വ്യക്തികളുടെ പേരിൽ രസീത് രേഖപ്പെടുത്തുക. രസീത് നിർവഹണ ഉദ്യോഗസ്ഥന് നൽകുക. അത് അദ്ദേഹം സൂക്ഷിച്ചാൽ മതി. ഇത്തരം തുകകൾ നിർവഹണ ഉദ്യോഗസ്ഥർ സ്വീകരിച്ച് രസീതു നൽകുകയും തുടർന്ന് പഞ്ചായത്തിൽ സാംഖ്യയിൽ രസീത് രേഖപ്പെടുത്തുകയും ചെയ്യുന്നതിനുപകരം നേരിട്ട് പഞ്ചായത്തിൽ തുക സ്വീകരിച്ച് കരാറുകാരൻ/ബന്ധപ്പെട്ട വ്യക്തിക്ക് രസീത് നൽകുന്നതാണ് നല്ലത്.

നിർവഹണ ഉദ്യോഗസ്ഥന് നൽകിയ രസീത് ബുക്കുമായി പിന്നീട് പഞ്ചായത്തിന് ബന്ധമൊന്നുമില്ല. പുറംപിരിവിന് പോകുന്ന പഞ്ചായത്തിലെ സ്റ്റാഫിനു നൽകുന്ന രസീതു ബുക്കുമായി നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീത് ബുക്കുകളെ താരതമ്യം ചെയ്യരുത്. നിർവഹണ ഉദ്യോഗസ്ഥർ സ്വന്തമായി കാഷ്ബുക്ക് സൂക്ഷിക്കുന്നവരാണ്. ഏതുതരം രസീത് ഉപയോഗിച്ച് പണം പിരിച്ചെടുത്താലും അവർ അത് സ്വന്തം TR7A കാഷ് ബുക്കിൽ ആദ്യം രേഖപ്പെടുത്തണം. തുടർന്ന് ആ പണം പഞ്ചായത്തിൽ അടയ്ക്കുമ്പോൾ പേയ്മെന്റ് ആയും രേഖപ്പെടുത്തണം. രസീത് ബുക്കുകളുടെ കൗണ്ടർ ഫോയിലുകൾ സ്വന്തം രേഖകളായി നിർവഹണ ഉദ്യോഗസ്ഥർ സൂക്ഷിക്കേണ്ടതാണ്.



# ആഹാരത്തിനും ആദായത്തിനും കൂൺ

**റാഫി. എസ്.**

ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പുതന്നെ, ചൈന, ജപ്പാൻ, കൊറിയ തുടങ്ങിയ രാജ്യങ്ങളിൽ കൂൺ പല രോഗങ്ങൾക്കും പ്രതിവിധിയായി, പ്രകൃതിദത്ത ചികിത്സാരീതി അവലംബിച്ച് വന്നതായി ചിരിത്രം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കാണാൻ കഴിയും. എന്നാൽ ചരിത്രാതീതകാലം മുതൽക്കേ ഒരു ആഹാര പദാർത്ഥമായി ഇന്ത്യക്കാരും കൂൺ ഉപയോഗിച്ചിരുന്നു. മനുഷ്യ ശരീരത്തിന് വേണ്ട ഒട്ടനവധി പോഷക ഘടകങ്ങളടങ്ങിയ സമ്പൂർണ ആഹാരപദാർത്ഥമാണ് കൂൺ. പഴവർഗങ്ങളിലും, പച്ചക്കറികളിലും അടങ്ങിയിരിക്കുന്നവയേക്കാൾ ധാതുലവണങ്ങൾ വളരെയധികം കൂണിൽ അടങ്ങിയിട്ടുണ്ട്. ശരീരത്തിന്റെ വളർച്ചക്ക് വേണ്ട ഒന്നനവധി വൈറ്റമിനുകൾ, ജീവകങ്ങൾ, ധാതുലവണങ്ങൾ, മാംസ്യം തുടങ്ങിയവയുടെ കലവറ കൂടിയാണ് കൂൺ. കൊഴുപ്പ്, അന്നജം എന്നിവ വളരെ കുറച്ച് മാത്രമേ അടങ്ങിയിട്ടുള്ളു. ഫോസ്ഫറസ്, പൊട്ടാസ്യം, ചെമ്പ്, ഇരുമ്പ്, കാത്സ്യം, മഗ്നീഷ്യം, സോഡിയം തുടങ്ങി ധാതു ലവണങ്ങളും-തയമിൻ, റൈബോ ഫ്ളേവിൻ, അസ്കോർബിക് ആസിഡ്, ബയോട്ടിൻ നിയാസിൻ, ഫോളിക് ആസിഡ് തുടങ്ങി ബി വൈറ്റമിനുകളും ധാരാളമായി കണ്ടുവരുന്നു. പച്ചക്കറികളിൽ കാണാൻ കഴിയാത്ത ഫോളിക് ആസിഡ്, ബയോട്ടിൻ തുടങ്ങിയ വൈറ്റമിനുകൾ കൂണിൽ അടങ്ങിയിരിക്കുന്നു. ഫോളിക് ആസിഡ് ചുവന്ന രക്താണുക്കളുടെ ഉത്പാദനത്തിന് വളരെ ആവശ്യമാണ്. രക്തത്തിലെ പഞ്ചസാരയുടെ അളവിനെ ക്രമീകരിക്കാനും, ഓക്സിജന്റെ അളവ് വർദ്ധിപ്പിക്കുകയും ചെയ്യുന്നു. വിളർച്ച, രക്തകുറവ് തുടങ്ങിയ രോഗങ്ങൾക്ക് കൂൺ പ്രയോജനം ചെയ്യുന്നുണ്ട്. കൂൺ പതിവായി ഉപയോഗിക്കുന്നവരിൽ രോഗപ്രതിരോധ ശേഷി വർദ്ധിക്കുന്നതായും, കാൻസർ, സ്തനാർബുദം തുടങ്ങിയ രോഗങ്ങൾ വരാനുള്ള സാധ്യത വളരെ കുറയുകയും ചെയ്യുന്നതായി ഗവേഷണ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

ഭക്ഷ്യയോഗ്യമായ കൂണുകളും വിഷമുള്ള കൂണുകളും നാം തിരിച്ചറിയേണ്ടത് അത്യാവശ്യമാണ്. ചില കൂണുകൾ കഴിച്ചാൽ മരണംവരെ സംഭവിക്കാവുന്നതാണ്. കൂൺ കറി വയ്ക്കുമ്പോൾ ഒരു നാണയംകൂടി ഇടുക, കൂൺ കറുത്ത് വരുന്നെങ്കിൽ അത് വിഷകൂൺ എന്ന് വേഗം മനസ്സിലാക്കാം. അതുപോലെ വെളുത്തുള്ളി ഇട്ട് കൂൺ തിളപ്പിക്കുമ്പോൾ വെള്ളത്തിന് നിറം മാറ്റം വരികയാണെങ്കിൽ വിഷമുള്ള കൂണെന്ന് മനസ്സിലാക്കാം. ഉയർന്ന രക്തസമ്മർദ്ദം, പ്രമേഹം, ഹൃദ്രോഗം, കരൾ രോഗങ്ങൾ തുടങ്ങിയ അസുഖമുള്ളവർക്കും, അമിതവണ്ണമുള്ളവർക്കും, ഒരു നല്ല ഭക്ഷ്യപദാർത്ഥമാണ് കൂൺ. ശരീരത്തിൽ ഉണ്ടാകുന്ന പല രോഗങ്ങൾക്കും, അലർജികൾക്കും എതിരെ കൂൺ പ്രവർത്തിക്കുന്നു. ആർത്രൈറ്റിസ്, ബ്രോംജൈറ്റിസ്, ഗാസ്ട്രിക് അൾസൽ, ഹൈപ്പർ ഗ്ലൈക്കീമിയ, ഹൈപ്പർടെൻഷൻ (ഹൈബ്ലഡ് പ്രഷർ) ഹൈപ്പറ്റിക് രോഗങ്ങൾ എന്നിവക്ക് ഒരു പ്രതിവിധിയാണ് കൂൺ.

കാർഷിക മേഖലയിൽ കുമിൾരോഗം കാൻസർ പോലെ കർഷകരെ വേട്ടയാടുന്നു. തെങ്ങ്, നെല്ല്, വാഴ, കുരുമുളക്, ഏലം എന്നീ വിളകളിൽ ധാരാളം കുമിൾരോഗങ്ങൾ കണ്ടുവരുന്നു. തെങ്ങിൽ കാണുന്ന, കൂമ്പ് ചീയൽ, പൂട്ട്റോട്ട്, തഞ്ചാവൂർറോട്ട്, ഗാനോഡെർമ റോട്ട്, ബേസൽസ്റ്റെംറോട്ട്, നെല്ലിനെ ബാധിക്കുന്ന ഇലപ്പുള്ളി രോഗങ്ങൾ തുടങ്ങിയവ കുമിൾ രോഗങ്ങളിൽ ചിലത് മാത്രമാണ്. ഇവയെ നിയന്ത്രിക്കുന്നതിന് വിവിധയിനം മരുന്നുകൾ ഇന്ന് വിപണിയിൽ ലഭ്യമാണ്.

വ്യാവസായികാടിസ്ഥാനത്തിൽ കൂൺ കൃഷി ചെയ്യുന്നതിലൂടെ അത് നല്ലൊരു വരുമാനമാർഗമായി മാറുന്നു. കൂൺകൃഷിക്ക് കൂടുതലായി തിരഞ്ഞെടുക്കുന്ന വിഭാഗങ്ങളാണ് ചിപ്പികൂൺ (Oyster mushroom) പാൽ കൂൺ (Milky mushroom) തുടങ്ങിയവ. വീടുകളിലും നമുക്ക് കൂൺ കൃഷി ചെയ്യാവുന്നതാണ്. ഇതിന് വേണ്ട ഗുണമേന്മയുള്ള വിത്തും, മാർഗ്ഗനിർദ്ദേശങ്ങളും, പരിശീലനങ്ങളും കേരളത്തിലെ കാർഷിക സർവകലാശാലകളിൽ നിന്നും ലഭിക്കുന്നതാണ്. കേരളത്തിൽ ഏതു കാലാവസ്ഥയ്ക്കും അനുയോജ്യമായ (25°C - 35°C) അന്തരീക്ഷ ഊഷ്മാവുള്ള സ്ഥലങ്ങളിൽ സമൃദ്ധിയായി കൂൺ വളരുന്നു.

"കൂൺ ഒരു ശീലമാക്കൂ
രോഗങ്ങളെ അകറ്റൂ" ■

*തയ്യാറാക്കിയത്*
*കൃഷി അസിസ്റ്റന്റ്, കൃഷിഭവൻ*
*കരവാരം, തിരുവനന്തപുരം.*



# ഗ്രാമപഞ്ചായത്തുകൾക്കുള്ള സംസ്ഥാന ബജറ്റ് വിഹിതം – ഒരു പഠനം

ഡോ. സി. പ്രദീപ്

**കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ബജറ്റ് വിഹിതം വർദ്ധിച്ചുവരുകയാണ്. 2011-12ൽ മുൻവർഷത്തെ അപേക്ഷിച്ച് 38.5 ശതമാനവും, 2012-13 ൽ 21.3 ശതമാനവും, 2013-14 ൽ 25.0 ശതമാനവുമാണ് വർദ്ധനവ് രേഖപ്പെടുത്തിയത്. പരമ്പരാഗത ചുമതലകൾ വഹിക്കുന്നതിനായി ലഭ്യമാകുന്ന ധനസഹായം 2010-11ൽ മുൻ വർഷത്തെ അപേക്ഷിച്ച് 9.9 ശതമാനം വർദ്ധിച്ചപ്പോൾ 2013-14 ൽ 22.4 ശതമാനം വർദ്ധിച്ചു.**

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ വരുമാനത്തിന്റെ അറുപതു ശതമാനത്തിലധികം ലഭിക്കുന്നത് സംസ്ഥാന ബജറ്റിലൂടെയാണ്. വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും, ഭരണഘടനാപ്രകാരം ലഭിച്ച ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനും, പൊതുജനങ്ങൾക്കാവശ്യമായ സൗകര്യം ലഭ്യമാക്കുന്നതിനും, ആവശ്യമായ ധനം ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്നത് ബജറ്റ് വിഹിതത്തിലൂടെയാണ്. ഇന്ത്യയിലെ ഗ്രാമപഞ്ചായത്തുകളുടെ ചരിത്രം പരിശോധിച്ചാൽ ഉയർന്ന ബജറ്റ് വിഹിതവും ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനശേഷിയും തമ്മിൽ നേരിട്ട് ബന്ധമുള്ളതായി മനസ്സിലാക്കാം. കേരളം, കർണ്ണാടകം തുടങ്ങിയ സംസ്ഥാനങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാതൃകാപരമായ പ്രവർത്തനം നടത്തുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്ന് ഉയർന്ന തോതിലുള്ള ബജറ്റ് വിഹിതമാണ്. കേരളത്തിലെ ഗ്രാമപഞ്ചാത്തുകൾക്ക് കഴിഞ്ഞ പത്ത് വർഷമായി ലഭിച്ചുകൊണ്ടിരിക്കുന്ന ബജറ്റ് വിഹിതത്തേയും 2013-14 വർഷത്തെ സംസ്ഥാന ബജറ്റിലെ പ്രത്യേകതകളെകുറിച്ചും അവലോകനം നടത്തുകയാണ് ഈ ലേഖനത്തിൽ.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ബജറ്റ് വിഹിതം

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെപോലെ തന്നെ കേരളത്തിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ വിഭവങ്ങൾ സ്വരൂപിക്കുവാൻ അവർക്ക് കഴിയുന്നില്ല. ഗ്രാമപഞ്ചായത്തുകളുടെ സ്ഥലവിസ്തൃതി, വ്യാപാരവ്യവസായ സ്ഥാപനങ്ങളുടെ കുറവ്, വീടുകളുടെ എണ്ണകുറവ്, വാണിജ്യസ്ഥാപനങ്ങളുടെ കുറവ്, വിഭവങ്ങൾ സ്വരൂപിക്കുന്നതിനുള്ള താല്പര്യകുറവ്, കുറഞ്ഞ നികുതി നിരക്ക്, വർദ്ധിച്ചുവരുന്ന ഉത്തരവാദിത്വങ്ങൾ, പ്രാദേശിക സാമൂഹിക-സാമ്പത്തിക അവസ്ഥ, തുടങ്ങിയ നിരവധി കാരണങ്ങളാൽ സ്വയം പര്യാപ്തതനേടുവാൻ കേരളത്തിലെ പല ഗ്രാമപഞ്ചായത്തുകൾക്കും കഴിയാറില്ല. അതിനാൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ആവിർഭാവകാലം മുതൽ തന്നെ സർക്കാർ വിവിധ രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം ചെയ്തുവരുന്നു. കേരള പഞ്ചായത്തീരാജ് നിയമവും ജനകീയാസൂത്രണവും തുടങ്ങിയതിനും ശേഷം ഉയർന്നതോതിലുള്ള ബജറ്റ് വിഹിതമാണ് സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കിവരുന്നത്.

| കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾക്കുള്ള ബജറ്റ് വിഹിതം (രൂപ കോടിയിൽ) | | | | | | |
|---|---|---|---|---|---|---|
| വർഷം | പരമ്പരാഗത ചുമതല | റോഡ് മെയിന്റനൻസ് | റോഡ് ഇതര മെയിന്റനൻസ് | വികസനവും അഭിവൃദ്ധിപ്പെടുത്തലും/പദ്ധതി വിഹിതം | ആകെ | വർദ്ധനവ് (%) |
| 2004-05 | 205.3 | 129.3 | 196.4 | 1350.0 | 1881.0 | - |
| 2005-06 | 255.5 | 174.9 | 226.7 | 1375.0 | 2032.1 | 8 |
| 2006-07 | 300.0 | 138.9 | 211.0 | 1400.0 | 2049.9 | 0.8 |
| 2007-08 | 330.0 | 152.8 | 232.1 | 1540.0 | 2254.9 | 10 |
| 2008-09 | 362.3 | 168.1 | 255.3 | 1694.0 | 2479.7 | 9.9 |
| 2009-10 | 399.3 | 184.9 | 280.8 | 1863.0 | 2728.0 | 10.0 |
| 2010-11 | 439.23 | 203.4 | 308.9 | 2050.0 | 3001.5 | 10 |
| 2011-12 | 617.0 | 528.5 | 264.3 | 2750.0 | 4159.8 | 38.5 |
| 2012-13 | 735.2 | 724.0 | 362.0 | 3228.0 | 5049.2 | 21.3 |
| 2013-14 | 900.1 | 943.0 | 471.5 | 4000.0 | 6314.6 | 25.0 |

**ഇന്ത്യയിലെ ഗ്രാമപഞ്ചായത്തുകളുടെ ചരിത്രം പരിശോധിച്ചാൽ ഉയർന്ന ബജറ്റ് വിഹിതവും ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനശേഷിയും തമ്മിൽ നേരിട്ട് ബന്ധമുള്ളതായി മനസ്സിലാക്കാം. കേരളം, കർണ്ണാടകം തുടങ്ങിയ സംസ്ഥാനങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാതൃകാപരമായ പ്രവർത്തനം നടത്തുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്ന് ഉയർന്ന തോതിലുള്ള ബജറ്റ് വിഹിതമാണ്.**

കേരളസംസ്ഥാന ബജറ്റിൽ നാല് ഹെഡുകളിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം ലഭ്യമാക്കുന്നത്. പരമ്പരാഗത ചുമതലകൾ നിർവ്വഹിക്കുന്നതിന്, റോഡ് മെയിന്റനൻസിന്, റോഡ് ഇതരമെയിന്റനൻസിന് പദ്ധതി വിഹിതം എന്നിവയാണ് നാല് ഹെഡുകൾ.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ബജറ്റ് വിഹിതം വർദ്ധിച്ചുവരുകയാണ്. 2011-12ൽ മുൻവർഷത്തെ അപേക്ഷിച്ച് 38.5 ശതമാനവും, 2012-13 ൽ 21.3 ശതമാനവും, 2013-14 ൽ 25.0 ശതമാനവുമാണ് വർദ്ധനവ് രേഖപ്പെടുത്തിയത്. പരമ്പരാഗത ചുമതലകൾ വഹിക്കുന്നതിനായി ലഭ്യമാകുന്ന ധനസഹായം 2010-11ൽ മുൻ വർഷത്തെ അപേക്ഷിച്ച് 9.9 ശതമാനം വർദ്ധിച്ചപ്പോൾ 2013-14 ൽ 22.4 ശതമാനം വർദ്ധിച്ചു. സ്ഥാപനങ്ങളുടെ ആസ്ഥിപരിപാലനത്തിനായി നല്കുന്നതാണ് റോഡ്, റോഡ് ഇതര മെയിന്റനൻസ് ഫണ്ടുകൾ. 2006-07 ൽ റോഡ്, റോഡ് ഇതര വിഹിതം 40:60 അനുപാതത്തിലായിരുന്നത് 2011-12 മുതൽ 67:33 അനുപാതമായി തുടരുകയാണ്. റോഡുകളുടെ മെയിന്റനൻസിന് നല്കിവരുന്ന പ്രധാന്യമാണ് ഉയർന്ന വിഹിതത്തിന്റെ കാരണം.

സംസ്ഥാന പദ്ധതി വിഹിതത്തിന്റെ നാലിൽ ഒന്ന് ഭാഗം നല്കുന്നത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കാണ്. 2013-14 ബജറ്റിൽ 4000 കോടി രൂപയാണ് (23.5%) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നല്കിയിരിക്കുന്നത്. 2012-13 ൽ ഇത് സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 23.0 ശതമാനം തുകയായിരുന്നു. 1999-2000 വർഷത്തിൽ 31.38 ശതമാനവും 2002-03 ൽ 33.33 ശതമാനവുമാണ് അനുവദിച്ചിരുന്നത്. തദ്ദേശ സ്ഥാപനങ്ങൾക്കുള്ള വിഹിതം കൂടി വരുകയാണെങ്കിലും ജനകീയാസൂത്രണത്തിന്റെ ആദ്യവർഷങ്ങളിൽ ലഭിച്ചിരുന്ന അനുപാതത്തിൽ കുറവുണ്ടായിവരുകയാണ്. കഴിഞ്ഞ പത്ത് വർഷത്തെ ശരാശരി പദ്ധതി വിഹിതം സംസ്ഥാനപദ്ധതിയുടെ 24.12 ശതമാനമാണ്.

**2013-14 സംസ്ഥാന ബജറ്റും കേരളത്തിലെ ഗ്രാമപഞ്ചായത്തുകളും**

2013-14 സംസ്ഥാന ബജറ്റിൽ രണ്ട് തരത്തിലുള്ള സാമ്പത്തിക സഹായങ്ങളാണ് ഗ്രാമപഞ്ചായത്തുകൾക്ക് നല്കുന്നത്. ഒന്ന് പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത വകുപ്പുകൾക്ക് നല്കുന്ന ധനസഹായം. രണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് നാലാം ധനകാര്യക്കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ നല്കുന്ന ബജറ്റ് വിഹിതം. പൊതുവിദ്യാഭ്യാസവകുപ്പിന് 132.10 കോടിയും പൊതുജനാരോഗ്യവകുപ്പിനായി 183.52 കോടിയും, തൊഴിലും തൊഴിൽ സൗകര്യത്തിനുമായി 45.26 കോടിയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമത്തിനായി 1.11 കോടിയും, ധാന്യവിളകൾക്കായി 10.94 കോടിയും മറ്റ് ഗ്രാമവികസനത്തിനുള്ള പ്രത്യേകപരിപാടികൾക്കായി 22.00 കോടിയും സാമൂഹ്യ സുരക്ഷിതത്വത്തിനും ക്ഷേമത്തിനുമായി 986.80 കോടി രൂപയും ഉൾപ്പെടെ 1202.54 കോടി രൂപയാണ് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്ത വകുപ്പകൾക്കായി 2013-14 ബജറ്റ് നിർദ്ദേശിച്ചിരിക്കുന്നത്.

2013-14 വർഷത്തേക്ക് ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനത്തിന് ആകെ 3654.30 കോടി രൂപയാണ് നല്കുന്നത്. ഇതിൽ 60.4 ശതമാനം തുക പദ്ധതി നടത്തിപ്പിനും, 17.4 ശതമാനം പരമ്പരാഗത ചുമതലകൾ നിർവഹിക്കുന്നതിനും 15.1 ശതമാനം റോഡ് ആസ്തികളുടെ സംരക്ഷണ ത്തിനും, 7.1 ശതമാനം റോഡ് ഇതര ആസ്തി സംരക്ഷണത്തിനുമാണ് നീക്കി വെച്ചിരിക്കുന്നത്. ■

| നാലാം സംസ്ഥാന ധനകാര്യകമ്മീഷന്റെ ശുപാർശ പ്രകാരം തദ്ദേശ സർക്കാരുകൾക്ക് 2013-14 ലേക്കുള്ള ബഡ്ജറ്റ് വിഹിതം (രൂപ കോടിയിൽ) | | | | |
|---|---|---|---|---|
| തദ്ദേശ ഭരണ സ്ഥാപനം | പരമ്പരാഗത ചുമതല | റോഡ് ആസ്തികൾ | റോഡ് ഇതര ആസ്തികൾ | വികസനവും അഭിവൃദ്ധിപ്പെടുത്തലും |
| 1. കോർപ്പറേഷനുകൾ | 117.72 | 68.93 | 38.92 | 318.58 |
| 2. മുനിസിപ്പാലിറ്റികൾ | 83.96 | 83.96 | 50.01 | 408.58 |
| 3. ജില്ലാ പഞ്ചായത്തുകൾ | 25.76 | 23.03 | 73.84 | 532.66 |
| 4. ബ്ലോക്ക് പഞ്ചായത്തുകൾ | 36.48 | - | 50.80 | 532.66 |
| 5. ഗ്രാമപഞ്ചായത്തുകൾ | 636.23* | 552.67 | 257.91 | 2207.49 |

** 25 കോടിയുടെ ഗ്യാപ് ഫണ്ട് ഉൾപ്പെടെ*

*ലേഖകൻ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനിൽ, ഡെപ്യൂട്ടി ഡയറക്ടറാണ്*

പേജ് 11-ാം തുടർച്ച

നിലയ്ക്ക് ഏക്കറിന് 10,000 രൂപ നൽകുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കോഴി-താറാവ്-ടർക്കി-കാട-മുയൽ കൃഷി, മത്സ്യ കൃഷി, തേനീച്ച കൃഷി, കൂൺ കൃഷി, പുഷ്പ കൃഷി എന്നിവയിൽ ഏർപ്പെടുന്നവർക്ക് കൃഷി-മൃഗസംരക്ഷണ വകുപ്പുകളുടെ സാങ്കേതിക സഹായം ലഭ്യമാക്കും. ഓരോ പഞ്ചായത്തിലും 10 കൃഷിത്തോട്ടം എന്ന കണക്കിൽ 10,000 കൃഷിത്തോട്ടങ്ങൾ ആരംഭിക്കാൻ സഹായം നൽകും. മാതൃകാഹൈടെക് ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനായി ജില്ലയിൽ ഒന്ന് എന്ന കണക്കിൽ ഒരു ഗ്രാമത്തിന് മൂന്നു കോടി രൂപ വീതം മൊത്തം 42 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പഞ്ചായത്തുകളിൽ നിലവിലുള്ള ശ്മശാനങ്ങൾ നവീകരിച്ച് വാതക ഇന്ധനത്തിലേക്ക് മാറ്റുന്നതിനുള്ള ഒരു പദ്ധതി നടപ്പാക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി വാഗ്ദാനം ചെയ്യുന്നു. ഇതിന്റെ ഭാഗമായി ഓരോ പഞ്ചായത്തിലും ശ്മശാനം നിർമ്മിക്കുന്നതിനുള്ള ഗ്രാന്റ് 20 ലക്ഷം രൂപയായി വർധിപ്പിച്ചു. കൂടാതെ ഇതേ ആവശ്യത്തിന് കേരള ലോക്കൽ ഗവൺമെന്റ് സർവീസസ് ഡലിവറി പ്രോജക്ടിൽ നിന്ന് പരമാവധി 10 ലക്ഷം കൂടി വിനിയോഗിക്കാനും അനുമതി നല്കിയിട്ടുണ്ട്. ശ്മശാന നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കാൻ ഭൂമിയുടെ ഫെയർവാല്യുവിന്റെ 50% തുക കൂടി നൽകാവുന്നതാണ്. ഈ പ്രവർത്തനങ്ങൾക്കായി 5.5 കോടി രൂപയാണ് ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. കുടുംബശ്രീ, ജനശ്രീ, ഗൃഹശ്രീ തുടങ്ങിയ വനിതാ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ പ്ലാസ്റ്റിക് ശേഖരണവും സംസ്കരണവും നടത്തുന്ന ഒരു പദ്ധതി സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കും. ഇത്തരം സംഘങ്ങൾക്ക് 25 ലക്ഷം രൂപ വരെ ഈ സ്ഥാപനങ്ങൾ വഴി പലിശ രഹിത വായ്പയായി ലഭ്യമാക്കും. പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്ത് ലഭ്യമാക്കണം പഞ്ചായത്തു തലത്തിൽ കർഷകരോ കർഷക സംഘങ്ങളോ ഉത്പാദിപ്പിക്കുന്ന പച്ചക്കറികളും മറ്റ് ഉത്പന്നങ്ങളും, ഹോർട്ടികോർപ്പിന്റെ ബ്ലോക്ക് തലകേന്ദ്രങ്ങളിൽ ശേഖരിച്ച് ലേലം ചെയ്യുന്ന ഒരു പദ്ധതിയും നടപ്പാക്കുന്നതാണ്. എം.പി.മാരുടെ വികസന ഫണ്ട് ചെലവാക്കുന്നതിലെ ഗുരുതരകാലതാമസം ഒഴിവാക്കുന്നതിനായി തദ്ദേശസ്വയംഭരണവകുപ്പ് ബ്ലോക്കുതലത്തിൽ എഞ്ചിനീയറിംഗ്വിംഗ് രൂപീകരിക്കുന്നതാണ്.

ഓരോ ജില്ലയിലെയും ഒരു പഞ്ചായത്തിൽ ഒരു കലാഗ്രാമം സ്ഥാപിക്കുക എന്ന നൂതന പദ്ധതിക്ക് തുടക്കം കുറിക്കും. ഇതിനായി 1.4 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളുടെ എല്ലാ പണമിടപാടുകളും 2013-14 മുതൽ ഓൺലൈൻ രീതിയിലേക്ക് മാറ്റുമെന്ന് ധനകാര്യ മന്ത്രി പ്രഖ്യാപിച്ചു. ഗുണഭോക്താക്കൾക്ക് വിവധ ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴി ലഭ്യമാക്കും. ഗ്രാമങ്ങളിലെ അറവുശാലകളുടെ പരിഷ്കരണത്തിന് 5.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്തുകളുടെ ഗുണനിലവാരംമെച്ചപ്പെടുത്തുന്നതിന് ഓരോ ജില്ലയിലെയും തിരഞ്ഞെടുക്കപ്പെട്ട 10 പഞ്ചായത്തുകൾ വീതം ആദ്യഘട്ടത്തിൽ ഐ.എസ്.ഒ. അംഗീകാരം തേടും. ഇതിനായി 50 ലക്ഷം രൂപയാണ് വകയിരുത്തിയത്. ഈ വർഷം ഇന്റർനാഷണൽ മീറ്റ് ഓൺ ലോക്കൽ ഗവേണൻസ് എന്ന ആഗോള സമ്മേളനം കേരളത്തിൽ സംഘടിപ്പിക്കുമെന്ന പ്രഖ്യാപനവും ബഡ്ജറ്റ് പ്രസംഗത്തിൽ കെ.എം. മാണി നടത്തിയിട്ടുണ്ട്. കേരളത്തിന്റെ ജനാധിപത്യ വികേന്ദ്രീകരണം ലോകശ്രദ്ധ ആകർഷിച്ച ഒരു സവിശേഷ വികസന മാതൃകയാണെന്നും ഗ്രാമപഞ്ചായത്തുകൾ വികസിപ്പിക്കുന്നതിനായി താഴേത്തട്ടിൽ ധനലഭ്യത വർധിപ്പിക്കുന്ന നയം അഭംഗുരം തുടരുമെന്നും അദ്ദേഹം എടുത്തു പറഞ്ഞിരിക്കുന്നു. 17,000 കോടി രൂപ വാർഷിക പദ്ധതി അടങ്കലിൽ 4000 കോടി രൂപ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്. ഇത് 2012-13 ലെക്കാൾ 23.9% കൂടുതലാണെന്ന് ധനകാര്യ മന്ത്രി ചൂണ്ടിക്കാട്ടി.

**കേരളത്തിന്റെ ജനാധിപത്യവികേന്ദ്രീകരണം ലോകശ്രദ്ധ ആകർഷിച്ച ഒരു സവിശേഷ വികസന മാതൃകയാണെന്നും ഗ്രാമപഞ്ചായത്തുകൾ വികസിപ്പിക്കുന്നതിനായി താഴേത്തട്ടിൽ ധനലഭ്യത വർധിപ്പിക്കുന്ന നയം അഭംഗുരം തുടരുമെന്നും അദ്ദേഹം എടുത്തു പറഞ്ഞിരിക്കുന്നു. 17,000 കോടി രൂപ വാർഷിക പദ്ധതി അടങ്കലിൽ 4000 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്. ഇത് 2012 – 13ലെക്കാൾ 23.9% കൂടുതലാണെന്ന് ധനകാര്യ മന്ത്രി ചൂണ്ടിക്കാട്ടി.**

പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും വികസനോന്മുഖമാവുക എന്ന കാര്യത്തിൽ യു.ഡി.എഫ്. സർക്കാരിനുള്ള പ്രതിജ്ഞാബദ്ധതയാണ് ധനകാര്യ മന്ത്രി ശ്രീ. കെ.എം.മാണി 2013 മാർച്ച് 15ന് നിയമ സഭയിൽ അവതരിപ്പിച്ച 2013-14 ലെ ബഡ്ജറ്റ് വ്യക്തമാക്കുന്നത്. ■

*ലേഖകൻ റിട്ട. ഡെപ്യൂട്ടി ഡയറക്ടർ*
*ഐ & പി.ആർ.ഡി*





കെ.എ. മുജീബ്– വയനാട്

# ശ്രുതിതരംഗം സമാനതകളില്ലാത്ത ജീവകാരുണ്യം

"തിരുനാമകീർത്തനം
പാടുവാനല്ലെങ്കിൽ
നാവെനിക്കെന്തിനു നാഥാ
അപദാനമെപ്പോഴും
ആലപിച്ചില്ലെങ്കിൽ
അധരങ്ങളെന്തിനു നാഥാ"

**ജീവിതത്തിൽ ഒരിക്കൽ പോലും ഒന്നും സംസാരിക്കാത്ത പിഞ്ചോമനകളിൽ ഒരാളായ ശിഹാബുദിൻ തുടക്കത്തിൽ ഉദ്ധരിച്ച വരികൾ സ്വാഗതഗാനമായി ആലപിച്ചപ്പോൾ സഭയിലുണ്ടാരുന്ന മുഖ്യമന്ത്രിയുടെയും, മന്ത്രിമാരുടെയും എം.എൽ.എ. മാരുടെയും മറ്റും കണ്ണുകൾ ചാരിതാർത്ഥ്യത്തിൽ ഈറനണിയുന്നത് കാണാമായിരുന്നു.**

സാമൂഹ്യസുരക്ഷ മിഷൻ നടപ്പിലാക്കിയ ശ്രുതിതരംഗം കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിപ്രകാരം ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് പൂർണമായും കേൾവിശക്തി ലഭിക്കുന്ന പദ്ധതി നമ്മുടെ സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞു 0–5 വയസ്സുവരെയുള്ള ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് അഞ്ചരലക്ഷം രൂപ ചെലവ് വരുന്ന ചികിത്സ തികച്ചും സൗജന്യമാണ്. പ്രതിവർഷം 2 ലക്ഷം രൂപ വരെ കുടുംബ വരുമാനമുള്ള കുട്ടികൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നതാണ്.

അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരും സാങ്കേതിക വിദ്ഗ്ധരും അപേക്ഷയോടൊപ്പമുള്ള സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും അവരെ കേരളത്തിലെ വിവിധ ആശുപത്രികളിൽ ചികിത്സക്ക് വിധേയരാക്കുകയും ചെയ്യുന്നു.



റോയ് ചാക്കോ ഇളമണ്ണൂർ

വടക്കേന്ത്യയുടെ അതിശൈത്യകാലം ആരംഭിക്കുന്ന ഡിസംബറിന് രണ്ടാഴ്ചകൽക്കു മുൻപുള്ള ഒരു പ്രഭാതത്തിലാണ് ഞാൻ റിങ്ങ് റോഡിലെ പടിഞ്ഞാറൻ ഡൽഹിയിലുള്ള ജി.റ്റി. ബി. നഗറിൽ നിൽക്കുന്നത്. പ്രഭാതമായതിനാൽ നല്ല തണുപ്പുണ്ട്. ശൈത്യകാലമില്ലാത്ത കേരളത്തിൽ ജീവിക്കുന്ന എനിക്ക് ആ തണുപ്പു പോലും കൊടും തണുപ്പായി തോന്നി. അവിടത്തുകാർക്ക് ഇത് അവരുടെ ഏറ്റവും നല്ല സീസണാണ്. പകൽ 10 മണി വരെ തണുപ്പ്. പിന്നെ നട്ടുച്ചയ്ക്ക് 27°C ചൂടു മാത്രം വൈകിട്ട് 5 മണി മുതൽ വീണ്ടും ചെറിയ തണുപ്പ്. രാത്രി 10 മണിയാകുന്നതോടെ തണുപ്പന്റെ കാഠിന്യം വർദ്ധിക്കുന്നു. ആ ശൈത്യം പകൽ 10 മണി വരെ നില നിൽക്കുകയും ചെയ്യും. ഉത്തരേന്ത്യക്കാർ ഏറ്റവും ഇഷ്ട്ടപെടുന്ന കാലാവസ്ഥയാണിത്. നട്ടുച്ച നേരത്തും വിയർക്കാത്ത ഒരവസ്ഥ. തണുത്ത് വിറയ്ക്കേണ്ടതുമില്ല. എന്നാൽ ഡിസംബർ പകുതിയാകുമ്പോഴേയ്ക്കും ആകെയങ്ങ് മാറും പിന്നെ രണ്ടുമാസക്കാലം ഉത്തരേന്ത്യ കൊടും ശൈത്യത്തിന്റെ പിടിയിൽ. രാത്രി താപനില 3°C വരെ താഴും. നട്ടുച്ച നേരം സന്ധ്യ പോലെയാകും.

ഡൽഹിയുടെ ആ നല്ല കാലാവസ്ഥയിൽ മുഖവും കഴുത്തുമെല്ലാം മൂടി കണ്ണുമാത്രം കാണാവുന്ന രീതിയിലുള്ള കമ്പിളിത്തൊപ്പി ധരിച്ച് അന്യഗ്രഹത്തിൽ നിന്നും വന്ന ഒരപൂർവ ജീവിയെപ്പോലെ അതിരാവിലെ എന്റെ നില്പു കാണുന്ന ആർക്കും ഞാൻ ദക്ഷിണേന്ത്യക്കാരനാണെന്ന് ഒറ്റനോട്ടത്തിൽ മനസിലാകും. കാരണം, മറ്റാരും ഇത്തരം മുഖം മൂടി ആ സമയം വച്ചിട്ടില്ല.

ഡൽഹി നഗരത്തിൽ സമരങ്ങൾ നടക്കുമ്പോഴും പ്രതിഷേധ ധർണ്ണകൾ ഉണ്ടാകുമ്പോഴുമൊക്കെ ചില റൂട്ടുകളിൽ, പ്രത്യേകിച്ചും പാർലമെന്റിന് സമീപമുള്ള ചില റോഡുകളിൽ ഗതാഗതം വഴി തിരിച്ചു വിടുക പതിവാണ്. എന്നാൽ ഡൽഹിയിൽ സ്ത്രീകൾക്ക് സുരക്ഷിതത്വമില്ലായ്മ ഉണ്ടായതിൽ പ്രതിഷേധിച്ച് വൻ ജനകീയ സമരം രാഷ്ട്രപതി ഭവനു സമീപമുള്ള പ്രധാന

# മഹാനഗരിയുടെ സ്പന്ദനമായി മെട്രോ ട്രെയിൻ സർവ്വീസ്



**ഇന്ത്യയുടെ തലസ്ഥാനനഗരിയെക്കുറിച്ച് മുമ്പൊക്കെ ചിന്തിക്കുമ്പോൾ ഇന്ത്യാക്കാരിൽ കടന്നു വരുന്ന ചിത്രം റെഡ്ഫോർട്ട്, രാഷ്ട്രപതിഭവൻ, കുത്തബ്മിനാർ, പാർലമെന്റ് മന്ദിരം തുടങ്ങിയവയൊക്കെയായിരുന്നു. തുടർന്ന് ലോട്ടസ് ടെംപിളും അക്ഷർധാം ക്ഷേത്രവും ഒക്കെ അതിൽ സ്ഥാനം പിടിച്ചു. പിന്നീട് നഗരത്തിലെ കൂറ്റൻ ഫ്ളൈ ഓവറുകളും ശ്രദ്ധാകേന്ദ്രങ്ങളിലുൾപ്പെട്ടു.**



പാതയിൽ അരങ്ങേറിയപ്പോൾ മെട്രോ ട്രെയിൻ സർവീസുകൾ ചില റൂട്ടുകളിൽ റദ്ദാക്കിയതായി ഈയിടെ പത്രങ്ങളിൽ നാം വായിച്ചിരുന്നുവല്ലോ. ഇതിനു പ്രധാന കാരണം നഗരത്തിലെ പല ഭാഗങ്ങളിൽ നിന്ന് മെട്രോ ട്രെയിനുകളിൽ ആയിരക്കണക്കിന് സമരക്കാർ രാഷ്ട്രപതിഭവനു മുമ്പിൽ എത്തുന്നതു കൊണ്ടായിരുന്നു. അതായത് ഇന്ത്യയുടെ തലസ്ഥാനനഗരിയിൽ ജീവിതസ്പന്ദനമായി മാറിയിരിക്കുന്നു മെട്രോ ട്രെയിൻ സർവ്വീസ്.

ഇന്ത്യയുടെ തലസ്ഥാനനഗരിയെക്കുറിച്ച് മുമ്പൊക്കെ ചിന്തിക്കുമ്പോൾ ഇന്ത്യാക്കാരിൽ കടന്നു വരുന്ന ചിത്രം റെഡ്ഫോർട്ട്, രാഷ്ട്രപതിഭവൻ, കുത്തബ്മിനാർ, പാർലമെന്റ് മന്ദിരം തുടങ്ങിയവയൊക്കെയായിരുന്നു. തുടർന്ന് ലോട്ടസ് ടെംപിളും അക്ഷർധാം ക്ഷേത്രവും ഒക്കെ അതിൽ സ്ഥാനം പിടിച്ചു. പിന്നീട് നഗരത്തിലെ കൂറ്റൻ ഫ്ളൈ ഓവറുകളും ശ്രദ്ധാകേന്ദ്രങ്ങളിലുൾപ്പെട്ടു. നാലു റോഡുകൾ സംഗമിക്കുന്ന എല്ലാ ഇടങ്ങളിലും നല്ല വീതിയും ഒരു കിലോമീറ്ററിലേറെ നീളവുമുള്ള വലിയ ഫ്ളൈ ഓവറുകൾ നഗരത്തിൽ നിറഞ്ഞതോടെ മനോഹരമായ ഫ്ളൈഓവറുകളുടെ നഗരമായി ഡൽഹി. എന്നാൽ 1998 ഒക്ടോബർ 1 ന് ഈ നഗരത്തിൽ മെട്രോ റെയിൽ പാതയുടെ നിർമ്മാണം ആരംഭിച്ചതോടെ ജനശ്രദ്ധ അതിലായി. മലയാളിയായ ഇ. ശ്രീധരൻ ആയിരുന്നു ഡൽഹിയുടെ അഭിമാനകരമായ വികസനപദ്ധതിയായ മെട്രോ റെയിൽ കോർപ്പറേഷന്റെ അമരക്കാരൻ. ഏകദേശം 10 വർഷം മുമ്പാണ് കൃത്യമായി പറഞ്ഞാൽ 2002 ലെ ക്രിസ്മസ് നാളിലാണ് ഇന്ത്യയുടെ തലസ്ഥാനനഗരിയിൽ മെട്രോ ട്രെയിനുകൾ ഓടിത്തുടങ്ങിയത്. ഡൽഹിക്കു ലഭിച്ച 2002-ലെ ഈ ക്രിസ്മസ് സമ്മാനം ഈ മഹാരാജ്യത്തിൽ കഴിഞ്ഞ ദശകത്തിൽ ഉണ്ടായ വിപ്ലവകരമായ ഒരു വികസന പദ്ധതിയുടെ തുടക്കം കൂടിയായിരുന്നു അത്. തുടർന്ന് ഈ പദ്ധതിയുടെ ചെറിയ രൂപം ദക്ഷിണേന്ത്യയിലെ ബാംഗ്ലൂരിലുമെത്തി. ഡൽഹിയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ വളരെ ചെറുതെന്നു പറയാവുന്ന കൊച്ചിയിലും മെട്രോ ട്രെയിൻ സർവീസിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കമായിരിക്കുകയാണല്ലോ.

വെറും 1483 ചതുരശ്ര കിലോമീറ്റർ മാത്രം വിസ്തൃതിയുള്ള (അതായത് കേരളത്തിലെ ആലപ്പുഴ ജില്ലയെക്കാൾ അല്പം കൂടി മാത്രം വലുത്. ആലപ്പുഴ ജില്ലയുടെ വിസ്തൃതി 1256 ച.കി.മീ) ഡൽഹി സംസ്ഥാനത്ത് (ദേശീയ തലസ്ഥാന പ്രദേശം എന്നാണ് ഈ സംസ്ഥാനത്തെ ഔദ്യോഗികമായി അറിയപ്പെടുന്നത്) 200 കിലോമീറ്ററിലേറെ ദൂരത്തിൽ ഇപ്പോൾ മെട്രോ ട്രെയിൻ പാതയുണ്ട്. 135 മെട്രോ സ്റ്റേഷനുകളുണ്ട്. ഈ സ്റ്റേഷനുകളിൽ നിന്നായി എല്ലാ ദിവസവും 22 ലക്ഷത്തിലേറെ പേർ മെട്രോ ട്രെയിൻ സർവീസിൽ യാത്രക്കാരാകുന്നു. 6 റൂട്ടുകളിലാണ് ഇപ്പോൾ ട്രെയിൻ ഓടിക്കൊണ്ടിരിക്കുന്നത്. മെട്രോ ട്രെയിൻ യാത്രക്കാരുടെ എണ്ണത്തിൽ റെക്കോഡ് ഉണ്ടായത് 2013 ഫെബ്രുവരി 11-ാം തീയതിയാണ്. അന്ന് ഇരുപത്തിരണ്ടു ലക്ഷത്തി എൺപതിനായിരം പേർ ഡൽഹിയിലെ മെട്രോ ട്രെയിനുകളിൽ യാത്രക്കാരായി. ഒരു കോടി 67 ലക്ഷം ജനങ്ങളാണ് ഈ നഗരത്തിലുള്ളത്. കേരളത്തിന്റെ ഇരുപത്തിയാറിലൊന്ന് മാത്രം വലിപ്പമുള്ള ഡൽഹി സംസ്ഥാനത്ത് ഇത്രയും ജനങ്ങൾ താമസിക്കുന്നു എന്നു പറയുമ്പോൾ ഡൽഹിയിലെ ജനസാന്ദ്രത ദേശീയ ശരാശരിയുടെ മുപ്പത് മടങ്ങാണെന്നോർക്കണം. നമ്മുടെ രാജ്യത്ത് ഒരു. ച: കി.മീറ്ററിൽ 382 പേരാണ് താമസിക്കുന്നത്.



എന്നാൽ ഡൽഹയിലാകട്ടെ ഇത് 11297 ആണെന്നറിയുക. 200 ലേറെ ട്രെയിനുകൾ ഒരു ദിവസം ഈ നഗരത്തിലെ മെട്രോ റെയിൽപാതിയിലൂടെ അങ്ങോട്ടുമിങ്ങോട്ടും ഓടുന്നു. അതായത് 2600 ട്രിപ്പുകൾ. ഒരു ട്രെയിനിൽ ശരാശരി 6 കംപാർട്ട്മെന്റുകൾ ഉണ്ടാകും. ഒരു കംപാർട്ട്മെന്റിന് ഏകദേശം 7 കോടി രൂപയാണ് വില എന്നു കൂടി അറിയുക. മുംബൈയിലെ മെട്രോ ട്രെയിൻ സർവീസുകൾ ആ നഗരത്തിന്റെ ജീവനാഡി ആയതുപോലെ ഡൽഹി മഹാനഗരത്തിന്റെ സ്പന്ദനമായി മാറി മെട്രോ ട്രെയിൻ സർവീസുകൾ അപ്രകാരം അരക്കോടിയിലേറെ വാഹനങ്ങൾ നിത്യവും ഓടി നഗരത്തെ ശ്വാസം മുട്ടിച്ചുകൊണ്ടിരുന്ന അവസ്ഥയ്ക്ക് ചെറിയൊരു മാറ്റവുമുണ്ടായി. കാറുകളിൽ നിത്യവും ജോലിസ്ഥലത്തു പോയി വന്നുകൊണ്ടിരുന്നവരിൽ നല്ലൊരു ശതമാനം, മെട്രോ ട്രെയിനിലെ നിത്യയാത്രക്കാരായി. ഈ മഹാനഗരത്തിലൂടെ ട്രെയിൻ സർവീസ് ഇല്ലാതിരുന്ന സമയത്ത് റോഡുകൾ നിറഞ്ഞ് ഓടിക്കൊണ്ടിരുന്ന സ്വകാര്യബസുകളുടെ പെർമിറ്റെല്ലാം ഗവൺമെന്റ് പിൻവലിച്ചു. അപ്രകാരം ആയിരക്കണക്കിന് ബസുകൾക്ക് നഗരത്തിൽ ഓട്ടം എന്നെന്നേയ്ക്കുമായി അവസാനിപ്പിക്കേണ്ടി വന്നു. യാതൊരു ഭംഗിയുമില്ലാതെ, വൃത്തിയുമില്ലാതെ ഓടിക്കൊണ്ടിരുന്ന ഡൽഹി ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ബസുകൾക്കെല്ലാം 'റെഡ് സിഗ്നൽ' ലഭിച്ചു. അവയിൽ ഭൂരിഭാഗവും നഗരത്തിൽ നിന്ന് അപ്രത്യക്ഷമായി. പകരം എ.സി ലോ ഫ്ളോർ ബസുകളും നോൺ എ.സി ലോ ഫ്ളോർ ബസുകളും നഗരത്തിന് മനോഹാരിത പകർന്നുകൊണ്ട് ഓടിത്തുടങ്ങി. എന്നാൽ മെട്രോ ട്രെയിൻ സർവീസുകൾ കടന്നു ചെന്നിട്ടില്ലാത്ത മേഖലകളിൽ നിന്ന് ആ പ്രദേശങ്ങളിലൂടെ ഓടിക്കൊണ്ടിരുന്ന നൂറു കണക്കിന് ബസുകൾ അന്തരീക്ഷ മലിനീകരണത്തിന്റെയും നഗരത്തിലെ ഗതാഗതസ്തംഭനത്തിന്റെയും പേരിൽ പിൻവലിച്ചതോടെ ഈ പ്രദേശങ്ങളിൽ യാത്രാക്ലേശം വളരെ രൂക്ഷമായിരിക്കുകയാണ്. ഉദാഹരണമായി പണ്ട് ആർ.കെ. പുരം മേഖലയിൽ നിന്ന് ഡൽഹിയുടെ സിരാകേന്ദ്രമായ പാർലമെന്റ് ഹൗസ്, സെൻട്രൽ സെക്രട്ടറിയേറ്റ്, കൊണാട്ട് പ്ലേസ് പ്രദേശങ്ങളിലെത്തുവാൻ പരമാവധി മൂന്നോ നാലോ മിനിറ്റ് കാത്തു നിന്നാൽ മതിയായിരുന്നു. എന്നാൽ ഇപ്പോൾ ഞാനവിടെ ചെന്നപ്പോൾ ചില ദിവസങ്ങളിൽ 20 മിനിറ്റു വരെ കാത്തു നിന്നപ്പോഴാണ് ഈ റൂട്ടിലൊരു ബസ് കണ്ടത്. സ്വാഭാവികമായും ആ ബസുകളിലെല്ലാം നല്ല തിരക്കുമായിരുന്നു. ഇതുപോലെ പല പ്രദേശങ്ങളിലുള്ളവരും ഇപ്പോൾ ബസ് സർവീസിന്റെ അഭാവം മൂലമുള്ള ബുദ്ധിമുട്ടിലാണ്. അവർക്കെല്ലാം വർഷങ്ങൾക്കുള്ളിൽ തന്നെ അവരുടെ പ്രദേശങ്ങളിൽ നിന്നും മെട്രോ ട്രെയിനിൽ കയറാം. മെട്രോപാതകൾ 24 മണിക്കൂറും ഡൽഹിയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ നഗരത്തിനടിയിൽ നടക്കുന്ന റെയിൽ പണികൾ നഗരജീവിതത്തെ തടസ്സപ്പെടുത്തുന്നുമില്ല. എന്നു മാത്രമല്ല, തങ്ങൾ താമസിക്കുന്ന വീടിനടിയിൽ തുരങ്കത്തിലൂടെ മാസങ്ങൾക്കുള്ളിൽ ട്രെയിൻ ഓടുവാൻ വേണ്ടി പാളങ്ങൾ ഇട്ടുകൊണ്ടിരിക്കുകയാണ് എന്നൊന്നും നഗരവാസികൾ തിരക്കിനിടിൽ അറിയുന്നുമില്ല. എവിടെയൊക്കെയോ പണി നടക്കുന്നുണ്ട് എന്നു മാത്രം അവർക്കറിയാം. ■

**200 ലേറെ ട്രെയിനുകൾ ഒരു ദിവസം ഈ നഗരത്തിലെ മെട്രോ റെയിൽപാതിയിലൂടെ അങ്ങോട്ടുമിങ്ങോട്ടും ഓടുന്നു. അതായത് 2600 ട്രിപ്പുകൾ. ഒരു ട്രെയിനിൽ ശരാശരി 6 കംപാർട്ട്മെന്റുകൾ ഉണ്ടാകും. ഒരു കംപാർട്ട്മെന്റിന് ഏകദേശം 7 കോടി രൂപയാണ് വില എന്നുകൂടി അറിയുക.**



# പ്രകൃതിയിലെ ഓരോ ശബ്ദവും ഇനി ശ്രുതി തരംഗത്തിലൂടെ

*34-ൽ നിന്ന് തുടർച്ച*

**വാഗ്ദാനങ്ങളെക്കാൾ സാക്ഷാൽക്കാരമാണ് എനിക്കിഷ്ടം. സെക്രട്ടറിയേറ്റിലെ ദർബാർ ഹാളിൽ കോക്ലിയാർ ഇംപ്ലാന്റേഷനിലൂടെ കേഴ്‌വിശക്തി കൈവന്ന 100 പിഞ്ചുകുഞ്ഞുങ്ങളുടെ ഒത്തു ചേരലായിരുന്നു ഇത്. അന്ന് ദർബാർ ഹാളിൽ മുഴങ്ങിയ ഇവരുടെ കരച്ചിലുകൾക്ക് പോലും താളമുണ്ടായിരുന്നു. ഒരു ജീവതാളം...**

**ഡോ. എം.കെ. മുനീർ**
പഞ്ചായത്തു സാമൂഹ്യനീതി വകുപ്പുമന്ത്രി

കഴിഞ്ഞ വർഷം ആരംഭിച്ച പ്രസ്തുത പദ്ധതിയിൽ ചികിത്സ നേടി പൂർണ്ണമായും കേൾവിശക്തി ലഭിച്ച 100 കുട്ടികളുടെ സംഗമം 2013 ഫെബ്രുവരി 1 വെള്ളിയാഴ്ച സെക്രട്ടേറിയറ്റിലെ ദർബാർഹാളിൽ നടക്കുകയുണ്ടായി. ജീവിതത്തിൽ ഒരിക്കൽ പോലും ഒന്നും സംസാരിക്കാത്ത പിഞ്ചോമനകളിൽ ഒരാളായ ശിഹാബുദിൻ തുടക്കത്തിൽ ഉദ്ധരിച്ച വരികൾ സ്വാഗത ഗാനമായി ആലപിച്ചപ്പോൾ സഭയിലുണ്ടായിരുന്ന മുഖ്യമന്ത്രിയുടെയും, മന്ത്രിമാരുടെയും എം.എൽ.എ. മാരുടെയും മറ്റും കണ്ണുകൾ ചാരിതാർത്ഥ്യത്തിൽ ഈറനണിയുന്നത് കാണാമായിരുന്നു.



സംസാരത്തിന്റെയും കേൾവിയുടേയും ലോകം തങ്ങൾക്ക് അന്യമാണെന്ന് വിചാരിച്ചിരുന്ന 200-ൽ പരം കുരുന്നു ജിവീതങ്ങളേയാണ് ശബ്ദ-ശ്രവണ, വിസ്മയത്തിന്റെ അത്ഭുതലോകത്തേക്ക് കൈപിടിച്ചുയർത്തിയത്. തങ്ങൾക്ക് ജീവിതം നൽകിയ ദൈവത്തോടൊപ്പം സംസാരശ്രവണ ശേഷി നൽകുന്നതിന് സഹായിച്ച പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീറിനെ സ്നേഹംകൊണ്ട് പൊതിയുന്ന കാഴ്ച ഏവർക്കും ആത്മഹർഷം പകർന്ന് നൽകുന്നതായിരുന്നു.

അഞ്ചരലക്ഷം രൂപ ചെലവ് വരുന്ന ചികിത്സക്ക് സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഫണ്ടിനുപുറമെ, സ്റ്റാമ്പ് വിൽപനയിലൂടേയും സഹകാരികളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഉദാരമതികളിൽ നിന്നുമാണ് തുക കണ്ടെത്തുന്നത്. ചടങ്ങ് ഉദ്ഘാടനം ചെയ്ത് മുഖ്യമന്ത്രി- വൈകല്യം ഗർഭാവസ്ഥയിലും ബാല്യത്തിലും തിരിച്ചറിയുന്ന ടെക്നോളജി സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും ക്രമേണ താലൂക്ക് ആശുപത്രികളിലും നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചു.ഇതിനായി 40 കോടി രൂപ അനുവദിച്ചുകഴിഞ്ഞു.

വൈകല്യമില്ലാത്ത ഭാവിതലമുറകളാണ് സാമൂഹ്യനീതി വകുപ്പിന്റേയും ഗവൺമെന്റിന്റേയും ലക്ഷ്യമെന്ന് മന്ത്രി ഡോ.എം.കെ. മുനീർ വ്യക്തമാക്കി. ശ്രുതി തരംഗം പദ്ധതിക്ക് കലവറയില്ലാത്ത പിന്തുണ വ്യവസായ മന്ത്രിയും ധനമന്ത്രിയും ആരോഗ്യമന്ത്രിയും വാഗ്ദാനം ചെയ്തത് ചടങ്ങിൽ സംബന്ധിച്ച എല്ലാ മനുഷ്യ സ്നേഹികളേയും സന്തോഷിപ്പിക്കുന്നതായിരുന്നു.

"വാഗ്ദാനങ്ങളെക്കാൾ സാക്ഷാൽക്കാരമാണ് എനിക്കിഷ്ടം. സെക്രട്ടറിയേറ്റിലെ ദർബാർ ഹാളിൽ കോക്ലിയാർ ഇംപ്ലാന്റേഷനിലൂടെ കേഴ്‌വിശക്തി കൈവന്ന 100 പിഞ്ചുകുഞ്ഞുങ്ങളുടെ ഒത്തു ചേരലായിരുന്നു ഇത്. അന്ന് ദർബാർ ഹാളിൽ മുഴങ്ങിയ ഇവരുടെ കരച്ചിലുകൾക്ക് പോലും താളമുണ്ടായിരുന്നു. ഒരു ജീവതാളം......." ഡോ. എം.കെ. മൂനീർ.

അജിത് വെണ്ണിയൂർ



# ബാലവേല കേരളം നേരിടുന്ന പുതിയ വെല്ലുവിളികൾ

അടുത്തയിടെ ബാലവേലയെക്കുറിച്ച് തിരുവനന്തപുരത്തു നടന്ന ഒരു സെമിനാറിൽ ഒരു ന്യായാധിപൻ തന്റെ ഒരനുഭവം ഹൃദയസ്പൃക്കായി വരച്ചുകാട്ടി.

കുറ്റവാളികളായ കുട്ടികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് സർക്കാർ രൂപം നൽകിയിട്ടുള്ള ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ ചെയർമാൻ കൂടിയായിരുന്നു അദ്ദേഹം.

ഒരുദിവസം റെയിൽവേ പൊലീസ് പ്രാകൃതവേഷം ധരിച്ച ഹിന്ദി സംസാരിക്കുന്ന സുന്ദരനായ ഒരു കുട്ടിയെ അദ്ദേഹത്തിന്റെ മുന്നിൽ ഹാജരാക്കി. നിർത്താതെ കരയുകയായിരുന്നു ആ കുട്ടി.

മധുരപലഹാരങ്ങൾ നൽകിയും നല്ല വാക്കുകൾ പറഞ്ഞും ആ കുട്ടിയെ സാന്ത്വനിപ്പിക്കാൻ അദ്ദേഹം ആവുന്നത്ര ശ്രമിച്ചു. സാധിച്ചില്ല. ഒടുവിൽ അവിടെയുണ്ടായിരുന്നവരിലൊരാൾ ഒരു രണ്ടു രൂപ നാണയം വച്ചുനീട്ടി. അത് സന്തോഷത്തോടെ അവൻ എത്തിവാങ്ങി. പെട്ടെന്ന് കരച്ചിലടക്കി.

അങ്ങനെയാണ് ആ കുട്ടിയെ പരിശീലിപ്പിച്ചിരിക്കുന്നത്. എന്നാൽ അല്പസമയം കഴിഞ്ഞപ്പോൾ കുട്ടി പിന്നെയും കരയാൻ തുടങ്ങി ഇടുപ്പിൽ കൈയമർത്തിയാണ് ഇത്തവണ കരച്ചിൽ. വിശദമായി പരിശോധിച്ചപ്പോൾ തുടയിടുക്കിൽ ആഴത്തിലുള്ള മുറിവിൽ നിന്ന് പഴുപ്പും ചോരയും ഒലിക്കുന്നു. ഉടനെ എസ്.എ.റ്റി. ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സിച്ചു. ആ കുട്ടിയുടെ സംരക്ഷണം കോടതി ഏറ്റെടുത്തു. കാർഷിക കോളേജിലെ ഒരു പ്രൊഫസർ പിന്നീട് ദത്തെടുത്തു. ഇന്ന് നല്ലൊരു സ്കൂളിൽ ആ കുട്ടി പഠിക്കുന്നു. സൗഭാഗ്യങ്ങളോടെ ജീവിക്കുന്നു.

**ഒരുദിവസം റെയിൽവേ പൊലീസ് പ്രാകൃതവേഷം ധരിച്ച ഹിന്ദി സംസാരിക്കുന്ന സുന്ദരനായ ഒരു കുട്ടിയെ അദ്ദേഹത്തിന്റെ മുന്നിൽ ഹാജരാക്കി. നിർത്താതെ കരയുകയായിരുന്നു ആ കുട്ടി.**

**മധുരപലഹാരങ്ങൾ നൽകിയും നല്ല വാക്കുകൾ പറഞ്ഞും ആ കുട്ടിയെ സാന്ത്വനിപ്പിക്കാൻ അദ്ദേഹം ആവുന്നത്ര ശ്രമിച്ചു. സാധിച്ചില്ല. ഒടുവിൽ അവിടെയുണ്ടായിരുന്നവരിലൊരാൾ ഒരു രണ്ടു രൂപ നാണയം വച്ചുനീട്ടി. അത് സന്തോഷത്തോടെ അവൻ എത്തിവാങ്ങി. പെട്ടെന്ന് കരച്ചിലടക്കി.**



ഏതാണ്ട് ഇതുപോലെ തന്നെയാണ് പൂജ എന്ന് പേരിട്ട മറ്റൊരു പെൺകുട്ടിയുടെ കാര്യവും. ഉത്തരേന്ത്യക്കാരിയായ ആ ബാലഭിക്ഷക്കാരി ഇന്ന് സെക്രട്ടേറിയറ്റിലെ ഒരു അണ്ടർ സെക്രട്ടറിയുടെ ദത്തുപുത്രിയാണ്. ഇതുപോലെ ഒട്ടനേകം കുട്ടികളെ ക്രൂരമായ പീഡനങ്ങളിൽ നിന്നും ഭിക്ഷാടനത്തിൽ നിന്നും കരകയറ്റാൻ ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെയും ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെയും പ്രവർത്തനങ്ങളിലൂടെ സാധിച്ചിട്ടുണ്ട്. മാധ്യമങ്ങളും സന്നദ്ധ സംഘടനകളും സാമൂഹിക പ്രവർത്തകരും ആത്മാർത്ഥമായി സഹകരിച്ചതുകൊണ്ടാണ് ബാലഭിക്ഷാടന നിരോധനം ഒരുപരിധിവരെ ഇവിടെ ഫലപ്രദമായി നടപ്പാക്കാനായത്. ആത്മാർത്ഥതയും ശുഷ്കാന്തിയുമുണ്ടെങ്കിൽ ഏതു നിയമവും നടപ്പാക്കാനാവുമെന്ന് അത് തെളിയിച്ചു. എന്നാൽ മിക്ക കാര്യങ്ങളിലും നിയമങ്ങൾ നടപ്പാക്കാനാവാതെ പോകുന്നത്, എന്തുകണ്ടാലും പ്രതികരിക്കാത്ത ജനങ്ങളുടേയും ഉദ്യോഗസ്ഥരുടേയും നിഷേധാത്മക മനോഭാവം മൂലമാണ്.

കേന്ദ്രസർക്കാർ കുറച്ചുകാലം മുമ്പ് ഹോട്ടലുകളടക്കം ഏതു സ്ഥലത്തും 14 വയസ്സിൽ താഴെയുള്ള കുട്ടികൾ പണിയെടുക്കുന്നത് നിയമം മൂലം 'ബാലവേല'യാക്കി പ്രഖ്യാപിച്ചു. നിരോധനം നടപ്പാക്കാൻ ഉദ്യോഗസ്ഥർ മുന്നിട്ടിറങ്ങി. ഹോട്ടലുകളിൽ റെയ്ഡ് നടത്തി. കുട്ടികളേയും ഉടമസ്ഥരേയും ജുവനൈൽ ജസ്റ്റിസ് ബോർഡിനു മുന്നിൽ ഹാജരാക്കി. ഈ കുട്ടികളെ എന്തു ചെയ്യും എന്നതായി പ്രശ്നം.

കുട്ടികൾക്ക് ആഹാരം വേണം. അഭയസ്ഥാനം വേണം. സംരക്ഷണം വേണം. ഹോട്ടലുകളിൽ ആഹാരമുണ്ട്. കിടക്കാനിടമുണ്ട്. അവിടെ നിന്നിറക്കിയിട്ട് അവരെ സംരക്ഷിക്കുന്നതെങ്ങനെയാണ്? അതിനുള്ള സംവിധാനമൊരുക്കാതെ എങ്ങനെ നടപടി സ്വീകരിക്കാനാവും? ഇന്ന് അതിനുള്ള സൗകര്യങ്ങൾ വളരെ പരിമിതമാണ്.

ഇന്ത്യൻ പീനൽ കോഡിലെ 363 (എ)വകുപ്പു പ്രകാരം (1953) കുട്ടികളെക്കൊണ്ട് ഭിക്ഷയെടുപ്പിക്കുന്നത് വലിയ കുറ്റമാണ്. 10 വർഷം വരെ തടവാണ് ശിക്ഷ. എന്നാൽ ഏതെങ്കിലും ഒരു കോടതി ഈ വകുപ്പു പ്രകാരം ഒരാളെയെങ്കിലും ശിക്ഷിച്ചതായി കേട്ടിട്ടില്ല. നിയമം ഉണ്ടാക്കുമ്പോൾ അത് എങ്ങനെ നടപ്പാക്കണം. അതിന് എന്തൊക്കെ വേണം എന്നുകൂടി ചിന്തിക്കണം.

പ്രശ്നബാധിതരായ കുട്ടികളെ ജൂവനൈൽ ജസ്റ്റിസ് ആക്ട് രണ്ടായി തിരിച്ചിട്ടുണ്ട്.

1. കുറ്റം ചെയ്യുന്ന കുട്ടികൾ
2. സംരക്ഷണം ആവശ്യമുള്ള കുട്ടികൾ

അന്യസംസ്ഥാനക്കാരായ കുട്ടികളെ അവരുടെ നാട്ടിലേക്ക് തിരിച്ചയയ്ക്കണമെന്നാണ് നിയമം അനുശാസിക്കുന്നത്.

കോവളത്തുനിന്ന് ബീഹാറുകാരായ പത്തു കുട്ടികളെ ഉദ്യോഗസ്ഥർ പിടികൂടി. കഞ്ചാവു കച്ചവടത്തിനും അനാശാസ്യ പ്രവർത്തനങ്ങൾക്കുമായി ഇവരെ ബീമാ പള്ളിയിലെ ഒരു അധോലോക സംഘം ഉപയോഗിച്ചുവരികയായിരുന്നു. കൃത്യമായ വിവരം ലഭിച്ചുവെങ്കിലും ബീമാപള്ളിയിൽ നിന്ന് കുറ്റവാളികളെ പിടികൂടാൻ ഉദ്യോഗസ്ഥർ തയ്യാറായില്ല. ഭയം ആയിരുന്നുവത്രെ കാരണം. കോടതി ഇടപെട്ട് സർക്കാർ ചെലവിൽ കുട്ടികളെ നാട്ടിലേക്ക് അയച്ചു. മൂന്നുമാസം കഴിഞ്ഞപ്പോൾ ഇതേ കുട്ടികളെ പഴയ സ്ഥലത്തു നിന്ന് വീണ്ടും പിടികൂടി. ചില രക്ഷിതാക്കളുമൊത്താണ് അവർ വീണ്ടും വന്നത്. രക്ഷിതാക്കൾ തന്നെ കുട്ടികളെക്കൊണ്ട് പണിയെടുപ്പിച്ച് ആ പണം കൊണ്ട് ജീവിക്കുന്ന അവസ്ഥ. കഠിനമായ ദാരിദ്ര്യവും പട്ടിണിയും ദുരിതങ്ങളുമാണ് അവരെ വീണ്ടും ഇവിടെ എത്തിച്ചത്. അവർക്ക് ഇവിടം സ്വർഗ്ഗമാണ്.



**കുട്ടികൾക്ക് ആഹാരം വേണം. അഭയസ്ഥാനം വേണം. സംരക്ഷണം വേണം. ഹോട്ടലുകളിൽ ആഹാരമുണ്ട്. കിടക്കാനിടമുണ്ട്. അവിടെ നിന്നിറക്കിയിട്ട് അവരെ സംരക്ഷിക്കുന്നതെങ്ങനെയാണ്? അതിനുള്ള സംവിധാനമൊരുക്കാതെ എങ്ങനെ നടപടി സ്വീകരിക്കാനാവും? ഇന്ന് അതിനുള്ള സൗകര്യങ്ങൾ വളരെ പരിമിതമാണ്.**

ബാലവേല നിർമാർജനം എങ്ങനെയാണ് നടപ്പാക്കാനാവുക? 6 നും 14 നും മധ്യേ പ്രായമുള്ള എല്ലാവർക്കും നിർബന്ധിതവും സാർവത്രികവുമായ വിദ്യാഭ്യാസം ലഭ്യമാക്കണ മെന്ന് ഭരണഘടന നിഷ്കർഷിക്കുന്നു. അത് കൃത്യമായി നടപ്പാക്കിയാൽ തന്നെ ബാലവേല നിർമ്മാർജനത്തിലെ ആദ്യ കടമ്പ തരണം ചെയ്യാനാവും.

സാക്ഷരതയിലും വിദ്യാഭ്യാസത്തിലും മുന്നിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനത്തു പോലും സ്കൂളിൽ പോകാത്ത കുട്ടികൾ ഇപ്പോഴും ധാരാളമുണ്ട്. അപ്പോൾ മറ്റു സംസ്ഥാനങ്ങളുടെ സ്ഥിതി ഊഹിക്കാവുന്നതേയുള്ളു. കുട്ടികൾക്ക് ആഹാരം, പാർപ്പിടം തുടങ്ങിയ അടിസ്ഥാനാവശ്യങ്ങൾ ഉറപ്പാക്കിയാൽ മാത്രമേ അവരെ ഫലപ്രദമായി സ്കൂളിലെത്തിക്കാൻ കഴിയൂ. ഈയിടെ തമിഴ്നാട്ടിൽ നിന്ന് തിരുവനന്തപുരത്തേക്കുള്ള ട്രെയിനിൽ ഭിക്ഷാടനം നടത്തിയതിന് ഒരു കുട്ടിയേയും ഒപ്പം ഉണ്ടായിരുന്നയാളെയും പൊലീസ് പിടികൂടി കോടതിയിലെത്തിച്ചു. ചോദ്യം ചെയ്തപ്പോഴാണ് മനസ്സിലായത്; കുട്ടി അയാളുടെ സഹോദരന്റെ മകൻ. കുട്ടിയുടെ ജ്യേഷ്ഠത്തി മെഡിസിന് പഠിക്കുന്നു. കുട്ടിയുടെ പഠന ചെലവ് വഹിക്കുന്നത് ട്രെയിനിൽ പാട്ടുപാടി കുട്ടിയെ കൊണ്ട് ഭിക്ഷയെടുപ്പിക്കുന്ന ഈ പിതൃസഹോദരൻ. ഇയാൾ അവിവാഹിതനാണ്. ഇവർ ഭിക്ഷയെടുത്തു കിട്ടുന്ന പണംകൊണ്ടാണ് വീടു പുലരുന്നതും മൂത്തകുട്ടി പഠിക്കുന്നതും. ഈ അവസ്ഥ മാറിയാലേ ബാലഭിക്ഷാടനം ഫലപ്രദമായി നടപ്പാക്കാനാവൂ.

സന്നദ്ധ സംഘടനകൾ നടത്തുന്ന ചില സ്ഥാപനങ്ങൾ ബാലഭിക്ഷാടനം കുറച്ചു കൊണ്ടുവരുന്നതിൽ മികച്ച സംഭാവനകൾ ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം കുട്ടികളെ ഉപയോഗിച്ച് വ്യാപാരം നടത്തുന്നവരുമുണ്ട്. കുറച്ചു കാലം മുമ്പ് ഒരു അനാഥാലയത്തിൽ നിന്ന് 12 പെൺകുട്ടികളെയും അനാഥാലയ നടത്തിപ്പുകാരെയും പൊലീസ് പിടികൂടി കോടതിയിലെത്തിച്ചു.

കുട്ടികൾക്ക് വീടറിയില്ല. നാടറിയില്ല. ഒരു പുരുഷന്റെയും സ്ത്രീയുടെയും പേര് അച്ഛനമ്മമാരുടെ സ്ഥാനത്ത് എഴുതി സ്കൂളിൽ ചേർത്തിരിക്കുന്നു. ഇടയ്ക്കിടെ തമിഴ്നാട്ടിൽ നിന്ന് ഒരാൾ വരും. അത്യാവശ്യചെലവുകൾക്ക് കുറച്ച് പണം കൊടുക്കും. കൂടുതൽ അന്വേഷിച്ചപ്പോഴാണ് അറിഞ്ഞത് ഇവരുടെ പേരിൽ അമേരിക്കയിൽ നിന്ന് അയാൾ വൻതോതിൽ പണം വരുത്തുന്നു. ഇതും ഒരു വ്യാപാരം.

കേരളത്തിലെ സാക്ഷരത, സമൂഹത്തിന്റെ പ്രത്യേകത ഇവയൊക്കെ കണക്കിലെടുക്കുമ്പോൾ ബാലവേല നിർമാർജനം നമ്മുടെ സമൂഹത്തിന്റെ പൊതുധാരണയായി രൂപപ്പെട്ടു വന്നിട്ടുണ്ട്. എന്നാൽ പുനരധിവാസം വലിയൊരു പ്രശ്നമായി അവശേഷിക്കുന്നു.

കേരള സർവകലാശാല ഒരു വർഷം മുമ്പ് നടത്തിയ പഠനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ ശ്രദ്ധേയമാണ്. തമിഴ്നാട്ടിൽ നിന്ന് സീസൺ ടിക്കറ്റെടുത്ത് കേരളത്തിൽ ഭിക്ഷാടനത്തിനെത്തി തിരിച്ചുപോകുമ്പോൾ ഇവിടെ ഗസറ്റഡ് ഓഫീസർ വാങ്ങുന്ന ശമ്പളത്തെക്കാൾ കൂടുതൽ നേടുന്നുവത്രെ.

ബാലഭിക്ഷാടനം, ബാലവേല, ബാലവ്യഭിചാരം എന്നിവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ബാലവേല നിരോധനം എത്ര പ്രധാനമാണോ അത്ര തന്നെ പ്രാധാന്യമുള്ളതാണ് അവരുടെ പുനരധിവാസവും.

2006 സെപ്തംബർ 10 നാണ് ഇന്ത്യയിലെല്ലായിടത്തും ബാലവേല നിരോധിച്ചത്. അതിനായി കേരളത്തിൽ രൂപീകരിച്ച സ്ക്വാഡിന്റെ പ്രവർത്തനഫലമായി ഒട്ടേറെ കുട്ടികളെ മോചിപ്പിക്കാനായി. പക്ഷേ പുനരധിവാസം എത്രത്തോളം നടന്നു എന്ന് ആർക്കും തീർച്ചയില്ല. വിവിധ വകുപ്പുകളുടെ സംയോജിത പ്രവർത്തനത്തിലൂടെ മാത്രമേ അത് ഫലപ്രദമാവൂ. ■

(തുടരും)

*ലേഖകൻ കുടുംബശ്രീ മിഷനിൽ*
*പി.ആർ.ഒ. ആണ്*



# വാർത്തകളും വിശേഷങ്ങളും

## നികുതി പിരിവ് പൂമംഗലം മാതൃക

2012-13 സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് തന്നെ എല്ലാ നികുതികളും പിരിച്ചെടുത്ത് തൃശ്ശൂർ ജില്ലയിലെ പൂമംഗലം ഗ്രാമപഞ്ചായത്ത് മാതൃകയായി.

## സാമ്പത്തിക വർഷാരംഭത്തിൽ പദ്ധതി നിർവ്വഹണം ആരംഭിച്ചു.

കേരളത്തിൽ ആദ്യമായി ഒൻപതോളം തദ്ദേശഭരണ സ്ഥാപനങ്ങൾ ഏപ്രിൽ ഒന്നിന് വാർഷിക പദ്ധതി നിർവ്വഹണം ആരംഭിച്ചു. മലപ്പുറം ജില്ലയിലെ പുലാമന്തോൾ, ആനക്കയം, അങ്ങാടിപ്പുറം എടരിക്കോട്, പോത്തുകൽ, ഊരകം, ആലപ്പുഴ ജില്ലയിലെ മുതുകുളം, മുട്ടാർ, എന്നീ ഗ്രാമ പഞ്ചായത്തുകളും വെളിയനാട് ബ്ലോക്ക് പഞ്ചായത്തുമാണ് ചരിത്രപരമായ നേട്ടം കാഴ്ചവച്ചത്.

## തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

പദ്ധതി നിർവ്വഹണം കൂടുതലായി നടക്കേണ്ട ഈ സാമ്പത്തിക വർഷത്തെ (2012-13) അവസാന പ്രവൃത്തി ദിവസങ്ങൾ പൊതു അവധിയും ബാങ്ക് അവധിയുമായി മാറിയ സാഹചര്യത്തിൽ പദ്ധതി നിർവ്വഹണം സുഗമമാക്കാൻ 60% എങ്കിലും ചെലവഴിച്ച ത്രിതലപഞ്ചായത്തുകളുടെയും നഗരസഭകളുടെയും പദ്ധതികൾക്ക് ബാക്കി തുകയ്ക്കുള്ള പ്രവർത്തികൾ അടുത്ത സാമ്പത്തിക വർഷം (2013-14) ചെലവാക്കാൻ പ്രത്യേക അനുവാദം നൽകി ഉത്തരവായി. സ.ഉ (എം.എസ്)നം. 134/2013/തസ്വഭവ തീയതി: തിരുവനന്തപുരം 30/03/2013

## അംഗീകൃത ഏജൻസികളുടേയും അക്രഡിറ്റേഡ് ഏജൻസികളുടേയും സേവനം ഉപയോഗപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചില പ്രത്യേക സാഹചര്യങ്ങളിൽ അംഗീകൃത/അക്രഡിറ്റേഡ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതായി വരും. അങ്ങനെ ഉപയോഗപ്പെടുത്തുന്നതിന് വ്യക്തമായ മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും അനിവാര്യമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ട സാഹചര്യത്തിൽ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം അംഗീകൃത ഏജൻസികളുടെയും അക്രഡിറ്റേഡ് ഏജൻസികളുടേയും സേവനം ഉപയോഗപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ (എൻ.ജി.ഒ നയം) അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ (എം.എസ്)നം. 133/2013/തസ്വഭവ തീയതി: തിരുവനന്തപുരം 30/03/2013

## സോഫ്റ്റ് വെയർ വികസനവും വിന്യാസവും – മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചു.

ഇൻഫർമേഷൻ കേരള മിഷൻ ഇതിനോടകം വികസിപ്പിച്ചിട്ടുള്ളതും തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ചിട്ടുള്ളതുമായ സോഫ്റ്റ്‌വെയറുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഉപയോഗിക്കണമെന്നും ഏതെങ്കിലും ആവശ്യത്തിനായി ഇതിനോടകം സോഫ്റ്റ് വെയർ വികസിപ്പിച്ച് വിന്യസിച്ചിട്ടുണ്ടെങ്കിൽ അതേ ആവശ്യത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വീണ്ടും സോഫ്റ്റ് വെയർ വികസിപ്പിക്കാൻ പാടില്ലായെന്നും ഏതെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനം സോഫ്റ്റ് വെയർ വികസിപ്പിക്കാൻ തീരുമാനിക്കുകയാണെങ്കിൽ പ്രസ്തുത സോഫ്റ്റ് വെയർ വിന്യസിക്കുന്നതിന് മുമ്പ് അതിനുള്ള പ്രൊപ്പോസൽ സൂക്ഷ്മ പരിശോധനയ്ക്കും അഭിപ്രായത്തിനുമായി സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്നും ഇത്തരത്തിൽ പ്രൊപ്പോസൽ ലഭിക്കുകയാണെങ്കിൽ അവയുടെ ആവശ്യകത, നടപ്പിലാക്കുന്നതിനുള്ള ചെലവ് എന്നിവ സംബന്ധിച്ച് വിവര സാങ്കേതിക വിദ്യാ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞ ശേഷം വിശദമായ പരിശോധന നടത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുയോജ്യമായ ഉപദേശം നൽകാവുന്നതാണെന്നും സർക്കുലറിൽ പറയുന്നു. (സർക്കുലർ നമ്പർ- 71639/ഐ.ബി1/2012 തസ്വഭവ തീയതി: 11/03/2013).

## വാർഷിക പദ്ധതി ഉത്തരവ് പുറപ്പെടുവിച്ചു.

ഒന്നാം വാർഷിക പദ്ധതി (2012-13) അന്തിമമാക്കുന്നതിനും രണ്ടാം വാർഷിക പദ്ധതി (2013-14) തയ്യാറാക്കുന്നതിനും മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചു. സ.ഉ (എം.എസ്)നം. 146/2013/തസ്വഭവ തീയതി: 09/04/2013

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

**Edited and Published by S. Lalithambika IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033 and Printed for GLM at Akshara Offset, Thiruvananthapuram.**







## ഗ്രാമ നഗര ഭരണത്തിന്റെ നേർക്കാഴ്ചകളുമായി

# പഞ്ചായത്ത്‌രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

## വായിക്കുക വരിക്കാരാകുക

### പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.


വിലാസം:

എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033

**PANCHAYATRAJ** (Monthly) February 2013
Annual Subscription ₹120/-
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

ammini
partnering with tomorrow

# കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് 2012
# അമ്മിണി എനർജി സിസ്റ്റംസിന്



മികച്ച ഊർജ്ജ സംരക്ഷണ ഉത്പന്നങ്ങളുടെ നിർമ്മാതാക്കൾക്കുള്ള 2012 ലെ സംസ്ഥാന അവാർഡ് അമ്മിണി എനർജി സിസ്റ്റംസ് മാനേജിംഗ് ഡയറക്ടർ ശ്രീ. കെ.ജി. മധു ബഹു. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയിൽ നിന്നും സ്വീകരിക്കുന്നു.



BIS CERTIFIED

## ലൈട്രോൺ
CFL വഴിവിളക്കുകൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്കായി പ്രത്യേക വിഭാഗം
കൂടുതൽ വിവരങ്ങൾക്ക്:
1800 300 00 600 (Toll free)
0471-3060 200 (Call Centre)

## The brightest range of Solar & Energy Conservation Lighting Products

- സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം
- സോളാർ സ്ട്രീറ്റ് ലൈറ്റിംഗ് സിസ്റ്റം
- സോളാർ ലാന്റേൺ (MNRE Approved)
- CFL സ്ട്രീറ്റ്ലൈറ്റുകൾ (ISI Marked)
- LED സ്ട്രീറ്റ്ലൈറ്റുകൾ (ERTL Certified)

ലൈറ്റിംഗ് രംഗത്ത് 18 വർഷത്തെ സേവന പാരമ്പര്യം

STQC Certification QMS
MGMT. SYS. RvA C 286
ISO 9001: 2008
ONICRA We Secure Trust
NSIC - ONICRA CREDIT RATED:SE1B
एन. एस. आई. सी
NSIC
ISO 9001 : 2008
REGISTERED
SIDCO REGISTERED

## അമ്മിണി എനർജി സിസ്റ്റംസ്
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാപ്പനംകോട്,
തിരുവനന്തപുരം – 695 019
ഫോൺ: 0471-3060200 ഫാക്സ്: 3060201
മാനേജർ-സെയിൽസ്: 9387160200
ഇ–മെയിൽ: mail@ammini.com

CONTACT : 1800 300 00 600 (TOLL FREE) or 0471-3060200 (Call Centre)

Printed & Published by S. Lalithambika IAS, Director, Dept. of Panchayats on behalf of Govt. of Kerala and Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: S. Lalithambika IAS